KOTTAYAM PUBLIC LIBRARY

Call No MA2 Acc. No. 33492

Author കേരളസാഹിത്യ അക്കാദമി

Title ദൂതവാക്യം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# ദൂതവാക്യം

KOTTAYAM PUBLIC LIBR[ARY]
KOTTAYAM

NATIONAL BOOK STALL
SPCS LTD.
BR: KOTTAYAM

*Sree Rama Varma Grandhavali*

# DUTAVAKYAM

## (NATAKAM BHASHA)

PROSE

*Book of the Erstwhile Malayalam Improvement Committee.*

Published by
THE KERALA SAHITYA AKADEMI
MALAYALAM LITERATURE FUND

*Second Impression, September 1967*
*Copies one Thousand.*

PRINTED AT
THE GEETHA PRESS,
TRICHUR-1.

*(Rights held by the Kerala Sahitya Akademi*
*Malayalam Literature Fund)*

**Price Rs. 1—50**

ശ്രീരാമവർമ്മഗ്രന്ഥാവലി

# ദൂതവാക്യം

നാടകം ഭാഷ

(ഗദ്യം) 33492.

കേരള സാഹിത്യ അക്കാദമിയിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന
മുൻകൊച്ചി ഭാഷാപരിഷ്ക്കരണക്കമ്മിററിവക ഗ്രന്ഥം

പകർപ്പവകാശം കേരളസാഹിത്യ അക്കാദമി
മലയാളസാഹിത്യ നിധിക്കു്.

വില: ഒന്നരരൂപ

1967

രണ്ടാംപതിപ്പ്:

കോപ്പി ആയിരം.


തൃശ്ശിവപേരൂർ

ഗീതാ പ്രസ്സിൽ അച്ചടിച്ചതു്.

KOTTAYAM PUBLIC LIBRARY KOTTAYAM
33492

# അവതാരിക

'ദൂതവാക്യം' 'ഭാസോ ഹാസഃ' എന്നു പ്രസന്നരാഘവകാരനായ ജയദേവൻ വൎണ്ണിച്ചിട്ടുള്ളപ്രകാരം കവിതാകാമിനിയുടെ മന്ദഹാസമെന്നു വിഖ്യാതനും കാളിദാസൎക്കുപോലും ബഹുമാന്യനുമായ ഭാസമഹാകവിയുടെ നിബന്ധങ്ങളിൽ ഒന്നാണെന്നു ചില പണ്ഡിതന്മാർ ഊഹിക്കുന്ന ഒരു രൂപകമാകുന്നു. പ്രസ്തുതനിബന്ധം ഭാസകൃതിയാണെന്നുള്ള വാദം യുക്തിയുക്തമാണെങ്കിലും അല്ലെങ്കിലും* അതു് അത്യന്തം പ്രാചീനമായ ഒരു രൂപകമാണെന്നുള്ളതിനെപ്പററി ആൎക്കുംതന്നെ വിപ്രതിപത്തിക്കു് അവകാശമില്ല.

കൌരവസഭയിലേയ്ക്കു പാണ്ഡവന്മാരുടെ ദൂതനായി ഇരുകൂട്ടരും തമ്മിൽ ഒരു സന്ധിയുണ്ടാക്കുന്നതിനുവേണ്ടി എഴുന്നള്ളിയ ശ്രീകൃഷ്ണഭഗവാന്റെ വാക്യം ഇതിൽ പ്രധാനമാകയാലാണു് ഇതിനു ദൂതവാക്യം എന്ന പേർ സിദ്ധിച്ചതു്. മഹാഭാരതം ഉദ്യോഗപൎവ്വത്തിന്റെ ഒരുഠപ്പിരിവായ ഭഗവദ്യാനപൎവ്വത്തിൽ അടങ്ങിയ ഈ കഥ ഇതിവൃത്തമായി സ്വീകരിച്ചിട്ടുള്ള ഗ്രന്ഥകാരന്മാർ എല്ലാവരും പ്രായേണ അവരുടെ കൃതികളെ 'ദൂതവാക്യം' എന്നുതന്നെയാണു് നാമകരണം ചെയ്തിട്ടുള്ളതു്. മേല്പ്പുത്തൂർ നാരായണഭട്ടതിരിയുടെ 'ദൂതവാക്യം' ചമ്പു സുപ്രസിദ്ധമാണല്ലോ.

---

* ഈ വാദത്തിൽ ഇവിടെ പ്രവേശിക്കുന്നില്ല.

സംസ്കൃതസാഹിത്യത്തിൽ പ്രസിദ്ധിയെ പ്രാപിച്ചിട്ടുള്ള വിവിധരൂപങ്ങളായ രൂപകങ്ങളിൽ 'വ്യായോഗം' എന്ന ഗണത്തിലോ അതോ 'വീഥി' എന്ന ഗണത്തിലോ ദൂതവാക്യത്തെ ഉൾപ്പെടുത്തേണ്ടതെന്നതിനെക്കുറിച്ചു വിദ്വാന്മാരുടെ ഇടയിൽ വിവാദമുണ്ട്. ഈ രണ്ടുതരം രൂപകങ്ങൾക്കും തമ്മിൽ നായകഭേദം, രസഭേദം മുതലായവയെ ആസ്പദമാക്കിയാണ് വ്യത്യാസം കല്പിച്ചിരിക്കുന്നതു്. ദൂതവാക്യത്തിൽ നായകൻ സുയോധനനാണെന്നു വാദിക്കുന്നവർ അതു വ്യായോഗമെന്നും ശ്രീകൃഷ്ണനാണെന്നു വാദിക്കുന്നവർ വീഥിയെന്നും അഭിപ്രായപ്പെടുന്നു.

"സർവ്വരസലക്ഷണാഢ്യാ
യുക്താ ഹ്യംഗൈസ്ത്രയോദശഭിഃ
വീഥീ സ്യാദേകാങ്കാ
തഥൈകഹാര്യ്യാ ദ്വിഹാര്യ്യാ വാ"

അതായതു് എല്ലാ രസങ്ങളും കാണുന്നതും പതിമ്മൂന്നു് അംഗങ്ങളോടുകൂടിയതും ഏകാങ്കവും ഒന്നോ അഥവാ രണ്ടോ പാത്രങ്ങളെക്കൊണ്ടു കഥ നിർവ്വഹിക്കുന്നതുമാണ് വീഥി എന്നു ഭരതമുനി വീഥിക്കു ചില സാമാന്യലക്ഷണങ്ങൾ കല്പിച്ചിട്ടുണ്ടെങ്കിലും അവയുടെ സ്വരൂപം ഒന്നുകൂടി വ്യക്തമാക്കി അനന്തരകാലങ്ങളിൽ ജീവിച്ചിരുന്ന ആലങ്കാരികന്മാർ പലതും പ്രസ്താവിച്ചിട്ടുണ്ടു്.

"വീഥീ തു കൈശികീവൃത്തൌ
സന്ധ്യംഗാന്യങ്കെസ്തു ഭാണവൽ
രസസ്സൂച്യസ്തു ശൃംഗാരഃ
സ്പൃശേദപി രസാന്തരം.

യുക്താ പ്രസ്താവനാഖ്യാതൈ–
രംഗൈരുദ്ഘാത്യകാദിഭിഃ
ഏവം വീഥീ വിധാതവ്യാ
ദ്വേകപാത്രപ്രയോജിതാ''

എന്നു ദശരൂപകത്തിൽ ധനഞ്ജയനും

''മുഖനിർവ്വഹണേ സന്ധീ
വീഥ്യാം വൃത്തിസ്തു കൈശികീ
ദ്വാഭ്യാം പ്രയോജ്യാ പാത്രാഭ്യാം
കച്ചിദേകേന വാ ഭവേൽ.

അംഗീ സർവ്വരസസ്പർശീ
ശൃംഗാരോസ്യാഃ പ്രധാനതഃ
യുക്താ ലാസ്യാംഗവീഥ്യംഗൈ–
സ്സമുദ്ഘാത്യകാദിഭിഃ
ഭവേയുർവ്വാ ന വേത്യസ്യാം
ലാസ്യാംഗാന്യാഹ കോഹലഃ
വീഥ്യാം ശൃംഗാരരൂപതാ–
ദിധേയാനീതി ഭോജരാട്.

ഏകാങ്കൈവ ഭവേദ്വീഥീ
രസസ്സൂച്യോന്യസംഭൃതഃ
യഥാ ബകുളവീഥീ സ്യാ–
ദിന്ദുലേഖാദയോ യഥാ''

എന്നു ഭാവപ്രകാശനത്തിൽ ശാരദാതനയനും

''വീഥ്യാമേകോ ഭവേദങ്കഃ
കശ്ചിദേകോത്ര കല്പ്യതേ
ആകാശഭാഷിതൈശ്ചിത്രൈ–
ശ്ചിത്രാം പ്രത്യുക്തിമാശ്രിതഃ

സൂചയേദ്ഭൂരി ശൃംഗാരം
കിഞ്ചിദന്യാൻ രസാൻ പ്രതി.
മുഖനിർവ്വഹണേ സന്ധീ
അർത്ഥപ്രകൃതയോഖിലാഃ
അസ്യാസ്ത്രയോദശാംഗാനി
നിർദ്ദിശന്തി മനീഷിണഃ''

എന്നു സാഹിത്യദർപ്പണത്തിൽ വിശ്വനാഥകവിരാജനും

''സൂച്യപ്രധാനശൃംഗാരാ
മുഖനിർവ്വഹണാന്വിതാ
ഏകയോജ്യാ ദ്വിയോജ്യാ വാ
കൈശികീവൃത്തിനിർഭരാ
വീഥ്യംഗസഹിതൈകാങ്കാ
വീഥീതി കഥിതാ ബുധൈഃ
അസ്യാം പ്രായേണ ലാസ്യാംഗ-
ദർശനം യോജയേന്ന വാ
സാമാന്യാ പരകീയാ വാ
നായികാത്രാനുരാഗിണീ
വീഥ്യംഗപ്രായവസ്തുത്വാ-
ന്നോചിതാ കുലപാലികാ
ലക്ഷ്യമസ്യാസ്തു വിജ്ഞേയം
മാധവീവീഥികാദികം''

എന്നു രസാർണ്ണവസുധാകരത്തിൽ ശിംഗഭൂപാലനും ഉപന്യസിച്ചിരിക്കുന്നു. ഈ പ്രസ്താവനകളിൽനിന്നു വെളിവാകുന്നതു് വീഥിയിൽ എല്ലാ രസങ്ങളേയും സ്പർശിക്കാമെങ്കിലും പ്രാധാന്യേന സൂചിപ്പിക്കേണ്ടതു് ശൃംഗാരത്തെയാണെന്നും വീഥിക്കു താരതമ്യേന ശൃംഗാരരൂപത്വമാണു് ഉള്ളതെന്നും അതിൽ സാമാന്യയോ പരകീയയോ

ആയിരിക്കണം നായികയെന്നും വൃത്തി കൈശികിയായി രിക്കണമെന്നുമാകുന്നു. ഈ ലക്ഷണങ്ങൾ ഒന്നും ദൂത വാക്യത്തിനു യോജിക്കുന്നില്ല. ശൃംഗാരരസത്തിൻെറ പ്രസംഗമേ ഇതിലില്ലല്ലോ. വീഥിപക്ഷക്കാർ ശ്രീകൃഷ്ണൻ ധമ്മവീരനായാണു് ഈ രൂപകത്തിൽ പരിലസിക്കുന്ന തെന്നു പറയുന്നുമുണ്ടു്. ആ സ്ഥിതിക്കു് ഇതു് ഏകാ ങ്കവും പ്രധാനമായി ദുര്യോധനൻ വാസുദേവൻ ഈ രണ്ടു പാത്രങ്ങളെക്കൊണ്ടു നിവ്വഹിക്കപ്പെടുന്നതുമായ ഒരു രൂപ കമാണെങ്കിലും ഇതിനു മററു വിഷയങ്ങളിൽ വീഥിയു ടെ സ്വരൂപമില്ലെന്നുതന്നെ തീച്ചപ്പെടുത്താവുന്നതാണു്. വീഥിക്കു് ഇതിവൃത്തം പ്രഖ്യാതമായാൽ പോരാ, കവി കല്പിതമായിരിക്കണമെന്നു് പ്രതാപരുദ്രയശോഭൂഷണ ത്തിൽ വിദ്യാനാഥൻ നിർദ്ദേശിച്ചിട്ടുണ്ടു്. ആ ലക്ഷണവും ദൂതവാക്യത്തിനു ചേരുന്നില്ല. നായികയുടെ നാമധേയ ത്തോടാണു് സാധാരണമായി വീഥികൾ ഘടിപ്പിച്ചു കാണുന്നതു്. അങ്ങനെയൊന്നും ഇവിടെ കാണ്മാനി ല്ലെന്നു പറയേണ്ടതില്ലല്ലോ.

ഇനി ഈ കൃതി വ്യായോഗമാണോ എന്നു പരിശോ ധിക്കാം.

"ഖ്യാതേതിവൃത്തോ വ്യായോഗഃ
ഖ്യാതോദ്ധതനരാശ്രയഃ
ഹീനോ ഗർഭവിമർശാഭ്യാം
ദീപ്താഃ സ്യുർഡിമവദ്രസാഃ
അസ്ത്രീനിമിത്തസംഗ്രാമോ
ജാമദഗ്ന്യജയേ യഥാ

ഏകാഹാചരിതൈകാങ്കോ
വ്യായോഗോ ബഹുഭിർന്നരൈഃ"

എന്നു ദശരൂപകത്തിലും

"വ്യായോഗസ്യേതിവൃത്തം യൽ
തൽ പ്രഖ്യാതമിതീരിതം
ധീരോദാത്താശ്ച വിഖ്യാതാ
ദേവാ രാജർഷയോഥവാ
നായകാസ്ത്രിചതുഷ്പഞ്ച
ഭവേയുർന്ന ദശാധികാഃ
ദിവ്യയോനികഥാല്പസ്ത്രീ-
പരിവാരസ്ത്രീസന്ധികഃ
ഗർഭാവമർശരഹിതോ
വിഷ്കംഭാദിസമന്വിതഃ
ഏകാഹചരിതൈകാങ്കോ
ഭാരത്യാരഭടീയുതഃ
യുദ്ധാധർഷണസംഫേട-
വിദ്രവാദിനിരന്തരഃ
കാചിൽകഃ സ്വല്പശൃംഗാരഃ
ഷഡ്ദീപ്തരസനിർഭരഃ
അസ്ത്രീനിമിത്തസംഗ്രാമോ
വ്യായോഗഃ കഥിതോ ബുധൈഃ"

എന്നു ഭാവപ്രകാശനത്തിലും

"ഖ്യാതേതിവൃത്തോ വ്യായോഗഃ
സ്വല്പസ്ത്രീജനസംയുതഃ
ഹീനോ ഗർഭവിമർശാഭ്യാം
നരൈർബ്ബഹുഭിരാശ്രിതഃ

ഏകാങ്കശ്ച ഭവേദസ്ത്രീ-
നിമിത്തസമരോദയഃ
കൈശികീവൃത്തിരഹിതഃ
പ്രഖ്യാതസ്തത്ര നായകഃ
രാജർഷിരഥവാ ദിവ്യോ
ഭവേദ്ധീരോദ്ധതശ്ച സഃ
ഹാസ്യശൃംഗാരശാന്തേഭ്യ
ഇതരേത്രാംഗിനോ രസാഃ"

എന്നു സാഹിത്യദർപ്പണത്തിലും

"ഖ്യാതേതിവൃത്തസമ്പന്നോ
നിസ്സഹായകനായകഃ
യുക്തോ ദശാവരൈഃ ഖ്യാതൈ-
രുദ്ധതൈഃ പ്രതിനായകൈഃ
വിമർശഗർഭരഹിതോ
ഭാരത്യാരഭടീസ്ഫുടഃ
ഹാസ്യശൃംഗാരരഹിത്
ഏകാങ്കോ രൌദ്രസംശ്രയഃ
ഏകവാസരവൃത്താന്തഃ
പ്രാപ്തവിഷ്കംഭചൂളികഃ
അസ്ത്രീനിമിത്തസമരോ
വ്യായോഗഃ കഥിതോ ബുധൈഃ
വിജ്ഞേയമസ്യ ലക്ഷ്യന്തു
ധനഞ്ജയജയാദികം"

എന്നു രസാർണ്ണവസുധാകരത്തിലും ഇത്തരത്തിലുള്ള രൂപകത്തിനു ലക്ഷണം വിവരിക്കപ്പെട്ടിരിക്കുന്നു. വിവിധ രസങ്ങൾ വീഥിപോലെ മാലാരൂപത്തിൽ സംഘടിക്കുന്നതുകൊണ്ടാണു് വീഥിക്കു് ആ പേർ വന്നതെന്നു വിശ്വ-

നാഥകവിരാജനും ബഹുപുരുഷന്മാർ തമ്മിൽ ചേരുന്നതു കൊണ്ടാണു് ("വ്യായുജ്യന്തേസ്മിൻ ബഹവഃ പുരുഷാഃ") വ്യായോഗത്തിനു് ആ നാമധേയം സിദ്ധിച്ചതെന്നു ധനഞ്ജയനും പ്രസ്താവിക്കുന്നു. ദൂതവാക്യത്തിൽ ഇതിവൃത്തം പ്രഖ്യാതമാണു്; അങ്കം ഒന്നേയുള്ളു. ഒരു ദിവസംകൊണ്ടു കഥ നടക്കുന്നു. ഭാരതിയും ആരഭടിയുമാണു് പ്രായേണ വൃത്തികൾ. ദുര്യോധനനും വാസുദേവനും തമ്മിൽ അസ്ത്രീഹേതുകമായാണു് സംഗ്രാമമുണ്ടാകുന്നതു്. ശൃംഗാരരസത്തിൻെറയും ഹാസ്യരസത്തിൻെറയും പ്രസക്തിയേയില്ല. ഇത്തരത്തിലുള്ള വ്യായോഗലക്ഷണങ്ങളെല്ലാം ഇവിടെ സ്പഷ്ടമായി കാണുന്നുണ്ടു്.

ഇനി ഈ രൂപകത്തിലെ നായകൻ ദുര്യോധനനോ വാസുദേവനോ എന്നും അംഗിയായ രസമെന്തെന്നും നോക്കാം. ശ്രീകൃഷ്ണൻെറ പരുഷഭാഷണം കേട്ടിട്ടും കുലുങ്ങാതെ തൻെറ ദൃഢനിശ്ചയം തുടൎന്നുകൊണ്ടു യുദ്ധോത്സാഹിയായി വൎത്തിക്കുന്ന സുയോധനനാണു് നായകനെന്നു ചിലർ പറയുന്നതു് യുക്തിയുക്തമായി തോന്നുന്നില്ല. ഗ്രന്ഥം ആമൂലാഗ്രം സൂക്ഷ്മമായി പരിശോധിച്ചാൽ ദുര്യോധനനെ പ്രതിനായകനായി മാത്രമാണു് കവി കല്പിക്കുന്നതെന്നു കാണാം. വ്യായോഗത്തിലെ നായകൻ ധീരോദ്ധതനായിരിക്കണമെന്നു നിർബ്ബന്ധമില്ലെന്നും അതിൽ ധീരോദാത്തനും നായകപദത്തിനു് അൎഹനാണെന്നുമാണല്ലോ ശാരദാതനയൻെറ മതം. അതല്ല ധീരോദ്ധതൻ തന്നെയായിരിക്കണം നായകൻ എന്നു നിഷ്കൎഷിക്കുന്നപക്ഷം ശ്രീകൃഷ്ണനു് അത്തരത്തിലുള്ള നായകൻെറ

ഏതാനും ചില ലിംഗങ്ങൾ കവി ഇതിൽ ഘടിപ്പിച്ചിട്ടുണ്ട്. ക്രോധം ആ വക ലിംഗങ്ങളിൽ ഒന്നാണ്.

"ശഠ! ബാന്ധവനിസ്സ്നേഹ!
കാക! കേകര! പിംഗള!
ത്വദത്ഥാൽ കുരുവംശോയ-
മചിരാന്നാശമേഷ്യതി"

"യദി ലവണജലം വാ കന്ദരം വാ ഗിരീണാം
ഗ്രഹഗണചരിതം വാ വായുമാർഗ്ഗം പ്രയാസി
മമ ഭുജബലയോഗപ്രാപ്തസഞ്ജാതവേഗം
ഭവതു ചപലചക്രം കാലചക്രം തവാദ്യ"

ഇത്യാദി പദ്യങ്ങൾ ഈ വിഷയത്തിൽ ജ്ഞാപകങ്ങളാകുന്നു. മായാവിത്വമാണ് മററൊരു ലിംഗം. "അയം ന ദൃഷ്ടഃ കേശവഃ" ഇത്യാദി ദുര്യോധനവാക്യം നോക്കുക. പക്ഷേ കവി ശ്രീകൃഷ്ണനെ

"മായാപരഃ പ്രചണ്ഡ-
ശ്ചപലോഹങ്കാരദർപ്പഭൂയിഷ്ഠഃ
ആത്മശ്ലാഘാനിരതോ
ധീരൈർദ്ധീരോദ്ധതഃ കഥിതഃ"

എന്ന കാരികയിൽ വിശ്വനാഥൻ നിർദ്ദേശിക്കുന്ന എല്ലാ ലക്ഷണങ്ങളോടുംകൂടി അവതരിപ്പിച്ചിട്ടില്ല; അങ്ങനെ അവതരിപ്പിക്കാൻ ആർക്കും സാധിക്കുന്നതുമല്ലല്ലോ. സുദർശനം തൻെറ അവതാരത്തിൻെറ പ്രയോജനം ഓർമ്മപ്പെടുത്തിയതിനു മേലാണെങ്കിലും "സുദർശന, രോഷാൽ സമുദാചാരോ വിസ്മൃതഃ. ഗമ്യതാം സ്വനിലയമേവ" എന്നു പറയുന്നതിൽനിന്നു ഭഗവാനെ ഒടുവിൽ പ്രകൃതിയെ

പ്രാപിപ്പിച്ച ധീരോദാത്തനായി അദ്ദേഹം വൎണ്ണിക്കന്നു എന്നു നമുക്ക കാണാവുന്നതാണു്. ദിവ്യയോനികഥ വേണം വ്യായോഗത്തിൽ നിബന്ധിക്കവാൻ എന്ന ശാരദാതനയൻെറയും രാജൎഷിയോ അല്ലെങ്കിൽ ദിവ്യനോ ആയിരിക്കണം നായകൻ എന്ന വിശ്വനാഥൻെറയും നിൎദ്ദേശങ്ങറം ദൂതവാക്യത്തിൽ യോജിക്കുന്നു. 'നിസ്സഹായകനായകഃ' എന്ന ശിംഗഭൂപാലൻെറ നിൎദ്ദേശത്തിനും ഇവിടെ ചേൎച്ചയുണ്ടു്. ആകെക്കൂടി ധീരോദ്ധതത്വത്തിൻെറ ചില ലക്ഷണങ്ങറം കൂടിക്കലൎന്നിട്ടുള്ള ധീരോദാത്തനായ ശ്രീവാസുദേവനാണു് ഈ രൂപകത്തിൽ നായകൻ എന്നു നിൎണ്ണയിക്കുന്നതിൽ അപാകമുണ്ടെന്നു തോന്നുന്നില്ല. ഭീമസേനൻ മുതലായ പുരാണപുരുഷന്മാരെ നായകന്മാരാക്കിയുള്ള സൌഗന്ധികാഹരണാദിവ്യായോഗങ്ങറം പ്രസിദ്ധങ്ങളാണു്. ദുൎഗ്ഗുണനിധിയായ ദുൎയ്യോധനനെ കവി നായകനായി രംഗപ്രവേശം ചെയ്യിക്കുമെന്നു ഭാവുകന്മാൎക്കു് ഊഹിക്കുവാൻ പ്രയാസമുണ്ടു്. രസം വീരമാണെന്നുള്ളതിനെപ്പററി രണ്ടു പക്ഷത്തിനു് അവകാശമില്ല. യുദ്ധവീരമെന്നാകുന്നു എൻെറ അഭിപ്രായം. ധൎമ്മവീരമാണെന്നുള്ള പൂൎവ്വപക്ഷത്തിനു് ബലമുണ്ടെന്നു തോന്നുന്നില്ല. ധൎമ്മവീരം അംഗിയായുള്ള ഒരു വ്യായോഗവും ഞാൻ വായിച്ചിട്ടുമില്ല. ഇത്ര ദൂരം ഈ വിഷയത്തെപ്പററി ചൎച്ചചെയ്യേണ്ടിവന്നതു ദൂതവാക്യം വ്യാഖ്യാനസഹിതം പ്രസിദ്ധപ്പെടുത്തിയ മഹാമഹോപാധ്യായൻ ഗണപതിശാസ്ത്രികറം വിവിധമതങ്ങളെ ചൂണ്ടിക്കാണിക്കുക മാത്രം ചെയ്തു തൃപ്തിപ്പെടുകയും സ്വാഭിപ്രായം വിശദമാക്കാതെയിരിക്കുകയും ചെയ്തതിനാലാകുന്നു.

ദൂതവാക്യത്തിലെ ഇതിവൃത്തം ചുരുക്കത്തിൽ താഴെ ക്കാണുന്നതാണു്. ചൂതിൽ തോററു രാജ്യം വിട്ടുപോയ പാണ്ഡവന്മാർ നിശ്ചയപ്രകാരം പന്തീരാണ്ടു വനവാസവും ഓരാണ്ടു് അജ്ഞാതവാസവും കഴിഞ്ഞു് ഉപപ്ലാവ്യനഗരത്തിൽ പാൎപ്പുറപ്പിച്ചു യുദ്ധത്തിനു സൈന്യസന്നാഹം ചെയ്തുവരുന്നതായറിഞ്ഞു് കുരുപതി ദുൎയ്യോധനൻ യുദ്ധത്തിന്നു് ആരെയാണു് സേനാപതിയാക്കി അഭിഷേകം ചെയ്യേണ്ടതെന്നാലോചിക്കുവാൻ ഭീഷ്മദ്രോണകൃപകൎണ്ണാദികളെയും തൻെറ സാമന്തന്മാരായ നിരവധി രാജാക്കന്മാരെയും മന്ത്രശാലയിലേയ്ക്കു് ആനയിക്കുന്നു. സഭകൂടി ആലോചിച്ചതിൽ ഭീഷ്മരെ സേനാപതിയായ ഭിഷേചിപ്പാൻ നിശ്ചയിക്കുന്നു. അപ്പോഴേയ്ക്കു യുദ്ധം തുടങ്ങുന്നതിനു മുമ്പു തക്കതായ ഒരാഠം മുഖേന ദുൎയ്യോധനനോടു സന്ധി സംസാരിക്കുവാനിച്ഛിച്ച പാണ്ഡവജ്യേഷ്ഠനായ യുധിഷ്ഠിരനാൽ അഭ്യൎത്ഥിതനായ ഭഗവാൻ ശ്രീകൃഷ്ണൻ യുധിഷ്ഠിരവചനത്തിലും അൎജ്ജുനമൈത്രിയിലുമുള്ള ഗൌരവം നിമിത്തം ദൂതവേഷം പരിഗ്രഹിച്ചു് ഹസ്തിനപുരം പ്രാപിച്ചു് ദൂതുപറയുവാൻ മന്ത്രസഭയിലേയ്ക്കെഴുന്നള്ളുന്നു. ഭഗവാൻ ദൂതനായി വന്ന വിവരം കഞ്ചുകി സഭാമധ്യവൎത്തിയായ ദുൎയ്യോധനനോടു ചെന്നു പറയുന്നു. കുമതിയായ ദുൎയ്യോധനൻ പാണ്ഡവഹിതൈഷിയായ ഭഗവാനെഴുന്നള്ളുമ്പോൾ ആരും പ്രത്യുത്ഥാനം ചെയ്യാതെ അവിടത്തെ അവമാനിക്കുകയും പിടിച്ചുകെട്ടുകയും ചെയ്യണമെന്നും, അതിനു വിരുദ്ധമായി സഭാവാസികളിലാരെങ്കിലും എഴുന്നേററുവെങ്കിൽ അങ്ങനെ ചെയ്തവൻ പന്ത്രണ്ടു ഭാരം സ്വൎണ്ണത്താൽ ദണ്ഡ്യനാകു

മെന്നും കല്പിക്കുന്നു. കേശവാഗമനത്തിൽ പ്രത്യുത്ഥാനം ചെയ്യാതെ കഴിപ്പാൻ സുയോധനൻ ഒരുപായം കണ്ടെത്തുന്നു. ദ്രൌപദിയുടെ കേശാംബരാകർഷണം എഴുതീട്ടുള്ള ഒരു ചിത്രപടം മന്ത്രസഭയിൽ കൊണ്ടുവന്നു വയ്ക്കുക; ഭഗവാനെഴുന്നള്ളുമ്പോൾ ആ ചിത്രപടത്തിൽ ദൃഷ്ടിവിന്യാസം ചെയ്തുകൊണ്ടിരിക്കുക. ഇതാണു് ആ ഉപായം. ഉപായലാഭത്താൽ സന്തുഷ്ടനായ ദുര്യോധനൻ ആ ചിത്രപടം കൊണ്ടുവന്നു സഭയിൽ വയ്പിച്ചു ഭഗവാൻെറ വരവു കാത്തുകൊണ്ടിരിക്കുന്നു. ഭഗവാൻ മന്ത്രസഭയിൽ എഴുന്നള്ളുമ്പോൾ സംഭ്രാന്തന്മാരായി സകല ക്ഷത്രിയരും എഴുന്നേൽക്കുന്നതായും സുയോധനൻ ഇരിക്കുന്നതായും കണ്ടു. അവരുടെ സംഭ്രമത്തിന്നു കാരണം ദുര്യോധനൻെറ ആജ്ഞയാണെന്നു ഭഗവാൻ വിചാരിച്ചു. തൻെറ ആഗമനത്തിൽ പ്രത്യുത്ഥാനംചെയ്ത രാജാക്കന്മാൎക്കു നിഗ്രഹം വരാതെ കഴിക്കുന്നതിനുവേണ്ടി ഭഗവാൻ ദുര്യോധനനെ നോക്കി "സുയോധനൻ ഇരിക്കുകയാണോ" എന്നു ചോദിക്കുന്നു. ആ വാക്കു കേൾക്കുന്നതോടുകൂടി സുയോധനൻ സിംഹാസനത്തിൽനിന്നു വിരണ്ടു നിലത്തു വീഴുന്നു. ഭക്തന്മാരായ ഭീഷ്മദ്രോണാദികൾ ബദ്ധാഞ്ജലിപുടന്മാരായി എഴുന്നേററതു കണ്ടു ഭഗവാൻ "ഇരിക്കൂ, ഇരിക്കൂ" എന്നു പറഞ്ഞു താനും സിംഹാസനത്തിന്മേൽ ഇരിക്കുന്നു. തദവസരത്തിൽ ദുര്യോധനൻെറ ദുരുദ്ദേശഫലമായ ആ ചിത്രപടം ഭഗവാൻെറ ദൃഷ്ടിയിൽ പെടുന്നു. ചിത്രത്തിലെഴുതിയ ദ്രൌപദീകേശാംബരാകർഷണം കണ്ടു കുപിതനായിട്ടു് അതവിടെനിന്നു് എടുത്തു മാററുവാൻ ശ്രീകൃഷ്ണൻ കല്പിക്കയും കേശവന്നനിഷ്ടമാണെങ്കിൽ വേ

ണ്ട എന്നു പറഞ്ഞു ദുൎയ്യോധനൻ അതു സഭയിൽനിന്നു നീക്കംചെയ്കയും ചെയ്യുന്നു.

പിന്നെ ദുൎയ്യോധനൻ ശ്രീകൃഷ്ണനോടു പാണ്ഡവന്മാരുടെ കുശലം ചോദിക്കുന്നതോടുകൂടി അവർതമ്മിൽ സംഭാഷണമാരംഭിക്കുന്നു. കുശലപ്രശ്നംതന്നെ ഉള്ളിലുള്ള ദുരുദ്ദേശത്തെ സൂചിപ്പിച്ചുംകൊണ്ടാണു്. "ധൎമ്മപുത്രനായ യുധിഷ്ഠിരനു സുഖമോ? വായുപുത്രനായ ഭീമനു കുശലമോ?" എന്നു തുടങ്ങി പാണ്ഡവന്മാൎക്കോരോരുത്തൎക്കും ദേവപുത്രത്വപ്രതിപാദകമായ വിശേഷണം ചേൎത്തു് അവർ ദേവപുത്രന്മാരാകയാൽ രാജ്യത്തിനു് അവകാശികളല്ല എന്നു ധ്വനിപ്പിച്ചുംകൊണ്ടാണു് സുയോധനന്റെ വാക്യം. ശ്രീകൃഷ്ണൻ ദുൎയ്യോധനന്റെ വിശേഷണപ്രയോഗത്തിലുള്ള വിശേഷം താൻ മനസ്സിലാക്കി എന്നു സൂചിപ്പിക്കുമാറു് "ഗാന്ധാരീപുത്രനായ നിനക്കു യോഗ്യം തന്നെ ഈ കുശലവിചാരം" എന്നുപന്യസിച്ചു് "വനത്തിൽ വളരെ ദുഃഖം അനുഭവിച്ചു. സഭയിൽവച്ചു നിശ്ചയിച്ച കാലം കഴിയുകയും ചെയ്തു. ഇനി ധൎമ്മ്യവും പൈതൃകവുമായ രാജ്യം പകുത്തുതരണം" എന്നുള്ള പാണ്ഡവസന്ദേശത്തെ അറിയിക്കുന്നു. പൈതൃകമായ രാജ്യം എന്നു കേട്ടപ്പോൾ ദുൎയ്യോധനൻ മുൻപു താൻ വ്യംഗ്യമായി ഉപക്ഷേപിച്ച വിഷയത്തെ വാച്യമായിത്തന്നെ പറയുന്നു. യുധിഷ്ഠിരാദികൾ പാണ്ഡുവിന്റെ പുത്രന്മാരല്ലെന്നും ദേവപുത്രന്മാരായിപ്പിറന്ന അവൎക്കു് കൌരവരാജ്യത്തിന്നവകാശമില്ലെന്നുമാണു് കുരുപതിയുടെ വാദം. ഈ വാദത്തെ അപ്രകാരംതന്നെയുള്ള ഒരു ന്യായംകൊണ്ടു ശ്രീകൃ

ഷ്ണൻ നിരസിക്കുന്നു. ധൃതരാഷ്ട്രരുടെ പിതാവായ വിചിത്ര വീൎയ്യൻ വിഷയാസക്തി വൎദ്ധിക്കുകയാൽ ക്ഷയം പിടി പെട്ടു മരിച്ചതിനു ശേഷം വേദവ്യാസങ്കൽനിന്നാണു് ധൃതരാഷ്ട്രർ ജനിച്ചതു്. അതിനാൽ ഋഷിപുത്രനായ അദ്ദേഹം പൈതൃകമായ രാജ്യത്തെ എങ്ങനെ സ്വീക രിച്ചു എന്നാണു് കൃഷ്ണന്റെ ചോദ്യം. ഇങ്ങനെ ഓരോന്നു പറഞ്ഞു് പരസ്പരവിരോധത്തെ വൎദ്ധിപ്പിക്കുന്നതായാൽ കുരുവംശത്തിന്നു മൂലനാശം ഭവിക്കുമെന്നും, അതുകൊണ്ടു വൈരത്തെ ത്യജിച്ചു പാണ്ഡവന്മാരുടെ സന്ദേശമനുസ രിച്ചു പ്രവൎത്തിക്കണമെന്നും ഭഗവാൻ ഉപദേശിക്കയും ചെയ്യുന്നു. അപ്പോൾ ദുൎയ്യോധനൻ രാജ്യം എന്നതു യാചി ക്കയോ ദാനംചെയ്കയോ ചെയ്യാവുന്ന ഒരു വസ്തുവല്ലെന്നും, രാജ്യം ലഭിപ്പാനാഗ്രഹമുണ്ടെങ്കിൽ യുദ്ധംചെയ്തു പിടിച്ച ടക്കുക തന്നെ വേണമെന്നും, അല്ലെങ്കിൽ കാട്ടിൽ പോയി തപസ്സു ചെയ്കയാണുത്തമമെന്നും ഖണ്ഡിതമായി പറയുന്നു. അതിന്നു ഭഗവാൻ ബന്ധുക്കളുടെ വിഷ യത്തിൽ അങ്ങനെ പരുഷം പറയുന്നതു ശരിയല്ലെന്നു പറഞ്ഞു് സുയോധനനെ അനുനയിക്കുവാൻ ശ്രമിക്കുന്നു. ഈ ഘട്ടത്തിൽ കൌരവേന്ദ്രൻ പാണ്ഡവന്മാരെ വിട്ടു് അവ രുടെ കാൎയ്യം പറവാൻ വന്ന ഭഗവാനെത്തന്നെ വ്യക്തി പരമായി അധിക്ഷേപിക്കുവാൻ തുടങ്ങുന്നു. സ്വന്തം മാതു ലനായ കംസനെക്കുറിച്ചു ദയയില്ലാതെ ശ്രീകൃഷ്ണൻ പ്രവ ൎത്തിച്ചതിനെ ദൂഷിക്കുന്നു. ശ്രീകൃഷ്ണനാകട്ടെ ഒട്ടും ക്ഷോഭി ക്കാതെ കംസവധത്തിൽ താൻ തെറ്റുകാരനല്ലെന്നും, നിരപരാധയായ സ്വസഹോദരിയുടെ പുത്രന്മാരെ കൊന്നതു കൊണ്ടും സ്വപിതാവിനെ ബന്ധിച്ചതുകൊണ്ടും കംസൻ

മൃത്യുവിനാൽത്തന്നെ ഹതനായതാണെന്നും സമാധാനം പറയുന്നു. അതെങ്ങനെയായിരുന്നാലും കംസനെ ശ്രീകൃഷ്ണൻ വഞ്ചിക്കുകയാണു് ചെയ്തതെന്നു ദുര്യോധനൻ വീണ്ടും പറയുന്നു. കംസവധാനന്തരം കംസശ്വശുരനായ ജരാസന്ധൻ അഭിഷേണനംചെയ്തപ്പോൾ ഭീതനായി പലായനംചെയ്തു എന്നൊരപഖ്യാതികൂടി കുരുപതി ഭഗവാൻെറ പേരിൽ ആരോപിക്കുന്നു. അതിന്നു ശ്രീകൃഷ്ണൻ, ദേശകാലാവസ്ഥകളെ നോക്കീട്ടുമാത്രമേ നയവേദികൾ പൌരുഷം പ്രകടിപ്പിക്കയുള്ളുവെന്നും തന്നെ പരിഹസിക്കുന്നതു നിർത്തി സ്വന്തം കാര്യം നോക്കുകയാണു് വേണ്ടതെന്നും സമാധാനം പറഞ്ഞു്, ദോഷങ്ങളെ വിസ്മരിച്ചു് ഭ്രാതാക്കളിൽ സ്നേഹം കാണിക്കണമെന്നുപദേശിക്കുന്നു. ദേവപുത്രന്മാരുമായി മനുഷ്യർക്കു് എങ്ങനെ ബന്ധുത്വം ഭവിക്കുമെന്നാണു് അപ്പോഴും ദുര്യോധനൻ ചോദിക്കുന്നതു്.

ഇതുവരെ ഭഗവാൻ സാമോപായമവലംബിച്ചു് സുയോധനനെ പ്രസാദിപ്പിക്കുവാനാണു് ശ്രമിച്ചതു്. പക്ഷേ ആ പ്രയത്നം വിഫലമായി. ഇനി ഈ വിധ്യ പറവുകയില്ലെന്നും, പരുഷാക്ഷരങ്ങളായ വാക്കുകളെക്കൊണ്ടു ക്ഷോഭിപ്പിക്കുകതന്നെ വേണമെന്നും അവിടേയ്ക്കു തോന്നി. എന്നിട്ടു ഭഗവാൻ അർജ്ജുനൻെറ വിവിധങ്ങളായ അപദാനങ്ങളെ ഓരോന്നായി ഉപന്യസിച്ചു് പാണ്ഡവന്മാർക്കു് അർദ്ധരാജ്യം കൊടുക്കേണമെന്നും, ഇല്ലെങ്കിൽ അവർ സമുദ്രപര്യന്തമുള്ള ഭൂമിമുഴുവൻ പിടിച്ചടക്കുമെന്നും വ്യക്തമായി പറയുന്നു. അതിന്നു ദുര്യോധനൻ

വായുദേവൻതന്നെ ഭീമസേനന്റെ രൂപത്തോടുകൂടിയും ഇന്ദ്രൻതന്നെ അർജ്ജുനന്റെ രൂപത്തോടുകൂടിയും വന്നു യുദ്ധംചെയ്യുന്നതായാൽപോലും ശ്രീകൃഷ്ണന്റെ വചനമനുസരിച്ചു രാജ്യത്തിൽ ഒരു തൃണമിടപോലും പാണ്ഡവന്മാർക്കു കൊടുക്കുകയില്ലെന്നു തീർത്തുപറയുന്നു. "തൃണമിട" എന്നു കേട്ടപ്പോൾ തൃണമിടവച്ചു സംസാരിക്കുന്നതു ഭംഗിയല്ലെന്നായി ഭഗവാൻ. സ്ത്രീഹത്യ, അശപഹത്യ മുതലായവ ചെയ്ത നില്ല്ജ്ജനായ പുരുഷനോടു തൃണമിട വച്ചേ സംസാരിക്കുവാൻ പാടുള്ളൂ എന്നു ദുര്യോധനൻ. ഇങ്ങനെ വാക്കിനു വാക്കിനു തന്നെ അധിക്ഷേപിക്കുവാനാണു് ദുര്യോധനൻ ഒരുങ്ങിയിരിക്കുന്നതെന്നു കണ്ടു ഭഗവാൻ സുയോധനനോടു തന്നെ ഇപ്രകാരം നിന്ദിക്കുകയാണെങ്കിൽ താൻ പോകയാണെന്നും, എന്നാൽ പാണ്ഡവന്മാരുടെ ദൂതനായി വന്ന സ്ഥിതിക്കു് അവരുടെ സന്ദേശം ഗ്രഹിപ്പിക്കാതെ പോകുവാൻ വിചാരിക്കുന്നില്ലെന്നും പറയുന്നു. പക്ഷേ ദുര്യോധനൻ ആ സന്ദേശം കേൾക്കുവാൻ ആഗ്രഹിക്കുന്നില്ല. ശ്രീകൃഷ്ണനെപ്പോലെയുള്ളവരോടു താൻ സംസാരിക്കുകയില്ലെന്നാണു് കൌരവേന്ദ്രൻ പറയുന്നതു്. ഇതു കേട്ടപ്പോൾ കൃഷ്ണൻ കുരുപതിയെ നിന്ദാസൂചകങ്ങളായ വാക്കുകളെക്കൊണ്ടു സംബോധനചെയ്തു് "നീ കാരണമായി ഈ കുരുവംശം താമസിയാതെ നശിക്കും" എന്നു പറഞ്ഞു പോവാനൊരുങ്ങി രാജാക്കന്മാരോടു യാത്രപറയുന്നു. തദവസരത്തിൽ ഭഗവാനെ ബന്ധിക്കേണമെന്നു കരുതിയിരിക്കുന്ന ദുര്യോധനൻ "ദുശ്ശാസന, ദുർമ്മഷ്ണ, ദുർമ്മുഖ, ദുർബ്ബുദ്ധേ, ദുഷ്ടേശ്വര" എന്നു തുടങ്ങി തന്റെ ആജ്ഞാകരന്മാരെ വിളിച്ചു

ലഹളകൂട്ടി കേശവനെ പിടിച്ചുകെട്ടുവാൻ കല്പിക്കുന്നു. അവരാരും അതിന്നു ശക്തരല്ലെന്നു കണ്ടപ്പോൾ മാതുല നായ ശകുനിയോടാജ്ഞാപിക്കുന്നു. ശകുനി പിന്തിരിഞ്ഞു നിലത്തു വീണപ്പോൾ "ഞാൻതന്നെ കെട്ടുന്നുണ്ടു" എന്നു പറഞ്ഞു കയറുമോങ്ങിക്കൊണ്ടു ഭഗവാൻെറ അടു ക്കലേയ്ക്കു ചെല്ലുന്നു. തത്സമയത്തു ഭഗവാൻ "എന്തു്; ദുര്യോധനൻ എന്നെ ബന്ധിപ്പാൻ കൊതിക്കുന്നുവോ? ഇരിക്കട്ടെ, അവൻെറ സാമത്ഥ്യമൊന്നു കാണട്ടെ" എന്നരുളിച്ചെയ്തു വിശ്വരൂപമവലംബിച്ചു സ്ഥിതിചെ യ്യുന്നു.

വിശ്വരൂപദശ്നം സുയോധനനു് വലിയ വിസ്മയ മുളവാക്കുന്നു. ഒരിക്കൽ നോക്കുമ്പോൾ കേശവനെ കാ ണ്മാനില്ലാതാകുന്നു. തൽക്ഷണംതന്നെ അതിഹ്രസ്വ മൂത്തിയായി കാണാം. ക്ഷണാന്തരത്തിൽ വീണ്ടും മുൻ പോലെ അദൃശ്യനാകുന്നു. അടുത്ത ക്ഷണത്തിൽ അതി ദീഘാകാരനായി പ്രത്യക്ഷപ്പെടുന്നു. അല്പനേരത്തിനു ള്ളിൽ ഭഗവാൻ ബഹുരൂപങ്ങളെ അവലംബിക്കുകയും, മന്ത്രശാല മുഴുവനും കേശവന്മാരെക്കൊണ്ടു നിറയുകയും ചെയ്യുന്നു. ആകപ്പാടെ എന്തു വേണ്ടു എന്നായി ദുര്യോ ധനൻെറ വിചാരം. മന്ത്രശാലയിലെ രാജാക്കന്മാരിൽ ഓരോരുത്തരും ഓരോ കേശവനെ പിടിച്ചു കെട്ടട്ടേ എന്നു സുയോധനൻ ആജ്ഞാപിക്കുന്നു. ഈ ആജ്ഞ പറഞ്ഞു കഴിയുമ്പോഴേക്കു് രാജാക്കന്മാരെല്ലാം കയറുക ളെക്കൊണ്ടു തന്നെത്താൻ കെട്ടപെട്ടു നിലംപതിക്കുന്നു. "എന്നാൽ ഞാൻതന്നെ കേശവനെ ബാണങ്ങളെക്കൊ

ണ്ടു ബന്ധിച്ച് ശിബിരത്തിലേക്കു കൊണ്ടുപോകുന്നുണ്ടു്" എന്നു ദുര്യോധനൻ പറയുമ്പോഴേയ്ക്കു ഭഗവാൻ "ഇരിക്കട്ടേ, പാണ്ഡവന്മാരുടെ കാര്യം ഞാൻതന്നെ സാധിക്കുന്നുണ്ടു്" എന്നരുളിച്ചെയ്തു സുദർശനചക്രത്തെ സ്മരിക്കുന്നു. സ്മരണമാത്രത്തിൽതന്നെ ദിവ്യരൂപധാരിയായ ശ്രീസുദർശനചക്രം ഭഗവാൻെറ തിരുമുമ്പിലെത്തി, പ്രാർത്ഥനാമാത്രംകൊണ്ടു് ഉപസ്ഥിതമായ ആകാശഗംഗാജലംകൊണ്ടാചമിച്ച് ഭഗവാനെ നമസ്കരിക്കുന്നു. അനന്തരം ഭഗവാനാൽ സുയോധനനിഗ്രഹാർത്ഥം ആജ്ഞപ്തമായ ശ്രീചക്രം സുയോധനൻെറ നേരേ തിരിയുന്നു. തൽക്ഷണംതന്നെ വീണ്ടുവിചാരമുണ്ടായി ശ്രീചക്രം "ഭൂഭാരഹരണത്തിന്നായിട്ടവതരിച്ച നിന്തിരുവടിയുടെ അവതാരോദ്ദേശത്തിന്നു വിരുദ്ധമാണിതു്" എന്നുണർത്തിച്ചപ്പോൾ ഭഗവാൻ "ഓ, ശരി. കോപംനിമിത്തം എനിക്കു് അതോർമ്മവന്നില്ല" എന്നു പറഞ്ഞു സുദർശനത്തോടു പോയ്ക്കൊൾവാൻ കല്പിക്കുന്നു. അപ്പോഴേക്കും സുദർശനചക്രത്തെ തുടൎന്നുംകൊണ്ടു ഭഗവാൻെറ ആയുധങ്ങളായ ശ്രീശാർങ്ഗം, കൌമോദകി, പാഞ്ചജന്യം, നന്ദകം എന്നിവയും സ്വാമിസമീപത്തിൽ എത്തുന്നു. അവയെയെല്ലാം ശ്രീസുദർശനം വിവരം പറഞ്ഞു മടക്കി അയയ്ക്കുന്നു. അപ്പോഴേക്കു ഭഗവാൻെറ വാഹനമായ ഗരുഡൻ കാററുകളെ ചീററിച്ചും ആദിത്യനെ തപിപ്പിച്ചും മലകളെ കുലുക്കിയും കടലുകളെ കലക്കിയും വന്നെത്തുന്നു. അദ്ദേഹത്തെയും ശ്രീസുദർശനം തിരികെ അയയ്ക്കുന്നു. ഗരുഡനെ തുടൎന്നുകൊണ്ടു സുദർശനവും മടങ്ങിപ്പോകുന്നു. പിന്നെ ഭഗവാനും പാണ്ഡവശിബിരത്തിലേക്കു പോകു

വാൻ ഭാവിക്കയായി. അപ്പോഠം വൃദ്ധനായ ധൃതരാഷ്ട്രൻ ഭഗവത്സമീപത്തിൽ വന്നു തൻെറ പുത്രൻെറ അപരാധത്തെ ക്ഷമിക്കണമെന്നപേക്ഷിച്ചു കാല്ക്കൽ വീഴുന്നു. അതോടുകൂടി കഥയും അവസാനിക്കുന്നു.

മഹാഭാരതകഥയിൽനിന്നു രൂപകകഥയിൽ ചില വ്യതിയാനങ്ങഠം കാണ്മാനുണ്ടു്. ഭാരതത്തിൽ

"ഇദം തു സുമഹൽ കാൎയ്യം
ശൃണു മേ യൽ സമൎത്ഥിതം
പരായണം പാണ്ഡവാനാം
നിയച്ഛാമി ജനാൎദ്ദനം"

അതായതു ശ്രീകൃഷ്ണനെ പിടിച്ചുകെട്ടുവാൻ താൻ ഉദ്ദേശിക്കുന്നു എന്നു മാത്രമേ ദുൎയ്യോധനൻ പിതൃസമക്ഷം വിജ്ഞാപനം ചെയ്യുന്നുള്ളു. അതിനുള്ള കാരണവും അദ്ദേഹം ഗോപനം ചെയ്യുന്നില്ല.

"ദേശഃ കാലഃ തഥായുക്തോ
നഹി നാൎഹതി കേശവഃ
സംസതൃധോക്ഷജോ രാജൻ!
ഭയാദച്ഛതി മാമിതി.
അവമാനശ്ച യത്ര സ്യാൽ
ക്ഷത്രിയസ്യ വിശാംപതേ!
ന തൽ കുൎയ്യാൽ ബുധഃ കാൎയ്യ-
മിതി മേ നിശ്ചിതാ മതിഃ.
സ ഹി പൂജ്യതമോ ലോകേ
കൃഷ്ണഃ പൃഥുലലോചനഃ

ത്രയാണാമപി ലോകാനാം
വിദിതം മമ സവ്വഥാ.
നന തസ്സൈ പ്രദേയം സ്യാൽ
തഥാ കാൎയ്യഗതിഃ പ്രഭോ!
വിഗ്രഹസ്സമുപാരബ്ധോ
നഹി ശാമ്യത്യവിഗ്രഹാൽ.''

ശ്രീകൃഷ്ണൻ ത്രൈലോക്യത്തിൻെറ പൂജയ്ക്കു് അഹനാണെന്നു താൻ സമ്മതിക്കുന്നു എന്നും പക്ഷേ പാണ്ഡവരുടെ ദൂതനായി വന്നിരിക്കുന്ന അദ്ദേഹത്തെ ആ സന്ദൎഭത്തിൽ ബഹുമാനിച്ചാൽ അതു ഭയംകൊണ്ടാണെന്നു് അദ്ദേഹം തെററിദ്ധരിച്ചേക്കുമെന്നും അത്തരത്തിൽ അവമാനഹേതുകമായ കാൎയ്യം ഒരു ക്ഷത്രിയനും ചെയ്യരുതെന്നും ദേശകാലങ്ങൾ കൃഷ്ണസൽകാരത്തിനു പ്രതികൂലങ്ങളാണെന്നും മററുമാണു് ദുൎയ്യോധനൻെറ ന്യായങ്ങൾ. ഉള്ളിലുള്ള വൈരം ഒട്ടും വെളിയിൽ കാണിക്കാതെ ധൃതരാഷ്ട്രരോടും വിദുരരോടും ഇത്തരത്തിൽ യുക്തിവാദം ചെയ്തിട്ടാണു് ശ്രീകൃഷ്ണനെ ബന്ധിക്കണമെന്നുള്ള തൻെറ അഭിമതം സഭയിൽ അദ്ദേഹം ആവിഷ്കരിക്കുന്നതു്. ആ ഘട്ടത്തിലാകട്ടേ അതിൽ പിന്നീടാകട്ടെ ശ്രീകൃഷ്ണൻ സഭയിലെഴുന്നള്ളുമ്പോൾ ആരും എഴുന്നേററുപോകരുതെന്നും അങ്ങനെ ചെയ്യുകയാണെങ്കിൽ പന്ത്രണ്ടുഭാരം സുവൎണ്ണം പിഴചെയ്യണമെന്നും മററും ദുൎയ്യോധനൻ ആജ്ഞാപിക്കുന്നതായി വ്യാസഭഗവാൻ പ്രസ്താവിക്കുന്നില്ല. എന്നാൽ ധൃതരാഷ്ട്രരെക്കൊണ്ടു് ഒരു കാൎയ്യംമാത്രം അദ്ദേഹം മുൻകൂട്ടി പറയിക്കുന്നുണ്ടു്. അതു്

"മമ പുത്രാശ്ച പൌത്രാശ്ച
സവ്വേ ദുര്യ്യോധനാദൃതേ
പ്രത്യുദ്യാസ്യന്തി ദാശാഹം
രഥൈർമ്മുഖ്യൈഃ സ്വലംകൃതാഃ"

ദുര്യ്യോധനനെ കഴിച്ചു തൻെറ പുത്രന്മാരും പൌത്രന്മാരും ശ്രീകൃഷ്ണൻ ഹസ്തിനപുരത്തിൽ എഴുന്നള്ളുമ്പോറം അദ്ദേഹത്തെ സന്തോഷത്തോടുകൂടി എതിരേല്ക്കുവാൻ രഥങ്ങളിൽ കയറി പോകും എന്നുള്ളതാണു്. ഈ ചെറിയ സൂചനയിൽനിന്നു രൂപകകാരൻ തൻെറ മനോധമ്മം പ്രയോഗിച്ചു പ്രകൃതസംഭവം ചിത്രീകരിച്ചിട്ടുള്ളതായി എനിക്കു തോന്നുന്നു. ഭട്ടതിരി ദൂതവാക്യം ചമ്പുവിൽ രൂപകകാരനെ ഉപജീവിച്ചിട്ടുണ്ടെന്നുള്ളതു്

"ഹേ ഭൂപാശ്ശൃണുതാദരാദുപഗതോ
ദൂതഃ പൃഥാജന്മനാം
മായാമോഹിതമൂഢലോകകലിത_
പ്രൌഢിസ്സ ഗോപാലകഃ
പ്രത്യുത്ഥാസ്യതി യോസ്യ ദാസ്യതി സ മേ
ബന്ധ്യുസ്സുവണ്ണാൻ മിതാൻ
ഭാരദ്വാദശകേന ശാസന നിരാ_
കത്താ ജഗത്യാമിതി"

എന്ന പദ്യത്തിൽനിന്നു വ്യക്തമാകുന്നുണ്ടു്. ഭഗവാൻ സഭയിൽ പ്രവേശിച്ചപ്പോറം ആജ്ഞാപ്താവും ആജ്ഞപ്തന്മാരും സ്വസ്ഥാനങ്ങളിൽനിന്നു സ്വയം ഭ്രഷ്ടന്മാരായി നിലം പതിച്ചു. "അഹോ! ബഹുമായോയം ദൂതഃ" എന്നു ദുര്യ്യോധനനു് തൻെറ അമളിക്കു ഒരു സമാധാ

നവും ന്രൂപകകാരൻ പറവാൻ കാണിച്ചുകൊടുക്കുന്നു. ദ്രൗപദിയുടെ കേശഗ്രഹണം എഴുതീട്ടുള്ള ചിത്രപടം കൊണ്ടുവരുവിക്കുന്നതും മററും രസപോഷണത്തിനുവേണ്ടി ഔചിത്യവേദിയായ നിബന്ധകൻ കാണിക്കുന്ന വിദ്യകളാണെന്നു പറയേണ്ടതില്ലല്ലോ.

തമിഴ് സാഹിത്യത്തിൽ ക്രി. പി. ഒൻപതാം ശതകത്തിൽ രചിക്കപ്പെട്ടതായി ഗണിക്കാവുന്ന ഭാരതവെൺപാവിലും പതിനഞ്ചാംശതകത്തിൽ നിർമ്മിതമായ വില്ലിപുത്തൂരാഴ്വാരുടെ ഭാരതത്തിലും ഈ സംഭവത്തെപ്പററി വല്ല പ്രസ്താവനയുമുണ്ടോ എന്നു പരിശോധിക്കാം. ഭാരതവെൺപാവിൽ (പെരുന്തേവനാർ എന്ന കവിയുടെ കൃതിയാകയാൽ ഇതിനു പെരുന്തേവനാർ ഭാരതമെന്നും പേരുണ്ട്) ഭഗവാൻ എഴുന്നള്ളുമ്പോഠം ആരും എതിരേല്ക്കുവാൻ പോകരുതെന്നും അങ്ങനെ പോയാൽ അതു് കൌരവപക്ഷക്കാക്ക പാണ്ഡവരെപ്പററിയുള്ള ഭയം നിമിത്തമാണെന്നുള്ള അപവാദത്തിനു കാരണമായേക്കുമെന്നും ദുര്യോധനൻ സഭാവാസികളെ ഉൽബോധനം ചെയ്തു. ചില നടകാവൽക്കാരെ മാത്രം ഭഗവാനെ കൂട്ടികൊണ്ടു വരുവാൻ അയയ്ക്കുന്നു. പക്ഷേ ഭഗവാൻ സഭയെ സമീപിച്ചപ്പോഠം ഭീഷ്മർ, ദ്രോണർ, വിദുരർ, കൃപർ, കർണ്ണൻ, അശ്വത്ഥാമാവു്, ശകുനി, വൃഷസേനൻ, ഭൂരിശ്രവസ്സ്, സോമദത്തൻ മുതലായുള്ള സകലരാജാക്കന്മാരും ദുര്യോധനനൊഴികെയുള്ള ധൃതരാഷ്ട്രരുടെ തൊണ്ണൂററൊൻപതു പുത്രന്മാരും അദ്ദേഹത്തെ എതിരേല്ക്കുകയാണു് ചെയ്യുന്നതു്. ദുര്യോധനൻമാത്രം തൻെറ

പീഠം വിട്ടെഴുന്നേല്ക്കാതെ മറെറാരു സിംഹാസനത്തിൽ ഭഗവാനെ ഉപവേശിപ്പിച്ചു സ്വാഗതം പറയുന്നു. വില്ലിപുത്തൂരാഴ്വാരുടെ ദുര്യോധനൻ രാജാക്കന്മാർ ശ്രീകൃഷ്ണനെ ("എതിർചെൻറു കൊണ്ടുറവുക്കുറിൽ") എതിരേററു സ്നേഹം പ്രകടീഭവിപ്പിച്ചാൽ അവരുടെ ദേശങ്ങറം അഗ്നിക്കിരയാക്കുമെന്നു വീരവാദം ചെയ്യുന്നു. വ്യാസഭാരതത്തിലാണെങ്കിൽ

"ധൃതരാഷ്ട്രം പുരസ്കൃത്യ
ഭീഷ്മദ്രോണാദയസ്തതഃ
ആസനേഭ്യോചലൻ സൎവ്വേ
പൂജയന്തോ ജനാൎദ്ദനം.
അഭ്യാഗച്ഛതി ദാശാൎഹേ
പ്രജ്ഞാചക്ഷുൎന്നരേശ്വരഃ
സഹൈവ ദ്രോണഭീഷ്മാഭ്യാ-
മുദതിഷ്ഠന്മഹായശാഃ.
ഉത്തിഷ്ഠതി മഹാരാജേ
ധൃതരാഷ്ട്രേ ജനേശ്വരേ
താനി രാജസഹസ്രാണി
സമുത്തസ്ഥുസ്സമന്തതഃ.
ആസനം സൎവ്വതോഭദ്രം
ജാംബൂനദപരിഷ്കൃതം
കൃഷ്ണാൎത്ഥേ കല്പിതന്തത്ര
ധൃതരാഷ്ട്രസ്യ ശാസനാൽ.
തത്ര കേശവമാനച്ഛു-
സ്സമ്യഗഭ്യാഗതം സഭാം
രാജാനഃ പാൎത്ഥിവാസ്സൎവ്വേ
കുരവശ്ച ജനാൎദ്ദനം"

ഇത്യാദി ശ്ലോകങ്ങളിൽനിന്നു ഭഗവാൻ എഴുന്നള്ളിയ ക്ഷണത്തിൽ ധൃതരാഷ്ട്രർ ഭീഷ്മരോടും ദ്രോണരോടുംകൂടി ആസനം വിട്ടെഴുന്നേല്ക്കുകയും അതു കണ്ടു മററു രാജാക്കന്മാരും ഉത്ഥാനം ചെയ്യുകയും നാരദാദിമഹർഷിമാരെ അവരവരുടെ സ്ഥാനങ്ങളിൽ ഇരുത്തി ഒടുവിൽ ഭഗവാനുമിരിക്കുകയും ചെയ്തതായി കാണുന്നു. ദുശ്ശാസനൻ സാത്യകിക്കും വിവിംശതി (നൂററവരിൽ പതിനെട്ടാമത്തെ രാജകുമാരൻ) കൃതവൎമ്മാവിനും ആസനം സമ്മാനിച്ചുവെന്നും

"അവിഷ്ടരന്തു കൃഷ്ണസ്യ
കൎണ്ണദുൎയ്യോധനാവുഭൗ
ഏകാസനേ മഹാത്മാനൌ
നിഷീദതുരമൎഷണൌ"

കൎണ്ണനും ദുൎയ്യോധനനും ശ്രീകൃഷ്ണനു സമീപമായി ഒരേ ആസനത്തിൽതന്നെ ഇരുന്നുവെന്നും വ്യാസൻ പ്രസ്താവിക്കുന്നു. ദുൎയ്യോധനൻ ഭഗവാനെക്കണ്ടപ്പോൾ എഴുന്നേററില്ലെന്നു മഹർഷി പറയുന്നതേയില്ല. പിൻകാലത്തുള്ള കവികൾ അവരവരുടെ ഭാവനാശക്തിക്കൊത്തവണ്ണം ഓരോ വിധത്തിൽ പൊടിപ്പും തൊങ്ങലുംവച്ചു ആ ഘട്ടത്തെ വിസ്തരിച്ചിരിക്കുന്നു എന്നു കാണിക്കുവാനാണു് ഞാൻ രണ്ടു തമിഴ്കാവ്യങ്ങളെക്കൂടി ഈ അവസരത്തിൽ സ്മരിച്ചതു്.

ദുൎയ്യോധനൻ ശ്രീകൃഷ്ണനെ ബന്ധിക്കുവാൻ ദുശ്ശാസനൻ, ദുൎമ്മൎഷണൻ, ദുൎമ്മുഖൻ, ദുർബ്ബുദ്ധി, ദുഷ്ടേശ്വരൻ ഇങ്ങനെ അഞ്ചുപേരെ വിളിക്കുന്നു. അവരിൽ ആദ്യ

33492

ത്തെ രണ്ടുപേർ അദ്ദേഹത്തിൻെറ അനുജന്മാർതന്നെ. മററു മൂന്നുപേരുടെയും പേരുകഠം കൌരവരുടെ കൂട്ടത്തിൽ കാണാത്തതുകൊണ്ടു് അവരെ ദുൎയ്യോധനൻെറ അനുയായിമാരായി മാത്രം കരുതേണ്ടതാണു്.

വിശ്വരൂപദൎശനഘട്ടത്തിൽ

"അഗ്രേ ബഭൂവുഃ കൃഷ്ണസ്യ
സമുദ്യതമഹായുധാഃ
ശംഖചക്രഗദാശക്തി-
ശാർങ്ഗലാംഗലനന്ദകാഃ
അദൃശ്യന്തോദ്യതാന്യേവ
സൎവ്വപ്രഹരണാനി ച
നാനാബാഹുഷു കൃഷ്ണസ്യ
ദീപ്യമാനാനി സൎവ്വശഃ".

KOTTAYAM PUBLIC LIBRARY
KOTTAYAM.

എന്നു വ്യാസഭഗവാൻ പ്രസ്താവിക്കുന്നുണ്ടു്. സുദൎശനത്തിൻെറ ഉൽബോധനം കവി ഭഗവാനു സ്വല്പമൊരു ധീരോദ്ധതത്വം ഉണ്ടാക്കുന്നതിനുവേണ്ടി പ്രയോഗിച്ചിട്ടുള്ള പൊടിക്കൈയാണെന്നു ഞാൻ മുൻപുതന്നെ പറഞ്ഞു കഴിഞ്ഞുവല്ലോ. ഇങ്ങനെ അനേകം ഭേദങ്ങഠം രൂപകകാരനായ കവി മൂലകഥയിൽനിന്നു വരുത്തീട്ടുണ്ടെങ്കിലും, അവയെല്ലാം സന്ദൎഭോചിതവും തത്തദ്രസപരിപോഷോപയുക്തവുമായിരിക്കുന്നു എന്നുള്ളതിനു സംശയമില്ല.

ഗ്രന്ഥസംഖ്യകൊണ്ടു് അത്യന്തം സംക്ഷിപ്തമാണെങ്കിലും അൎത്ഥംകൊണ്ടു ഗുരുതരമായ ഒരു നിബന്ധമാണു് ദൂതവാക്യം. രസജ്ഞന്മാരായ നടന്മാൎക്ക മനസ്സിരുത്തി അഭിനയിക്കുവാൻ തക്ക പാകത്തിലുള്ളതും രംഗവാസികളെ മുഷിപ്പിക്കത്തക്ക വിസ്തരത്തോടു കൂടാത്തതുമായ

ഈ ദൃശ്യപ്രബന്ധം കേരളത്തിലെ നാട്യകലാവിദഗ്ദ്ധന്മാരായ ചാക്യാന്മാർ മുൻകാലങ്ങളിൽ ധാരാളമായി ആടി വന്നിരുന്നു. താദൃശമായ ആ ദൂതവാക്യത്തിൻെറ ഗദ്യ രീതിയിലുള്ള ഒരു ഭാഷാവിവൎത്തനമാണു് ഭാഷാപരിഷ്ക്കരണക്കമ്മിററിയിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന ഈ ഗ്രന്ഥം. ഭാഷാവിവൎത്തനമെന്നു കേഠംക്കുമ്പോഠം മൂലത്തിലെ വാക്യങ്ങളുടേയും പദ്യങ്ങളുടേയും അൎത്ഥം അന്യൂനാനതിരിക്തമായി മലയാളഭാഷയിൽ സങ്ക്രമിപ്പിച്ചിട്ടുള്ള ഒരു ഗ്രന്ഥമാണു് ഇതെന്നു വായനക്കാർ ധരിച്ചേക്കാം. എന്നാൽ ആ ധാരണ ശരിയായിരിക്കയില്ല. മൂലത്തിലെ വാക്യങ്ങളുടേയും പദ്യങ്ങളുടേയും അൎത്ഥം അങ്ങനെതന്നെ ഭാഷയിൽ പകൎത്തിട്ടുള്ള ഭാഗങ്ങഠം ഇതിൽ വളരെ ദുല്ലഭമാണു്. വാക്യങ്ങളുടേയും പദ്യങ്ങളുടേയും ഭാഷാനുവാദത്തിനു പുറമെ അഭിനിനീഷുക്കളായ നടന്മാൎക്കു രംഗപ്രയോഗത്തിന്നുവേണ്ട ഉപദേശങ്ങളുംകൂടി അതാതു സന്ദൎഭങ്ങളിൽ ഇതിൽ കൊടുത്തിട്ടുണ്ടു്. ഉദാഹരണത്തിന്നു് ഇതിലെ സ്ഥാപന(പ്രസ്താവന)യെത്തന്നെ എടുക്കാം. മൂലത്തിൽ നാന്ദിയുടെ അന്തത്തിൽ സൂത്രധാരൻ പ്രവേശിച്ചു പൂൎവ്വരംഗപ്രധാനാംഗമായ മംഗളശ്ലോകപാഠം ചെയ്തതിന്നുശേഷം "ഏവമാൎയ്യമിശ്രാൻ വിജ്ഞാപയാമി. അയേ കിന്നു ഖലു മയി വിജ്ഞാപനവ്യഗ്രേ ശബ്ദ ഇവ ശ്രൂയതേ. അംഗ പശ്യാമി" എന്ന വാക്യം ചൊല്ലുകയാണു് ചെയ്യുന്നതു്. ഭാഷയിലാകട്ടെ ഈ വാക്യത്തിൻെറ വിവൎത്തനത്തിന്നു മുമ്പു് "എൻറ പ്രസ്താവംകൊണ്ടു വിസ്തൃതകഥാശേഷസൂചകപ്രവീണവാണീവിലാസമുടയനാകിന സൂത്രധാ

രൻ മൃ....ഗാരജജ്ജ്ജരഹസ്തരാകിന്ന പാരിപാൎശ്വകന്മാരോടു കൂട പുറപ്പെട്ടു രംഗത്തിങ്കൽ പഞ്ചപദമെന്റെ രംഗഭൂമീങ്കൽ സഭാപതിയോടു കൂടി വസിച്ചവരുളെന്റ പണ്ഡിതമഹാസഭ നോക്കി ആശീൎവ്വാദം പണ്ണി തിരിഞ്ഞു നെപത്ഥ്യശാല നോക്കി ചെല്ലിൻറവൻ; കൂത്താടുവാനാക്കിയ കൊണ്ടു കുറവു കെട്ടു എൻെറാളുടം അറിയിപ്പൂ എൻറു ചൊല്ലി ചെല്ലിൻറവൻ” എന്നിങ്ങനെ മംഗളശ്ലോകപാഠാനന്തരം കഥാവസ്തുംശവിജ്ഞാപനത്തിന്നു മുമ്പു സൂത്രധാരൻ ചെയ്യേണ്ടതായ കൎത്തവ്യത്തെ ഇമ്മട്ടിൽ വിവരിച്ചിരിക്കുന്നു. സ്ഥാപനയുടെ അവസാനത്തിൽ “എൻറിങ്ങനെ ശ്രുതസ്ഥാപന, ദൃഷ്ടസ്ഥാപന, സ്മൃതസ്ഥാപന എൻറി സ്ഥാപനകളിൽവച്ചുകൊണ്ടു ശ്രുതസ്ഥാപനകൊണ്ടു കഥാസ്ഥാപന ചെയ്തു മേലിൽ വന്ന കഥയെ സൂത്രിച്ചു കീഴ കഴിഞ്ഞ കഥയെ രംഗത്തിങ്കൽ സ്ഥാപിച്ചു രംഗദേവതാവന്ദനം പണ്ണി പ്രയോഗാൎത്ഥമായി നെപത്ഥ്യശാല നോക്കി ചൊല്ല തുടങ്ങിനാൻ കഥാസൂചകൻ സൂത്രധാരൻ” എന്നിങ്ങനെ സൂത്രധാരന്റെ രംഗനിഷ്ക്രമണത്തിങ്കലുള്ള ചടങ്ങു പിഴയാതെ വിവരിച്ചിരിക്കുന്നു.

ഇതുപോലെ മേലിലും ഓരോ പാത്രത്തിന്റെയും പ്രവേശത്തിൽ ആ പാത്രത്തിന്റെ ധ്യാനവും രംഗപ്രവേശപരിപാടിയും ഈ വിവൎത്തനത്തിൽ വിശദമായി പറഞ്ഞിട്ടുണ്ടു്. അതെല്ലാം മൂലത്തിലില്ലാത്തതാണു്. ചില ഉദാഹരണങ്ങൾ കാണിക്കാം.

മൂലം—(തതഃ പ്രവിശതി കാഞ്ചുകീയഃ) കാഞ്ചുകീയഃ—

ഭാഷ—പിന്നാൻ കാഞ്ചുകീയൻ ദുൎയ്യോധനനിയോഗത്താൽ രാജസമൂഹത്തെ മന്ത്രശാലയിലാക്കുവാനദ്ധ്യവസിക്കിൻറവൻ പ്രതിഹാരകപ്രവരന്മാരെ നോക്കി.

മൂലം—(തതഃ പ്രവിശതി യഥാനിർദ്ദിഷ്ടോ ദുൎയ്യോധനഃ) ദുൎയ്യോധനഃ—

ഭാഷ—അരുളിച്ചെയ്താൻ കൌരവേന്ദ്രൻദുൎയ്യോധനന്തിരുവടി ദ്യൂതപരായണരാകിന പാൎത്ഥന്മാർ പന്ത്രണ്ടു സംവത്സരം വനവാസവും ഒരാണ്ടജ്ഞാതവാസവും കഴിച്ചു വിരാടദ്രുപദസമന്വിതരായ് യുദ്ധത്തിന്നദ്ധ്യവസിച്ചു ഉപപ്ലാവ്യമാകിൻറ ശാഖാനഗരത്തെ പ്രാപിച്ചാർ എൻറു കേട്ടു മതിബലവിശുദ്ധമാകിന മഹാരാജമണ്ഡലത്തോടുകൂടി മഹാകാൎയ്യം വിചാരിപ്പൂ എൻറു കല്പിച്ചു രാജാക്കളെ കൂട്ടിക്കൊണ്ടുപോരുവാൻ കാഞ്ചുകീയനെ നിയോഗിച്ചു മന്ത്രശാല നോക്കി എഴുന്നരുളുൻറവന്തന്തിരുവടിയുടെ ഉത്സാഹാദ്ധ്യവസായങ്ങളെ നിരൂപിച്ചരുളിച്ചെയ്താൻ— ഇത്യാദി.

മൂലം—(തതഃ പ്രവിശതി വാസുദേവഃ കാഞ്ചുകീയശ്ച) വാസുദേവഃ—

ഭാഷ—അരുളിച്ചെയ്താൻ ശ്രീചക്രായുധൻ ശ്രീവാസുദേവന്തിരുവടി ധൎമ്മരാജനിയോഗത്താൽ സാത്യകിസനാഥമാകിന ഒരക്ഷൌഹിണിപ്പടയോടുകൂട ദൂതെഴുന്നരുളി വൃകസ്ഥലം പ്രാപിച്ചു വിഹിതാനുഷ്ഠാനതൽപരരാകിന ബ്രാഹ്മണവൎഗ്ഗത്തിന്നു അനുഗ്രഹം പണ്ണി ഹസ്തിനപുരം പ്രാപിച്ചു അവിടെ ഉണ്ടാകിന രാജമാൎഗ്ഗമേ

വാദരായണസമേതനായ് മന്ത്രശാലനോക്കി എഴുന്ന രുളുൻറാൻ ശ്രീവാസുദേവന്തിരുവടി തന്തിരുവടിയുടെ ഉത്സാഹാദ്ധ്യവസായങ്ങളെ നിരൂപിച്ചരുളിച്ചെയ്താൻ —ഇത്യാദി.

മേൽക്കാണിച്ച ഉദാഹരണങ്ങളിൽ നിന്നു് ഈ ഭാഷാഗദ്യവിവൎത്തനം മൂലത്തിൻെറ ഒരു പരിഭാഷ മാത്ര മല്ലെന്നു തെളിയുന്നുണ്ടു്. ഇതേ നിലയിൽ ഭാഷാഗദ്യ രൂപേണയുള്ള വാക്യങ്ങൾ ചൊല്ലിക്കൊണ്ടു് അഭിനയി ക്കേണമെന്ന ഉദ്ദേശത്തോടുകൂടിയല്ല ഇതെഴുതീട്ടുള്ളതു്. മൂലനാടകം ആടുന്ന ചാക്യാന്മാൎക്കു് ആട്ടപ്പടങ്ങു പിഴ യ്ക്കാതിരിക്കുന്നതിനും അതാതു പാത്രങ്ങളുടെ തന്മയീഭാവ ബോധം ജനിക്കുന്നതിനും ഉപകരിക്കുവാൻവേണ്ടി നാട്യ കലാകോവിദനായ ഒരു പ്രാചീനപണ്ഡിതൻ നിൎമ്മിച്ച തായിരിക്കണം ഈ ഗ്രന്ഥം. ചുരുക്കത്തിൽ പറയുന്ന തായാൽ രംഗോപജീവികളായ ചാക്യാന്മാരുടെ ഒരു 'പഴ യപാഠപുസ്തക'മാണു് ഇതെന്നൂഹിക്കാവുന്നതാണു്.

ഈ ഊഹത്തെ സഹായിക്കുന്നതിനു് ഈ ഗ്രന്ഥ ത്തിൽ വേറെയും ചില തെളിവുകളുണ്ടു്. ചാക്യാന്മാർ 'കൂടിയാട്ട'മായി നാടകങ്ങൾ ആടുമ്പോൾ ആദ്യത്തെ പടങ്ങളായ 'അക്കിത്ത' കഴിഞ്ഞതിനു ശേഷം നമ്പ്യാർ മിഴാവിൻെറ മുൻപിൽ നിന്നു് 'അരങ്ങു തളിക്കുക' എന്നൊരു പടങ്ങു നടത്തുക പതിവുണ്ടല്ലോ. ആടുവാൻ ഭാവിക്കുന്ന നാടകത്തിലെ മംഗളശ്ലോകം ചൊല്ലി അതി ലെ കഥാസാരം വിവരിക്കുന്ന 'തമിഴു്' പറയുന്നതി നാണു് അരങ്ങു തളിക്കുക എന്നു പേർ പറയുന്നതു്.

'സുന്ദരകാണ്ഡം തമിഴി'ൽനിന്നു് അരങ്ങു തളിക്കുന്ന തിനു ചൊല്ലാവുള്ള ഭാഗം മഹാമഹിമശ്രീ അമ്മാമൻ തമ്പുരാൻ തിരുമനസ്സിലെ 'കൂത്തും കൂടിയാട്ടവും' എന്ന പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്. അതു പ്രകൃതത്തിനു് ഉപയുക്തമാകയാൽ ഇവിടെ പകൎത്തുന്നു.

"അരുളിച്ചെയ്താൻ അമൃതകിരണശേഖരപ്രിയതന യൻ അത്ഭുതാനുഭാവൻ അഞ്ജനാനന്ദനൻ മാരുതാത്മ ജൻ ശ്രീഹനുമാൻ. അംഭോജസംഭൂതിസംഭവോത്ഭാവ നാസംഭാവിതനായി അവാങ്മനസഗോചരങ്ങളാകിന ഗുണഗണങ്ങളുടയവനായി മൃഗേന്ദ്രബഹളമാകിന മഹേ ന്ദ്രത്തെ മറകൊണ്ടു മൈനാകാചലലംഘനം ചെയ്തു അമ ൎത്ത്യനിയുക്തയാകിയ സുരസയെ ജയിച്ചു അംബരചാരി കൾക്കു ഹിതമാകാംക്ഷിച്ചു സിംഹികയെക്കൊന്നു സായം കാലത്തു സാഗരതീരസ്ഥനായി ത്രികൂടമഹിധ്രാനു ബദ്ധമാകിന ലങ്കാനഗരത്തെ പ്രാപിച്ചു അതിക്ഷുഭിത സഹസ്രാക്ഷ പക്ഷവിക്ഷിപ്തസപക്ഷക്ഷിതിധരപക്ഷവി ക്ഷോഭദക്ഷഭിദുരഭീതനായി സലിലാധിപാബദ്ധസഖ്യ നായി ഫണിഗണമണികിരണനികരവലമഥനചാപപ രിശോഭിതനായി നാഗകന്യകമാരുടെ ലീലാദികൾക്കു് ആശ്രയഭൂതനാകിന മൈനാകത്തെ ലംഘിച്ചു് അത്രയു മല്ല അംബരത്തിനുടെ വൃത്തമാകിന ചമ്മാപനയനം ചെയ്തിതോ എന്നാലെന്നുടെ ഗുരുവാകിന വായുഭഗവാ നേയും വൈനതേയാദികളേയും വിസ്മയിപ്പിച്ചു അഖില ലോകൈകനാഥനാകിന രഘുവീരനുടെ ശരവരം കണ ക്കേ ഒരു വിഘ്നമെന്നിയേ ലങ്കാനഗരത്തെ പ്രാപിച്ചേൻ

എന്നരുളിച്ചെയ്യുന്ന മാരുതിയുടെ സാഗരതരണം എപ്രകാരമെങ്കിൽ അതിന്നു മുന്നമേ ശ്രീമനോഭിരാമൻ ദേവൻതിരുവടി സൂൎയ്യാത്മജനോടു സഖ്യംചെയ്തു ശൂനാസീരസൂനുനിധനംചെയ്തു സുഗ്രീവനെ വാനരരാജാവാക്കിക്കല്പിച്ചു സാവരജനായി മാല്യവാന്മേലധിവസിച്ചരുളിനാൻ. വൎഷാവസാനത്തിങ്കൽ ദിനകരതനയൻ അനാഗതനാക ഹേതുവായി അവരജനെ നിയോഗിച്ചരുളിനാൻ. അക്ഷണമേ അക്ഷീണപരാക്രമനാകിന ലക്ഷ്മണൻ വാനരരാജധാനിയെ പ്രാപിച്ചു ജ്യാഘോഷം ചെയ്യുന്ന കാലത്തു ചാപജ്യാഘോഷംകൊണ്ടു കമ്പിതഹൃദയനാകിന വാനരാധിപതി താരയുടെ മധുരാലാപങ്ങളെക്കൊണ്ടു് അനുനീതനായ സുമിത്രാത്മജനെ പ്രണാമംചെയ്തു. അവനോടുകൂടീട്ടു മതംഗാശ്രമത്തെ പ്രാപിച്ചു വിനീതനായി അവനീപതിയെ നമസ്കരിച്ചുനിൽക്കുന്നകാലത്തു് അരുളിച്ചെയ്തു ശ്രീമനോഭിരാമൻ ദേവൻതിരുവടി. എടോ സുഗ്രീവ വാനരശ്രേഷ്ഠ ഇക്കാൎയ്യത്തിന്നു ഞാനുമല്ല ലക്ഷ്മണനുമല്ല പ്രഭുവാകുന്നതു്. എന്നാൽ ഇപ്പോഠംതന്നെ മൈഥിലീമാൎഗ്ഗണത്തിന്നായിക്കൊണ്ടു മൎക്കടവീരന്മാരെ നിയോഗിക്ക എന്നരുളിച്ചെയ്തതു കേട്ടു തരണിതനയൻ നാലു ദിക്കിലേയ്ക്കും വാനരത്താന്മാരെ നിയോഗിച്ചു. നാളോടുനാളു കൂടുമ്പോഠം വരേണ്ടും അല്ലാത്തവനു ശൂലാരോഹണം ദണ്ഡമെന്നു കല്പിച്ചു നിയോഗിച്ച കാലത്തു് അവനീചന്ദ്രദേവൻ ആഞ്ജനേയനെ അടുത്തരികെ വിളിച്ചു് അംഗുലീയകവും കൊടുത്തു് അടയാളവാക്കും അറിവിച്ചു നിയോഗിച്ച കാല

ത്തു് അപ്രതിഹതപരാക്രമനാകിന്ന പശുപതിതനയൻ അവിടെനിന്നും പുറപ്പെട്ടു് അചലഗഹനനഗരനദികളിൽ സീതാന്വേഷണംചെയ്തു സഞ്ചരിക്കുന്ന കാലത്തു അംഗദൻ ആഗതനാകിന്ന ഹയഗ്രീവനെ ദശഗ്രീവനെന്നു കല്പിച്ചു നിഗ്രഹിച്ചു മരുഭൂമിയിങ്കൽ പരിഭ്രമിക്കുന്ന കാലത്തു....” ഇത്യാദി.

“രാമാംഗുലീയകധരോ രഘുവീരദൂതോ
രാഗാന്ധരാവണകുലക്ഷയധൂമകേതുഃ
രോഷാഭിഭൂതനിഖിലാരി ബലോ ഹനൂമാൻ
രക്ഷാം തനോതു സതതം പവനാത്മജോ വഃ”

എന്ന മംഗളശ്ലോകത്തിൻെറ ‘തമിഴാ’ണു് അതു്. ആ തമിഴം ദൂതവാക്യത്തിൽ നാന്ദ്യന്തത്തിൽ സൂത്രധാരൻ ചൊല്ലുന്ന

“പാദഃ പായാദുപേന്ദ്രസ്യ
സൎവ്വലോകോത്സവഃ സ വഃ
വ്യാവിദ്ധോ നമുചിൎയ്യേന
തനുതാമ്രനഖേനഖേ”

എന്ന മംഗളശ്ലോകത്തിൻെറ ‘ഭാഷ’യും (1—5 ഭാഗങ്ങൾ) തമ്മിൽ ഒന്നു തട്ടിച്ചുനോക്കിയാൽ രണ്ടിനും തമ്മിൽ ഭാഷയുടെ പഴക്കംകൊണ്ടല്ലാതെ രചനാരീതികൊണ്ടോ “വിസ്തൃതകഥാശേഷ” വിവരണരീതികൊണ്ടോ യാതൊരു ഭേദവും കാണുന്നില്ല. ആകയാൽ ഈ പുസ്തകത്തിലെ ആദ്യത്തെ ഗദ്യം ദൂതവാക്യം കൂടിയാട്ടമ്പോൾ “അരങ്ങുതളിക്കു”ന്നതിനുള്ളതാണെന്നു വിചാരിക്കാം. അരങ്ങു തളിക്കുവാൻ ചൊല്ലുന്ന ശ്ലോകം ആട്ട

വാൻപോകുന്ന കഥയുടെ സംക്ഷേപത്തെ പ്രതിപാദിക്കു ന്നതും കഥയിലെ നായകനെ വന്ദിച്ചുംകൊണ്ടുള്ളതുമായിരിക്കണമെന്നുണ്ട്. അതിവിടെ യോജിക്കുന്നുണ്ടോ എന്നു നോക്കാം. ഇവിടെ അവയവശക്ത്യാ മോചനാദാവത്തെ സൂചിപ്പിക്കുന്ന "നമുചി" പദംകൊണ്ടു ദൂതുപറഞ്ഞു കൌരവസഭയിൽനിന്നു യാത്രപുറപ്പെട്ട ഭഗവാനെ മോചിക്കാതെ ബന്ധിപ്പാനൊരുങ്ങുന്ന ആസുരപ്രകൃതിയായ ദുര്യോധനനേയും "വ്യാവിദ്ധഃ" എന്നതുകൊണ്ടു വിശത്രുപപ്രദർശനനിമിത്തമായ ക്ഷിപ്താവസ്ഥയേയും സൂചിപ്പിച്ചിരിക്കയാൽ ഈ ശ്ലോകത്തിൽ കഥാസൂചനം അടങ്ങിയിരിക്കുന്നു. ത്രുപകത്തിലെ നായകൻ ഉപേന്ദ്രാഭിധകൂടിയുള്ള ശ്രീകൃഷ്ണനാണെന്നു മുൻപു സമർത്ഥിതമായല്ലോ.

ചാക്യാരുടെ ആട്ടത്തിൽ ഗദ്യത്തിലോ പദ്യത്തിലോ എന്തിലായാലും സംക്ഷിപ്തമായി പറയപ്പെട്ട അർത്ഥത്തെ വികസിപ്പിച്ചു വലുതാക്കിയും പ്രസക്താനുപ്രസക്തരീതിയിലുള്ള ഉപകഥകളെക്കൊണ്ടു വിസ്താരം വരുത്തിയും നീട്ടിയാടുക പതിവാണ്. അങ്ങനെ ചെയ്യുന്നതു പ്രകൃതമായ രസത്തിന്റെ പരിസ്ഫൂർത്തിക്കു വലിയ സഹായമായിരിക്കും. പ്രസ്തുതഗ്രന്ഥത്തിൽ പലേടത്തും ഇപ്രകാരം മൂലത്തിൽ വളരെ ചുരുക്കി സൂചിപ്പിച്ചിട്ടുള്ള അർത്ഥത്തെതുലോം വലുതാക്കി വർണ്ണിച്ചെഴുതിക്കാണുന്നുണ്ട്. മന്ത്രശാലയിലേക്കു പുറപ്പെടുന്ന ദുര്യോധനന്റെ വചനമായ

"ഉദ്ധൂതരോഷമിവ മേ ഹൃദയം സഹർഷം
പ്രാപ്തം രണോത്സവമിമം സഹസാ വിചിന്ത്യ
ഇച്ഛാമി പാണ്ഡവബലേ വരവാരണാനാ-
മുൽകൃത്തദന്തമുസലാനി മുഖാനി കർത്തും"

എന്ന ശ്ലോകത്തിൻെറ ഭാഷ (8—14 ഭാഗങ്ങൾ) എത്ര വളരെ വിസ്തൃതമായിരിക്കുന്നു എന്നു നോക്കുക. "പ്രാപ്തം രണോത്സവം" എന്നതിനെ "രംഗേ വിജയമാനസ്യ കീർത്തിർഭവതി ശാശ്വതീ" എന്ന പ്രമാണമെടുത്തു വിസ്തരിച്ചിരിക്കുന്നു. "പാണ്ഡവബലേ" എന്നുള്ളിടത്തു പാണ്ഡുവിൻെറ ഉത്ഭവം, രാജ്യപ്രാപ്തി, ശാപലബ്ധി, മാദ്രീസംഗമത്താലുള്ള മരണം മുതലായവയെ വിവരിച്ചു് പാണ്ഡു കൌരവന്മാക്കു ദോഷം ചെയ്തവനാണെന്നു പറഞ്ഞുവച്ചു പാണ്ഡവന്മാർ ചെയ്തിട്ടുള്ള പരാഭവങ്ങളെ വിസ്തരിച്ചിരിക്കുന്നു. പാണ്ഡവന്മാരുടെ ബാല്യം, അസ്ത്രശിക്ഷ, അതിൽ അജ്ജുനനുണ്ടായ ആധിക്യം, പാഞ്ചാലബന്ധനം, അവരിലുണ്ടായ വൈരം, അവരെ നശിപ്പിക്കാൻ ചെയ്ത പ്രയത്നങ്ങൾ, പാഞ്ചാലീവിവാഹം, അദ്ധരാജ്യദാനം, സുഭദ്രാഹരണം, ഖാണ്ഡവദാഹം, രാജസൂയം, ദ്യൂതവിജയം, വനത്തിലേക്കുള്ള നിർവ്വാസനം, ഗോഗ്രഹണം മുതലായവയെല്ലാം ഈ ഘട്ടത്തിൽ എടുത്തു പറഞ്ഞിരിക്കുന്നു. പാണ്ഡവന്മാർ യുദ്ധത്തിന്നു പുറപ്പെടുന്ന വിവരമറിഞ്ഞു കോപിച്ചും പ്രതിയോധനത്തിന്നുത്സാഹംചെയ്തുമിരിക്കുന്ന ദുര്യോധനൻെറ താൽക്കാലികമായ ഭാവം ശരിയായിപ്പുറപ്പെടുന്നതിന്നു പാണ്ഡവന്മാരിൽനിന്നുണ്ടായ പരാഭവങ്ങളുടെ സ്മരണകൾ മനസ്സിൽ പാഞ്ഞുകയറുന്നതു് ഒഴിച്ചുകൂടാത്തതാണു്. അതിനാൽ ദുര്യോധനൻ ഈവക പൂർവ്വകഥകൾ ആടുന്നതു് അവസരോചിതവുമാണു്.

ശ്രീവാസുദേവൻ തിരുവടി ദൂതു പറയുവാനായി കുരുസഭയിലേക്കെഴുന്നള്ളുമ്പോൾ വിചാരിക്കുന്ന

"കൃഷ്ണാപരാഭവഭുവാ രിപുവാഹിനീഭ-
കുംഭസ്ഥലീദലനതീക്ഷ്ണഗദാധരസ്യ
ഭീമസ്യ കോപശിഖിനാ യുധി പാൎത്ഥപത്രി-
ചണ്ഡാനിലൈശ്ച കുരുവംശവനം വിനഷ്ടം"

എന്ന പദ്യത്തിന്റെ ഭാഷ സവിശേഷം ശ്രദ്ധേയമാണു്. ഇത്രയധികം പൂൎവ്വകഥകൾ ചേൎത്തു പരത്തിയതും മനോഹരവുമായ ഒരു ഭാഗം ഈ പുസ്തകത്തിൽ വേറെ ഉണ്ടെന്നു തോന്നുന്നില്ല. പദ്യത്തിന്റെ യഥാശ്രുതമായ അൎത്ഥം പറഞ്ഞതിനുശേഷം "കൃഷ്ണാപരാഭവഭുവാ" എന്ന വിശേഷണപദത്തിൽനിന്നു പിടിച്ചു് "എങ്ങനെ ദ്രൌപദീപരിഭവത്തിന്നു ഹേതു വന്നവാറെങ്കിൽ അതിന്നു മുന്നമേ അജാതശത്രു ധൎമ്മപുത്രന്തിരുവടി അഭിഷിക്തനായ്" എന്നു തുടങ്ങി ശ്രീനാരദൻ ധൎമ്മപുത്രനോടു രാജസൂയയാഗം ചെയ്വാനുപദേശിച്ചതു്, ജരാസന്ധവധം, ഭീമാദികൾ രാജസൂയാൎത്ഥമായി നാലു ദിക്കുകളും ജയിച്ചതു്, രാജസൂയം, ശ്രീകൃഷ്ണന്നു് അഗ്രപൂജ ചെയ്തതു്, അതിൽ ശിശുപാലന്റെ ക്ഷോഭം, ഭീഷ്മരുടെ കോപം, ശിശുപാലവധം, സുയോധനന്റെ സഭാപ്രവേശം, ദ്രൌപദീകേശഗ്രഹണവും വസ്ത്രാക്ഷേപവും എന്നു മുതലായ പൂൎവ്വകഥകളെ വളരെ വിസ്തരിച്ചു പറഞ്ഞിരിക്കുന്നു. കൌരവന്മാർ പാണ്ഡവന്മാരോടു ചെയ്ത പരാഭവത്തിന്റേയും അധൎമ്മത്തിന്റേയും വിവിധങ്ങളായ അംശങ്ങൾ ഈ കഥകളിൽ കലൎന്നിട്ടുണ്ടു്. കൃഷ്ണാപരാഭവം കൊണ്ടു് അതു പരിപൂൎണ്ണമാകയും ചെയ്യുന്നു. ദൂതനായെഴുന്നള്ളുന്ന ഭഗവാന്റെ തിരുവുള്ളത്തിൽ ആ പരാഭവവും അധൎമ്മവും അത്യന്തശക്തിയോടുകൂടി ആരോഹണം ചെ

യ്യുന്നുണ്ട്. അതിനാൽ ഭഗവാൻ ഈവക കഥകൾ ആടുന്നതു് ഈ സന്ദർഭത്തിൽ അത്യന്തം ഉചിതവുമാണു്. രസജ്ഞനായ ഭാഷാഗദ്യകാരൻ പ്രസ്തുതഗദ്യപദ്യങ്ങളെ അഭിനയിക്കുന്ന നടന്മാരുടെ ഉപയോഗത്തിനു വേണ്ടിയാണു് ഈ ഭാഗം ഇത്ര വിസ്തരിച്ചതെന്നു പറയേണ്ടതില്ലല്ലോ

അതിമനോഹരമായ ഈ ഗ്രന്ഥത്തിൻെറ പ്രണേതാവു് ആരെന്നറിവാൻ ഒരു മാർഗ്ഗവും കാണുന്നില്ലെങ്കിലും കൊല്ലം 564_ാമാണ്ടു "മിഥുനഞായിറു പോകിൻെറ നാളിൽ" "പരുവക്കൽ ഗൃഹത്തിൽ ഇരുന്ന ചെറിനാട്ടു് ഉണ്ണിരാമൻ" എന്നൊരാളാണു് ഈ ഗ്രന്ഥം പകത്തിയതെന്നു ഗ്രന്ഥാവസാനത്തിലെ കുറിപ്പിൽനിന്നു വിശദമാകുന്നുണ്ടു്. "ആദിത്യവർമ്മായ നമഃ" എന്നൊരു കുറിപ്പും അതിനു മുൻപു കാണുന്നു.

"ഇമാം സാഗരപര്യന്താം
ഹിമവദ്വിന്ധ്യകുണ്ഡലാം
മഹീമേകാതപത്രാങ്കാം
രാജസിംഹഃ പ്രശാസ്തു നഃ"

എന്ന ഭരതവാക്യത്തെ "നിർമ്മലചിത്തനാകിന രാജശ്രേഷ്ഠൻ അഴകുതായി രക്ഷിച്ചരുളുവോനാക. പശുക്കൾക്കും ബ്രാഹ്മണക്കും നന്മ വരുവിതാക" എന്നും മററും ഭാഷാന്തരപ്പെടുത്തിയതിനുശേഷം എഴുതിയിരിക്കുന്ന ഈ കുറിപ്പു് അക്കാലത്തു തിരുവിതാങ്കൂർ രാജ്യം ഭരിച്ചിരുന്ന സർവ്വാംഗനാഥബിരുദനായ ആദിത്യവർമ്മനെന്ന മഹാരാജാവിനെ ഉദ്ദേശിച്ചുള്ളതാണെന്നു ഞാൻ അനുമാനി

KOTTAYAM PUBLIC LIBRARY

ക്കുന്നു. സവ്വാംഗനാഥൻ ആദിത്യവമ്മനു സകലകലെ ആദിത്യവമ്മനെന്നും ബിരുദാന്തരമുണ്ടായിരുന്നു, രണ്ടു ബിരുദങ്ങൾക്കും അത്ഥം ഒന്നുതന്നെ. സ്വരാജ്യത്തിൽ തന്നെ അദ്ദേഹം സകല കലകളേയും പ്രോത്സാഹിപ്പിച്ചു വന്നു. കോഴിക്കോട്ടു സാമൂതിരിക്കോവിലകത്തെ ആയുധവിദ്യാഗുരുവായ അയ്യമേനോനേയും കളക്കാട്ടു രാജകുടുംബത്തിനു് അത്തരത്തിൽ ഒരു സ്ഥാനം വഹിച്ചിരുന്ന ദീപ്രദീപപ്പുലവരെയും മല്ലയുദ്ധത്തിൽ ജയിക്കുക നിമിത്തം വിഖ്യാതരായിത്തീന്ന തൻെറ രണ്ടു പ്രജകൾക്കു് അദ്ദേഹം ചില സ്ഥാനമാനങ്ങൾ 540_ാമാണ്ടിടയ്ക്കു നല്കിയതായി താമ്രശാസനമുണ്ടു്. ഉണ്ണുനീലിസന്ദേശത്തിലെ സന്ദേശവാഹിയായ "തൃപ്പാപ്പൂർ മൂപ്പു്" ആദിത്യവമ്മൻ അദ്ദേഹമെന്നാണു് എൻെറ വിശ്വാസം. ആ മഹാരാജാവിൻെറ നാലു ശിലാശാസനങ്ങൾ കാണപ്പെട്ടിട്ടുണ്ടു്. അവയിൽ രണ്ടു തിരുവനന്തപുരത്തു തിരുവാമ്പാടി ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലും ബാക്കി രണ്ടു് അഗസ്തീശ്വരത്തു വടശ്ശേരി ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലുമാണു് രേഖപ്പെടുത്തീട്ടുള്ളതു്. തിരുവാമ്പാടിയിലെ ശാസനങ്ങളിൽ ഒന്നു 550_ാമാണ്ടിടയ്ക്കും വടശ്ശേരിയിലെ ശാസനങ്ങളിൽ ഒന്നു 548_ാമാണ്ടും ശിലയിൽ കൊത്തപ്പെട്ടിരിക്കുന്നു. വടശ്ശേരിയിലെ മറേറ ശാസനത്തിൽ ഉള്ള താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങളിൽനിന്നു് ആദിത്യവമ്മമഹാരാജാവിനു സവ്വാംഗനാഥബിരുദം എന്തു കാരണങ്ങളാൽ സിദ്ധിച്ചു എന്നു വെളിവാകും.

"ശബ്ദജ്ഞോസ്മൃഥ ലക്ഷ്യലക്ഷണഗുരു_
സ്സംഗീതസാഹിത്യയോഃ
സ്മൃത്യർത്ഥപുരാണശാസ്ത്രനിഗമാൻ
ജാനേ പ്രമാണാന്യപി
ഷട്ത്രിംശത്സ്വപി ഹേതിഷു ശ്രമഗുണൈ_
ശ്ശോഭേ കലാനാം കലാ_
ന്യഭ്യാസേ യുധി ഭൂപതീംശ്ച വിജയേ
സർവ്വാംഗനാഥോസ്മ്യതഃ.

സാഹിത്യേ നിപുണാഃ കേചിൽ;
കേചിച്ഛാസ്ത്രേ ച കോവിദാഃ;
കേചിദ്ഗീതേ കൃതാഭ്യാസാഃ;
കേചിച്ഛസ്ത്രേ കൃതശ്രമാഃ;

ആദിത്യവർമ്മൻ! ഭവത_
സ്സാമ്യമിച്ഛന്തി തേ കഥം
പാരംഗതേന വിദ്യാനാ_
മേകാം വിദ്യാം സമാശ്രിതാഃ?"

ഇവ കഴിഞ്ഞു ശ്രീകൃഷ്ണപരമായ ഒരു മംഗലശ്ലോകവും കാണുന്നു. അതു താഴെ ഉദ്ധരിക്കുന്നതാണ്.

"നവജലദസമാഭഃ കഞ്ജനേത്രോ (കൃതങ്കഃ?)
പതിതചികുരസംഘം വാരയന്നംഗുലീഭിഃ
വ്രജയുവതിസമൂഹം സസ്മിതം പ്രേക്ഷമാണോ
വസതു ഹൃദി സദാ മേ ബാലകൃഷ്ണസ്യ ഭാവഃ"

ഈ ശാസനത്തിനു വേണ്ട പദ്യങ്ങൾ നിർമ്മിച്ചതു മഹാരാജാവു തന്നെയാണെന്നു് ഈ ശ്ലോകങ്ങളിൽനിന്നു സ്പഷ്ടമാകുന്നു. തിരുവാമ്പാടിയിലെ ക്ഷേത്രവും ഗോശാ

ലയും മണ്ഡപവും നവീകരണംചെയ്തതും അദ്ദേഹമായിരുന്നു.

"ശ്രീഗോഷ്ഠകൃഷ്ണാലയമണ്ഡപാനാം
ഗവാഞ്ച കൃഷ്ണസ്യ ച ഭൂസുരാണാം
നിവേശനാൎത്ഥം കൃതവാൻ നവതാ-
മാദിത്യവൎമ്മാ പരവീരവീരഃ.

അഹോ ദൃഷ്ടാ ച ഗോശാലാ-
പ്യഹോ ദൃഷ്ടഞ്ച മണ്ഡപം
അഹോ കൃഷ്ണാലയം ദൃഷ്ട-
മഹോ വക്ഷ്യാമി കിം സഖേ?
ആദിത്യവൎമ്മണാ രാജ്ഞാ
കൃതമേതത്ത്രയം ജനാഃ
പശ്യന്തു സസ്പൃഹം നിത്യം
ഭജധ്വം കൃഷ്ണമാദരാൽ"

ഇത്യാദി അവിടത്തെ ഒരു ശാസനത്തിൽ കാണുന്ന ശ്ലോകങ്ങൾ ഈ വസ്തുത തെളിയിക്കുന്നു. ഇവയിൽനിന്നെല്ലാം ആദിത്യവൎമ്മമഹാരാജാവു് ഒരു വലിയ യോദ്ധാവും സംഗീതസാഹിത്യരസികനും സൎവ്വശാസ്ത്രപണ്ഡിതനും കലാപുരസ്കൎത്താവും ആയിരുന്നതിനു പുറമെ ഒരു ഉത്തമനായ ശ്രീകൃഷ്ണഭക്തനുമായിരുന്നു എന്നു വായനക്കാൎക്കു കാണാവുന്നതാണല്ലോ.

"ഊയൽപൂമെത്തയിൽ മരുവുമക്കണ്ണനാമുണ്ണിതന്നെ-
ത്താലോലിച്ചും തഴുകിയുമുടൻ നിന്റു വൈകാതവണ്ണം".

ഇത്യാദി ഉണ്ണുനീലിസന്ദേശപദ്യങ്ങളുടെ സ്വാരസ്യം വിശദമാകണമെങ്കിൽ ഈ ശിലാശാസനങ്ങളുടെ സ്മരണംകൂടി വേണ്ടതാണു്. ഇങ്ങനെയുള്ള ഒരു മഹാരാജാവിന്റെ

ആജ്ഞ അനുസരിച്ചു് ഏതോ ഒരു പണ്ഡിതൻ ശ്രീകൃഷ്ണ ൻെറ മാഹാത്മ്യത്തെ പ്രകാശിപ്പിക്കുന്ന ദൂതവാക്യവ്യാ യോഗം ഭാഷാഗദ്യമാക്കിയിരിക്കണമെന്നൂഹിക്കുന്നതു് അനുപപന്നമല്ലല്ലോ. ഭാഷാരീതികൊണ്ടും ക്രി.പി. പതി നാലാംശതകത്തിനു മുൻപു് ഈ കൃതി വിരചിതമായിരി ക്കും എന്നു വിചാരിക്കുവാൻ വലിയ ന്യായമൊന്നും കാണുന്നില്ല. പക്ഷേ അതിനു് ഒരു ശതകത്തിനു മുൻ പോ മററോ രചിച്ചതും ആദിത്യവർമ്മമഹാരാജാവിൻെറ കാലത്തു പകർത്തിയെഴുതിയതുമാണെന്നും വരുവാൻ പാ ടില്ലായ്കയില്ല. അതെങ്ങനെയായാലും ക്രി. പി. 1389-ാ മാണ്ടോളമെങ്കിലും പഴക്കമുള്ള ഒരു കൃതിയാണു് ഇതെ ന്നുള്ളതു നിർവ്വിവാദമാണല്ലോ. പൊടിവുള്ള ഭാഗങ്ങൾ അച്ചടിയിൽ കുത്തിട്ടു വിട്ടുകളഞ്ഞിരിക്കുന്നു.

എഴുതിയ കാലം കുറിച്ചിട്ടുള്ള ഏടുകളിൽ എൻെറ അറിവിൽപെട്ടിട്ടുള്ളിടത്തോളം ഈ താളിയോലഗ്രന്ഥ ത്തിനാണു് പഴക്കം അധികമായി കാണുന്നതു്. അക്കാ ലത്തെ ഗദ്യഭാഷ, ലിപിവിന്യാസം ഇവയുടെ രീതി മന സ്സിലാക്കുവാൻ പ്രയോജകീഭവിക്കുന്ന ഈ ഗ്രന്ഥം എത്ര അമൂല്യമാണെന്നു വിശേഷിച്ചു പ്രസ്താവിക്കേണ്ടതില്ല ല്ലോ. ഈ ഗ്രന്ഥം എൻെറ കൈവശം വന്നിട്ടുവളരെക്കാല മായി. ഇതു സർക്കാർ സേവനത്തിൽനിന്നു വിശ്രമം ലഭി ച്ചതിനുശേഷം സൌകര്യംപോലെ സ്വന്തമായി പ്രസി ദ്ധപ്പെടുത്തുവാൻ ഞാൻ ഉദ്ദേശിച്ചിരുന്നതാണു്. കൊ ച്ചി ഗവണ്മെൻറിൽനിന്നു് എനിക്കു നല്കിയ ഭാഷാപരി ഷ്കരണക്കമ്മിററിയുടെ അദ്ധ്യക്ഷപദത്താൽ ഞാൻ ആ

KOTTAYAM PUBLIC LIBRARY KOTTAYAM.

ഗവണ്മെൻറിൻെറ നേക്കു് ഏററവും കൃതജ്ഞനായി തീൎന്നിരിക്കുന്നതുകൊണ്ടു് ആ കമ്മിററിയുടെ വകയായി ഇപ്പോൾ ഇതു പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

ചാക്യാരുടെ കൂത്തു്, കൂടിയാട്ടം ഇവയിൽ ഉപയോഗിക്കുന്ന ഭാഷ അത്യന്തം പ്രാചീനവും പരിഷ്കൃതവും പരിശുദ്ധവുമാണെന്നുള്ളതു സൎവ്വസമ്മതമാകുന്നു. ഭാഷാപദങ്ങളുടേയും സംസ്കൃതപദങ്ങളുടേയും ക്ഷീരനീരന്യായേന ഉള്ള യോഗമാണു് ഈ പരിഷ്കാരത്തിനും പരിശുദ്ധിക്കും പ്രധാനകാരണം. ഭാഷാദേവിയുടെ കളകോമളമായ പദവിന്യാസത്തിൽ മഞ്ജീരശിഞ്ജിതംപോലെയുള്ള മനോഹരമായ ഒരു മധുരനാദം ചാക്യാരുടെ ഗദ്യങ്ങളിൽ കേൾക്കുവാൻ സാധിക്കും. പ്രകൃതമായ ദൂതവാക്യം അത്തരത്തിലുള്ള ഗദ്യത്തിൻെറ അതിപ്രാചീനമായ ഒരു മാതൃകയാകുന്നു. ആ ഭാഷയുടെ പ്രത്യേകതകളിൽ ചിലതു താഴെ വിവരിക്കാം.

ക്രിയാപദത്തെ പിന്നിട്ടുള്ള കൎത്തൃപദപ്രയോഗം പ്രാക്തനഭാഷാഗദ്യകാവ്യങ്ങളിൽ സുലഭമാണു്. ഇത്തരത്തിൽ ഒരു രീതി തമിഴ് മണിപ്രവാളഗദ്യത്തിലും കാണ്മാനുണ്ടു്. പെരുന്തേവനാർ ഭാരതത്തിലെ ഓരോ പാട്ടിനും ഗദ്യരൂപത്തിൽ ഒരവതരണിക കാണുന്നു. ഗദ്യവും പാട്ടും ഒരു കവിയുടെ കൃതിയെന്നു തന്നെയാണു് അഭിയുക്തമതം. തമിഴ് മണിപ്രവാളശൈലിയെന്തെന്നു താഴെക്കാണുന്ന അതിലെ ഒരു ഖണ്ഡികയിൽനിന്നു വെളിവാകും. "ഇവ്വകൈ പേചിയ അശരീരിയാകിയ ആദിത്യഭഗവാനും അന്തൎദ്ധാനം ചെയ്ത പിൻപു കന്നി

നുടെയ* ത്യാഗശക്തിയിൻ മഹാനുഭാവം കണ്ടു തേവ ജാതികളും ആശ്ചയ്യപ്പെട്ടു പുഷ്പവഷം പൊഴിന്താർ. അ പ്പൊഴുതു ബ്രാഹ്മണനും എല്ലൈയില്ലാത്തൊർ പ്രിയമെ യ്തിയവിടത്തു, കന്നൻ തൻ കവചകുണ്ഡലങ്കളൈത്താനെ വാങ്കുമളവിൽ ദൈവികത്തിനാൽ അവൈകൈഴനെ കിഴ, വാങ്കി ദേവേന്ദ്രഹസ്തം കീഴ്പ്പട തൻകൈ മേർ പ്പട, അകമലർന്തുളൻചൊലുടൻ കൊടുപ്പ, ദേവേന്ദ്രനും വാങ്കി മഹാപ്രിയസ്ഥനായ് നിന്നൈയൊക്കും ത്യാഗ പരർ ഇല്ലൈയെൻറുചൊല്ലി സ്വാഗതം ചൊല്ലി മററു അന്തക്കന്നനൈവിട്ടു നീങ്കി മീണ്ടപോതു, ശാർങ്ഗ പാണി, ചക്രമേന്തി, പഞ്ചായുധൻ, പവിത്രമൂത്തി, ശ്രീവാസുദേവൻപക്കർപോയ്ത്തിരുവടി തൊഴുതു കവച കുണ്ഡലങ്കളൈക്കാട്ടിത്തേവലോകത്തുക്കുപ്പോവാനാക വി ടൈ വേണ്ടിനാനൈത്തടുത്തുപ്പിന്നും യാതു അരുളിച്ചെ യ്താൻ ശ്രീവാസുദേവൻ.”

“വിദുരൻകോയിലിടംകൊണ്ടാൻ ശ്രീവാസുദേവൻ” “ശ്രീവാസുദേവനൈ നോക്കി യാതു ചൊന്നാൻ ദുര്യോ ധനൻ” ഇത്യാദി പ്രയോഗങ്ങൾ ആ ഗ്രന്ഥത്തിൽ ധാരാളമായുണ്ടു്. ഗവേഷണപടുവായ ശ്രീമാൻ ചിറ യ്ക്കൽ ബാലകൃഷ്ണൻ നായർ ബി. എ. എനിക്കയച്ചു തന്നിട്ടുള്ളതും ഭാഷാപരിഷ്കരണക്കമ്മിററിയുടെ ആഭിമു ഖ്യത്തിൽ പ്രസിദ്ധീകരിക്കുവാൻ ഇടയുള്ളതുമായ ഉത്തര രാമായണം ഭാഷാഗദ്യത്തിലും “യമലോകം നോക്കിപ്പോ

---

* കന്നൻ=കണ്ണൻ

വിത്തും ചെയ്യാൻ രാക്ഷസരാജാവു രാവണനൻ" "ബ്രഹ്മ ലോകം നോക്കിയെഴുന്നരുളിനാൻ ബ്രഹ്മൻ തിരുവടി" "വിഷ്ണുഭഗവാനെച്ചെന്നു കണ്ടു നമസ്കരിച്ചറിയിപ്പുതും ചെയ്യാനിന്ദ്രൻ" ഇത്തരത്തിലുള്ള പ്രയോഗങ്ങൾ ഒട്ടു വളരെ കാണാവുന്നതാണു്. തിരുവനന്തപുരം ശ്രീമൂലം ഗ്രന്ഥാവലിയുടെ പതിമ്മൂന്നും പതിന്നാലും അങ്കങ്ങ ളായി പ്രസിദ്ധപ്പെടുത്തീട്ടുള്ള ഭാഗവതം ഭാഷാഗദ്യ ത്തിൽ "ഭഗവാന്റെ അനുഗ്രഹമെന്നറിഞ്ഞാരവർ" "കടമ്പുമരത്തിന്മേൽ കരേറി അവൻ കിടക്കുന്നതിനു മീതെ അങ്ങു ചാടീ ഭഗവാൻ" "ഒരു നാഴിക ചെല്ലുകി ലൊരു യുഗമെന്നു തോന്നുന്നു അവക്കു്" "അപ്പോൾ വൈശ്രവണന്റെ അനുജനാകുന്ന ശംഖചൂഡൻ വന്നാ നവിടേക്കു്" ഇങ്ങനെയുള്ള വാക്യങ്ങൾ അവിടവിടെ ക്കാണുന്നുണ്ടെങ്കിലും കർത്താവിനു പിൻപു വരുന്ന ക്രിയ യോടുകൂടിയ വാക്യങ്ങളാണു് അധികം. എന്നാൽ നേരേ മറിച്ചാണു് ഈ വിഷയത്തിൽ ദൂതവാക്യത്തിന്റെ നില. ക്രിയയ്ക്കു പിന്നീടല്ലാതെ കർത്താവു വരുന്ന വാക്യങ്ങൾ ഇതിൽ വളരെ ചുരുങ്ങും.

ക്രിയകളോടു ലിംഗപുരുഷവചനപ്രത്യയങ്ങൾ ഘടി പ്പിച്ചു ഭാഷാഗദ്യത്തിൽ ഇപ്പോൾ ആരും പ്രയോഗിക്കാ റില്ലല്ലോ. 'ലീലാതിലക'ത്തിലെ "ക്രിയായാം കാല ത്രയേ പ്രായോ ഗദിതം" എന്ന സൂത്രത്തിൽ നിന്നു ക്രി. പി. പതിന്നാലാംശതകത്തിൽ പ്രായേണ ക്രിയക ളോടു മൂന്നു കാലങ്ങളെക്കുറിക്കുമ്പോഴും ലിംഗപുരുഷവച നപ്രത്യയങ്ങൾ ചേർത്തിരുന്നു എന്നു കാണാവുന്നതാണു്.

'പ്രായഃ' പദഗ്രഹണംകൊണ്ടു പ്രത്യുദാഹരണങ്ങൾക്കും സ്ഥാനമുണ്ടെന്നു വരുന്നു. ദൂതവാക്യത്തിൽ അങ്ങനെയുള്ള പ്രത്യുദാഹരണങ്ങൾ നന്നെച്ചുരുക്കമാണു്. ഭാഗവതം ഭാഷയിൽ "ശ്രീശുകൻ പറഞ്ഞു" എന്നും "ശ്രീശുകൻ പറഞ്ഞാൻ" എന്നും അവ്യവസ്ഥിതമായി പ്രയോഗങ്ങൾ കാണുന്നതിനു പുറമെ "ബ്രാഹ്മണസ്ത്രീകൾ ആശീർവ്വാദത്തെയുംചെയ്തു" "ഭഗവാൻ ശ്രീകൃഷ്ണൻ പുറപ്പെട്ടതുംചെയ്തു" എന്നും മററുമുള്ള വാക്യങ്ങളും വിരളമല്ല.

പഴയ മലയാളത്തിൽ പ്രചുരപ്രചാരങ്ങളായ പല പദങ്ങളും പ്രയോഗങ്ങളും ദൂതവാക്യത്തിൽ ഉണ്ടു്. അലങ്ങുക (അലയുക), തറാതെ (തെററാതെ), എഴന്നിററു (എഴുനേററു), പട്ടുക (പെട്ടുക), പണ്ണി (ചെയ്തു), ഞാങ്ങൾ (ഞങ്ങൾ), നൽവരവു് (സ്വാഗതം), പിളന്നു (പിളന്റു), വീണ്ണു (വീണു), ആനത്തലവങ്ങൾ (ആനത്തലവന്മാർ), അമഷ് (അമഷം), സൂക്ഷ്മിച്ചു (സൂക്ഷിച്ചു) മുതലായവ ഓരോന്നിനും ഓരോ വിജ്ഞേയമായ ചരിത്രമുണ്ടു്. അതെല്ലാം ഇവിടെ പ്രപഞ്ചനം ചെയ്യുവാൻ സൌകര്യമില്ല. 'ന്ന'യ്ക്കുപകരം 'ൻറ' പ്രയോഗിക്കുന്നതായിരുന്നു പണ്ടത്തെ നടപ്പു്. "ഉണ്ടു്", "അല്ലോ" ഇവയ്ക്കു പകരം "ഒണ്ടു്", "എല്ലോ" എന്നാണു് യഥാക്രമം ഗ്രന്ഥത്തിൽ എഴുതിക്കാണുന്നതു്. ആ പാഠങ്ങൾ അതേനിലയ്ക്കുതന്നെ സ്വീകരിച്ചിരിക്കുന്നു. "എല്ലോ" എന്ന പ്രയോഗം കണ്ണശ്ശരാമായണത്തിലുമുണ്ടു്. "അല്ലോ" എന്ന പ്രയോഗവും പണ്ടു നടപ്പുണ്ടായിരുന്നതായി കാണു

ന്നു. "പോയ്ക്കെട്ടു" തുടങ്ങിയ ചില പഴയ ഭാഷാശൈലികളും ദൂതവാക്യത്തിൽ ഇല്ലാതില്ല.

ഭാവികാലത്തിലുള്ള പിൻവിനയെച്ചം കൂടാതെ കാലാദിവിശേഷങ്ങളൊന്നുമില്ലാത്ത കേവലക്രിയയായ നടുവിനയെച്ചം മാത്രം കാണിച്ച പൂർണ്ണക്രിയ പ്രയോഗിക്കുക എന്നതു ഭാഷയിൽ ഇന്നു നടപ്പില്ല. തമിഴിൽ ഇന്നും അതു നടപ്പിലിരിക്കുന്നുണ്ടു്. പ്രസ്തുതഗ്രന്ഥത്തിൽ അത്തരത്തിലുള്ള പ്രയോഗം പ്രായേണ കാണുന്നുണ്ടു്. "പുറപ്പെടത്തുടങ്ങീതു അസുരഗണം" "മൃഷ്ടമായി ഭുജിക്കഎൻറിവ്വണ്ണം പ്രവർത്തിക്കത്തുടങ്ങീ" ഇത്യാദി പ്രയോഗങ്ങൾ നോക്കുക.

ഇതുപോലെ ഇനിയും ചിലതു പ്രസ്താവയോഗ്യമായിട്ടുണ്ടു്. സഹസ്രവാഹു, വെലാൽക്കരിക്ക, വാധ എന്നു തുടങ്ങി ബകാരത്തിൻെറ സ്ഥാനത്തു വകാരപ്രയോഗം പല സ്ഥലങ്ങളിൽ കാണുന്നുണ്ടു്. വ, ബ എന്നിവയ്ക്കു തമ്മിൽ അഭേദം സംസ്കൃതത്തിൽ ഉണ്ടെങ്കിലും ശ്ലേഷസിദ്ധി മുതലായ പ്രയോജനങ്ങളുള്ളിടത്തേ അതു കാണുന്നുള്ളു. പ്രകൃതത്തിൽ ഉള്ള വകാരം സ്വശാക്ഷരങ്ങളുടെ വർഗ്ഗങ്ങളിൽ തൃതീയാക്ഷരമില്ലാത്തതായ തമിഴിൻെറ സംബന്ധത്തെയാണു് കാണിക്കുന്നതു്; അവയെ തത്ഭവങ്ങളായിത്തന്നെ അംഗീകരിക്കേണ്ടതുമാണു്. രേഫം കൊണ്ടു് ആരംഭിക്കുന്ന ചില പദങ്ങളുടെ മുമ്പിൽ ഇകാരം വന്നു് "ഇരണ്ടു" മുതലായ വിധത്തിലാകുന്ന സമ്പ്രദായവും ചില സ്ഥലങ്ങളിൽ കാണുന്നുണ്ടു്. ഇതു

ലീലാതിലകത്തിലെ "ഫലി ന വിശേഷഃ" എന്ന സൂത്രത്തെ അനുസരിച്ചുവരുന്ന വികാരമാകുന്നു. ഇവയെല്ലാം ഭാഷയിൽ തമിഴിൻെറ ആധിപത്യം നിലനിന്നുവന്നിരുന്ന ഒരു കാലത്തെ കാണിക്കുന്ന ചിഹ്നങ്ങളാണു്. ഇതുപോലെ സംസ്കൃതത്തിൻെറ അധികാരവും ഭാഷയിൽ ഏറക്കുറെ പ്രതിഷ്ഠിതമായിരുന്നുവെന്നു താഴെ ചൂണ്ടിക്കാണിക്കുന്ന ഉദാഹരണങ്ങൾ വ്യക്തമാക്കും.

ഒരു ക്രിയയുടെ കാലംകൊണ്ടു മറെറാരു ക്രിയ നടക്കുന്ന കാലത്തെ കാണിക്കുന്ന വിഷയസപ്തമി അല്ലെങ്കിൽ സതിസപ്തമി പ്രയോഗിക്കുന്ന സമ്പ്രദായം സംസ്കൃതഭാഷയിൽ ഉള്ളതാണു്. ഈ വിഷയസപ്തമിയുടെ അസ്പഷ്ടമല്ലാത്ത ഒരു സ്വരൂപം ഈ ഗ്രന്ഥത്തിൽ അതിസുലഭമായി കാണുന്നുണ്ടു്. "ത്രൈലോക്യൈശ്വര്യത്തെ ദേവേന്ദ്രനു കൊടുത്തു ത്രൈലോക്യത്തെ സ്ഥിതി വരുത്തിയ കാലത്തു" "അമരരാജധാനിയെ പ്രാപിച്ചു അമരകളോടു പരാക്രമിക്കിൻെറ കാലത്തു", "അധോക്ഷജനെ നോക്കി അറിയിച്ചവസ്ഥയിൽ" എന്നു തുടങ്ങിയ പ്രയോഗങ്ങൾ നോക്കുക. തമിഴ്മണിപ്രവാളത്തിലും ഈ ശൈലിയുടെ സംക്രമമുണ്ടു്.

സംസ്കൃതത്തിലെ ശത്രന്തം, ശാനജന്തം എന്നിവയുടെ പ്രതിരൂപകങ്ങളായ വിശേഷണങ്ങൾ (പേരെച്ചങ്ങളിൽ ലിംഗപ്രത്യയം ചേർത്തു നാമങ്ങൾ പോലെയാക്കിയ നിർദ്ദേശകവർത്തമാനവിശേഷണങ്ങൾ) ഇന്നു ഭാഷ

യിൽ പ്രയോഗിക്കാറില്ല. എന്നാൽ അവ ഈ പുസ്തക ത്തിൽ ധാരാളം കാണുന്നുണ്ടു്. വിശേഷണവിശേഷ്യ ങ്ങളുടെ പൂർവ്വാപരഭാവം മാററി വിശേഷണം പിൻപു ചേർക്കുന്നതും ഇതിൽ അപൂർവ്വമല്ല. "........സൂത്രധാരൻ ........നൈപത്ഥ്യശാല നോക്കി ചെല്ലിൻറവൻ........അ റിയിപ്പു എൻറു ചൊല്ലി ചെല്ലിൻറവൻ........."ഇത്യാദി വാക്യങ്ങൾ നോക്കുക.

സംസ്കൃതത്തിലെ ബഹുവ്രീഹിസമാസം ദ്രാവിഡഭാ ഷകളോടു തീരെ ഇണക്കമില്ലാത്ത ഒന്നാണു്. അതിനെ ഭാഷപ്പെടുത്തുന്നതു സംസ്കൃതം പഠിക്കുമ്പോൾ പരിഭാഷ ചൊല്ലുന്ന രീതിയിൽതന്നെയായാലേ വിശദമാകയുള്ളു. ഭാഷയുടെ സംസ്കൃതപാരതന്ത്ര്യം കുറഞ്ഞുതുടങ്ങിയതോടു കൂടി ഈ രീതി ഇപ്പോൾ ക്ഷയിച്ചുവന്നിട്ടുണ്ടു്. എന്നാൽ ഈ ഗദ്യഗ്രന്ഥത്തിൽ പരിഭാഷചൊല്ലുന്നതിൻെറ ഛായ യുള്ള രീതിതന്നെയാണു് ആ വക ഘട്ടങ്ങളിൽ സ്വീക രിച്ചു കാണുന്നതു്. "ചുവന്നു ചെറുതാകിന തിരുവുട മ്പിനെ ഉടയനായ്", "സമാഗതമാകിന യുദ്ധമഹോത്സ വത്തെ നിരൂപിച്ചു സന്തോഷത്തോടുകൂടി ഇരിക്കിൻറ എന്നുടെ ഹൃദയം കടഞ്ഞു കളയപ്പെട്ടിരിക്കിൻറ ക്രോധ വേഗത്തോടു കൂടിയ കണ്ണൊക്കെ ഇരിക്കിൻറു" എന്നു തുടങ്ങിയ പ്രയോഗങ്ങൾ നോക്കുക.

യച്ഛബ്ദം, തച്ഛബ്ദം എന്നിവയുടെ ഘടനകൊണ്ടു വിശേഷണവിശേഷ്യഭാവത്തെ കാണിക്കുന്ന സമ്പ്രദായം സംസ്കൃതത്തിലുള്ളതു് അങ്ങനെതന്നെ പണ്ടത്തെ അനു യാത്ഥം ചൊല്ലുന്ന രീതിയിൽ ഈ ഗ്രന്ഥത്തിൽ അംഗീ

കരിച്ചിരിക്കുന്നു. ശ്രീവടുവാമനമൂൎത്തിയുടെ ആ ശ്രീപാദം നിങ്ങളെ രക്ഷിപ്പൂതാക യാതൊരു ശ്രീപാദംകൊണ്ടു നമുചിയാകിൻറ ദൈത്യവരൻ...........ഉയത്തെടുത്തെറിയപ്പെട്ടിതു" ഇത്യാദി പ്രയോഗങ്ങളും നോക്കുക.

ഇങ്ങനെ നോക്കിയാൽ "ചതുസ്സാഗരപൎയ്യന്തയായിരുന്ന ഭൂമി നിസ്സപത്നയായ് എനതധീനയായിട്ടുംവരും" എന്നാദിയായി വിശേഷണവിശേഷ്യങ്ങൾക്കു സമാനലിംഗത്വം മുതലായി സംസ്കൃതത്തിൽ നടപ്പുള്ള വേറെയും ചില വിധികളും ഈ ഗ്രന്ഥത്തിൽ അനുസരിച്ചിരിക്കുന്നതായി കാണാം. ഇതിലെ ഭാഷ സംസ്കൃതത്തിൻറയും തമിഴിൻറയും സംബന്ധത്തെ ധാരാളം കാണിക്കുന്നുണ്ടെന്നു് ഇത്രയുംകൊണ്ടു വിശദമാകുമെന്നു വിശ്വസിക്കുന്നു.

ഭാഷാപരിഷ്ക്കരണക്കമ്മററിയിൽനിന്നു പ്രസിദ്ധപ്പെടുത്തുന്നതിനു സൎവ്വപ്രകാരത്തിലും യോഗ്യതയുള്ളതാണു് ഈ പുസ്തകം. ഇങ്ങനെ പറയുന്നതിനു പല കാരണങ്ങൾ ഉണ്ടു്. ഗദ്യമായാലും പദ്യമായാലും, പഴയ ഗ്രന്ഥപ്പുരകളിൽനിന്നു കണ്ടുകിട്ടുന്ന പ്രാചീനങ്ങളായ ഭാഷാഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതു ഭാഷയുടെ പരിഷ്ക്കരണത്തിനു പ്രധാനോപായമാണു്. ഭൂതത്തിൻറ സാഹായ്യം കൂടാതെ വൎത്തമാനത്തിൻറ ഗുണദോഷങ്ങളെ വിവേചനം ചെയ്യാനോ ഗുണദോഷവിവേചനം കൂടാതെ ഭാവിയിലേക്കുള്ള പരിപാടിയെ ഉറപ്പിക്കുവാനോ സാധിക്കയില്ല. ഈ ഗ്രന്ഥം പ്രാചീനകാലത്തു നടപ്പിലിരുന്ന പ്രൌഢവും പ്രസന്നവും സരസവുമായ ഭാഷാഗദ്യത്തി

ൻെറ മാതൃക നമുക്ക കാണിച്ചുതരുന്നുണ്ടു്. ഭാഷയിൽ ഗദ്യമെന്നൊന്നു് ഈയിടയിലുണ്ടായതാണെന്നുള്ള ചിലരുടെ അന്ധവിശ്വാസത്തിനു് ഇത്തരത്തിലുള്ള ഗ്രന്ഥങ്ങളുടെ പ്രകാശനംകൊണ്ടു വലിയ ഇളക്കം തട്ടാതെയിരിക്കുകയില്ല. ഇതിൽ സംസ്കൃതപദങ്ങളും തമിഴരീതിയിലുള്ള പ്രയോഗങ്ങളും ധാരാളമുണ്ടെങ്കിലും അതു ഭാഷയുടെ പ്രസന്നതയ്ക്കോ സാരസ്യത്തിന്നോ ഒരുവിധത്തിലും ഹാനിവരുത്തുന്നില്ല. യാതൊരു കൌടില്യവും കൂടാതെ നിരർഗ്ഗളമായൊഴുകുന്ന ഇതിലെ ഭാഷാനദി ഏവരേയും തന്നിൽ അവഗാഹനം ചെയ്വാൻ പ്രേരിപ്പിക്കാതിരിക്കയില്ല. അവഗാഹനം ചെയ്യുവരുടെ ഹൃദയം തെളിയുകയും, ഇത്ര പ്രാചീനമായ കാലത്തുതന്നെ ഇത്ര സ്പൃഹണീയമായ ഗദ്യരീതി നമ്മുടെ ഭാഷയിൽ ഉണ്ടായിരുന്നുവല്ലോ എന്നു് അഭിമാനംകൊള്ളുകയും ചെയ്യും.

ഈ ഭാഷാഗദ്യം സാഹിത്യഗുണംകൊണ്ടു നോക്കുമ്പോഴും തുലോം ഉൽകൃഷ്ടമായിട്ടാണിരിക്കുന്നതു്. ശബ്ദഭംഗി, അൎത്ഥഭംഗി, കല്പനാചാതുൎയ്യം മുതലായവകൊണ്ടാണല്ലോ സാഹിത്യഗുണത്തെ കണക്കാക്കേണ്ടതു്. ഇവയെല്ലാം ഈ ഗ്രന്ഥത്തിൽ സഹൃദയജനങ്ങളുടെ ശ്ലാഘ്യപാത്രമാകത്തക്കവിധം ഇണങ്ങിയിരിക്കുന്നുണ്ടു്. ഉദാഹരണങ്ങൾ ഇതിൽ ആപാദചൂഡം കാണാം. ആദ്യത്തെ മംഗളശ്ലോകത്തിൻെറ വിവരണമായ ഗദ്യം, മന്ത്രശാലയിലേക്കു ചെല്ലുമ്പോൾ ദുര്യോധനൻ വിചാരിക്കുന്നതിനെ പറയുന്ന ഗദ്യം, അതിന്നടുത്തുതന്നെ ഭഗവാൻെറ വിചാരമായിട്ടുള്ള ഗദ്യം, ശ്രീകൃഷ്ണസുയോധന

സംവാദം, വിശ്വരൂപപ്രദശനം എന്നിവ വിശേഷിച്ചും പ്രസ്താവയോഗ്യമാണു്. കഥാവണ്ണനയിൽ ഒരു പാത്രത്തിൻെറ സ്വഭാവം അതിൻെറ വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും വ്യക്തമാക്കുന്നതിലാണു് കല്പനാചാതുയ്യം സ്ഥിതിചെയ്യുന്നതു്. ഇതിൽ ശ്രീകൃഷ്ണൻെറ വിചാരത്തെ വണ്ണിക്കുന്നതിൻെറ മദ്ധ്യത്തിൽ രാജസൂയം കഥ പറയുന്നതിൽ, ഭഗവാനു് അഗ്രപൂജ ചെയ്തതിൽ കുപിതനായി പല ദുർവ്വചനങ്ങളും പറയുന്ന ശിശുപാലനോടു യുധിഷ്ഠിരൻ പറയുന്നതു് "എടോ ശിശുപാലാ ഇസ്സഭയിങ്കൽ നിന്നെക്കാട്ടിൽ വൃദ്ധതമരായ് മഹാനുഭാവരാകിന മഹീപതിമാർ അനേകം ഉണ്ടിരിക്കിൻെറു. എൻെറാൽ ഇവർ സഹിച്ചിരിക്കിൻെറടത്തു നീയും പൊറുത്തിരിക്കയെല്ലയോ അഴകിയു" എന്നു മാത്രമാണു്. ഈ അനുനയവാക്കിൽനിന്നു് യുധിഷ്ഠിരൻെറ ശാന്തി, തിതിക്ഷ മുതലായവ പ്രസ്പഷ്ടമാകുന്നുണ്ടു്. അതു കേട്ടപ്പോൾ ശിശുപാലനോടു കോപിച്ചു ഭീഷ്മപിതാമഹൻ പറയുന്ന "അനുനയത്തിന്നഹനല്ല ശിശുപാലൻ" എന്നു തുടങ്ങിയ വാക്യങ്ങളിൽനിന്നു് അദ്ദേഹത്തിന്നുള്ള അസാധാരണമായ ഭഗവൽഭക്തിയും അപ്രതിഹതങ്ങളായ വീയ്യപരാക്രമങ്ങളും വ്യക്തമാകുന്നുണ്ടു്. ഭഗവാൻ ദുര്യോധനനോടു് അദ്ധരാജ്യം തരണമെന്ന യുധിഷ്ഠിരസന്ദേശത്തെ അറിയിച്ചതു കേട്ടു ദുര്യോധനൻ പറയുന്ന "എടോ ദൂതാ രാജ്യവ്യവഹാരത്തെ അറിയിൻെറാരുത്തനല്ല ഭവാൻ" എന്നാദിയായ വാക്യങ്ങൾ സുയോധനനുള്ള ഐശ്വയ്യമത്തത, ദുരഭിമാനം, പണ്ഡിതമ്മന്യത,

KOTTAYAM PUBLIC LIBRARY KOTTAYAM

സ്വജനദ്വേഷം മുതലായവയെ വിശദമാക്കുന്നുണ്ടു്. സൎവ്വജ്ഞനായ ഭഗവാന്റെ മുമ്പിൽ "അസാഹസൈസ്തദധ്യവസായഭീരുഭിഃ" ഇത്യാദിപ്രമാണം ചൊല്ലി അൎത്ഥം പറയുകയും, വലിയൊരു നീതിശാസ്ത്രജ്ഞനെന്നു ഭാവിച്ചു സാമദാനഭേദദണ്ഡങ്ങളെക്കുറിച്ചു പ്രസംഗിക്കയും ചെയ്യുന്ന സുയോധനന്റെ സ്വഭാവത്തെ കവി എത്രയും തന്മയത്വത്തോടുകൂടി ചിത്രീകരിച്ചിട്ടുണ്ടു്.

നാനൂററൻപതു കൊല്ലത്തിനു മുൻപു് എഴുതിയ ഈ താളിയോലഗ്രന്ഥത്തിലെ ലിപികൾ ഗ്രന്ഥാക്ഷരമാലയിൽനിന്നു മലയാളം ക്രമേണ വേർപെട്ടു വന്നതിന്റെ ഒരു പ്രധാനഘട്ടത്തെ വെളിപ്പെടുത്തുന്നുണ്ടു്. 'ൾ' എന്ന ടകാരഘടിതമായ ചില്ലിന്റെ സ്ഥാനത്തിൽ ഗ്രന്ഥത്തിൽ 'ക്യ' എന്നാണു് എഴുതിക്കാണുന്നതു്. ളകാരത്തിന്റെ ചില്ലാകയാലാണു് ഈ ചിഹ്നം പൂൎവ്വകാലങ്ങളിൽ ഗ്രന്ഥമെഴുത്തുകാർ ആ ഘട്ടങ്ങളിൽ ഉപയോഗിച്ചുവന്നതു്; അതിനു് ഔചിത്യവുമുണ്ടായിരുന്നു. അച്ചടിക്കുന്നതിനും വായിക്കുന്നതിനുമുള്ള സൌകൎയ്യത്തെ ഉദ്ദേശിച്ചു് 'ൾ' എന്ന ലിപി തന്നെയാണു് മുദ്രണത്തിൽ സ്വീകരിച്ചിട്ടുള്ളതു്. 'ഴ്' എന്നതു ഴകാരത്തിന്റെ ചില്ലായി ഗ്രന്ഥത്തിൽ ഗ്രഹിച്ചിരിക്കുന്നു. 'ങ്ങ' എന്നൊരു ലിപി പൂൎവ്വകാലത്തുണ്ടായിരുന്നില്ല. ഗ്രന്ഥത്തിൽ 'ംങ' എന്നാണു് ആ വൎണ്ണത്തിനുള്ള ലിപി. അച്ചടിയിൽ 'ങ്ങ' തന്നെ ഉപയോഗിച്ചിരിക്കുന്നു. 'ചെയ്തു' 'എയ്തു' എന്നിങ്ങനെ ഇപ്പോൾ യകാരതകാരസംയോഗത്തോടുകൂടി എഴുതേണ്ട വാക്കുകൾ ഗ്രന്ഥത്തിൽ

'ചെയിതു' 'എയിതു' എന്നാണു് എഴുതിക്കാണുന്നതു്. എന്നാൽ ആധുനികരീതി അച്ചടിയിൽ സ്വീകരിച്ചിരിക്കുന്നു. 'മ്' എന്നാണു് പ്രായേണ അനുസ്വാരത്തിൻെറ ചിഹ്നമായി ഗ്രന്ഥത്തിൽ എഴുതീട്ടുള്ളതു്. എന്നാൽ പരാക്ഷരത്തിൻെറ യോഗത്തിൽ മകാരത്തിനു യോജിപ്പുള്ള സ്ഥലങ്ങളിൽ മാത്രമേ ഇങ്ങനെ ചെയ്തുകാണുന്നുള്ളൂ. അല്ലാത്ത സ്ഥലങ്ങളിൽ 'ം' എന്ന അനുസ്വാരചിഹ്നംതന്നെ ഗ്രന്ഥമെഴുത്തുകാരനും ഉപയോഗിച്ചിരിക്കുന്നു. യാതൊരു വിരാമചിഹ്നവും ഗ്രന്ഥത്തിൽ ഇല്ല. വാക്യങ്ങൾ യഥാസൌകൎയ്യം മുറിച്ചു ചൊല്ലേണ്ട ഭാരം വായനക്കാൎക്കു വിട്ടുകൊടുത്തിരിക്കുന്നതായാണു് കാണുന്നതു്. അച്ചടിയിൽ ഖണ്ഡികാവിഭാഗം ചെയ്തിട്ടുണ്ടു്.

ഈ ആമുഖോപന്യാസം ഇനിയും ദീൎഘിപ്പിക്കുന്നില്ല. ഇതു ഭാഷയ്ക്കു് അനൎഘമായ ഒരു സമ്പത്തും ആഭരണവുമാണെന്നുള്ള എൻെറ അഭിപ്രായം പണ്ഡിതന്മാരായ ഭാഷാഭിമാനികൾ സമ്മതിക്കുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

തിരുവനന്തപുരം,
23—12—11.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ,
പ്രസിഡെൻറ്,
ഭാഷാപരിഷ്കരണക്കമ്മിററി.

# ദൂതവാക്യം

## നാടകം ഭാഷ

### (ഗദ്യം)

ഹരിഃ ശ്രീഗണപതയേ നമഃ.

പൊന്നാൻ സൂത്ര(ധാരൻ):—"ഭഗവാൻ ഇന്ദ്രാവരജൻ ഉപേന്ദ്രൻ ശ്രീവടുവാമനമൂൎത്തിയുടെ ആ ശ്രീപാദം നിങ്ങളെ രക്ഷിപ്പൂതാക. യാതൊരു ശ്രീപാദംകൊണ്ടു നമുചിയാകിൻറ ദൈത്യവരൻ അതിവിശാലമാകിന അംബരമാൎഗ്ഗത്തിങ്കൽ ഉയരത്തേട്ടുത്തെറിയപ്പെട്ടിതു, യാതൊരു ശ്രീപാദം ഊൎദ്ധ്വലോകമളപ്പാനുയരിൻറ കാലത്തു ത്രൈലോക്യത്തിന്നു ഉത്സവാൎത്ഥമായ് എടുത്തു നാട്ടിന കനകയൂപം പോലെ കാണപ്പെട്ടിതു. ഇങ്ങനെ ഇരുന്ന ഉപേന്ദ്രന്തിരുവടിയുടെ ശ്രീപാദം നിങ്ങളെ രക്ഷിപ്പൂതാക. തനുക്കളായ് താമ്രങ്ങളായിരിക്കിൻറ നഖമണികളോടുകൂടി ഇരിക്കിൻറ (ശ്രീപാദം) അംബരമാൎഗ്ഗത്തിങ്കൽ നമുചിയാകിൻറ ദൈത്യൻ എടുത്തെറിയപ്പെട്ടവാറു എങ്ങനെ എങ്കിൽ അതിന്നു മുന്നമേ നരകമഥനൻ നാരായണസ്വാമി നരസിംഹരൂപിയായ് ഹിരണ്യകശിപുവിനെ നഖമുഖങ്ങളെ കൊണ്ടു പിളന്നു കൊൻറു ത്രൈലോക്യൈശ്വൎയ്യത്തെ ദേവേന്ദ്രന്നു കൊടുത്തു ത്രൈലോക്യത്തെ സ്ഥിതിവരുത്തിയ കാലത്തു അസുരകളെല്ലാംകൂടി നിരൂപിച്ചു വൈരോചനി മഹാബലിയുടെ

സകാശത്തെ പ്രാപിച്ചു അവനെ നോക്കി പ്രതിപാദിച്ചു തുടങ്ങീ. എടോ ദൈത്യേന്ദ്രാ നിന്നുടെ പിതാമഹനായിരുന്ന ഹിരണ്യകശിപുവെന്നൊള്ളോൻ ഈ ത്രൈലോക്യാധിപത്യം അതിനെ വെലാൽക്രമിച്ചു പറിച്ചു കൊൾക ചെയ്തു. ദേവേന്ദ്രൻ വിഷ്ണുഭഗവാനെ പ്രാൎത്ഥിച്ചു വിഷ്ണു മായാപ്രഭാവംകൊണ്ടു ഹിരണ്യകശിപുവിനെ നിഗ്രഹിച്ചു സ്വീകരിച്ചൊൻറു ഈ സ്വൎഗ്ഗൈശ്വൎയ്യം. എൻറാൽ പെരിക വിരഞ്ഞു അ........ളെ എല്ലാമെയുന്നിഗ്രഹിച്ചു സ്വൎഗ്ഗൈശ്വൎയ്യം കൊണ്ടനുഭവിക്ക എൻറിങ്ങനെ പ്രതിപാദിച്ചു പ്രീതമനസ്സനാകിന മഹാബലിയെ ദേവവധാൎത്ഥമായ് ഇന്ദ്രനാക്കി അഭിഷേകം പണ്ണീതു. പിന്നെ ത്രൈലോക്യവിജയാൎത്ഥമായ് ദൈത്യകോടികളെ നിയോഗിച്ചാൻ മഹാബലി; പുറപ്പെടത്തുടങ്ങീതു അസുരഗണം. മഹാപത്മൻ നികുംഭൻ കാഞ്ചനാക്ഷൻ കപിസ്കന്ധൻ മേഘനാദൻ ബലന്ധമൻ തുടങ്ങി പുറപ്പെടത്തുടങ്ങീതു. സിംഹികാതനയൻ രാഹു പുറപ്പെട്ടാൻ. മഹാബലിയുടെ പുത്രൻ സഹസ്രവാഹു രഥാധിരഥകോടിപ്പടയോടുകൂട ധ്വജങ്ങൾ അശ്വങ്ങൾ ആനത്തലവങ്ങൾ എൻേറവമാദികളോടു കൂട അമരരാജധാനിയെ പ്രാപിച്ചു അമരകളോടു പരാക്രമിക്കിൻറ കാലത്തു സമൎത്ഥരാകിന ദൈത്യന്മാരുടെ ശരകുന്താദി ആയുധവരങ്ങളാൽ പരിപീഡിതരായ് കെട്ടോടിപ്പോയിതു ദേവതാവൎഗ്ഗം. സ്വൎഗ്ഗൈശ്വൎയ്യം മഹാബലിക്കായിതു. പിന്നെ ദേവകൾ സ്വൎഗ്ഗത്തെയും കളഞ്ഞു ബ്രാഹ്മണവേഷപ്രതിച്ഛന്നരായ് പൃഥിവിങ്കൽ പെരുമാറിൻറവർ

കാം തങ്ങളിൽ കൂടി നിരൂപിച്ചു ക്ഷീരാണ്ണവം പ്രാപിച്ചു ശ്രീനാരായണസ്വാമിയെ സ്തുതിക്കിൻറ കാലത്തു അനന്തനാകിൻറ അഹിപതിമേൽ അധിവസിച്ചരുളുൻറ അംബുജാലയാവല്ലഭൻ അമരകളുടെ സകാശം പ്രാപിക്കിൻറ കാലത്തു "പ്രഭുവേ മഹാബലിയുടെ ശൌയ്യാഗ്നിയാൽ ചുടപ്പെട്ടിരിക്കിൻറ ഞാങ്ങളെ നിന്തിരുവടിയുടെ കരുണാസ്രാവത്തിൽ മുഴക്കി കുളുപ്പിച്ചരുളുക ദേവദേവേശാ" എൻററിയിക്കിൻറ കാലത്തു ശ്രീപ്രഹ്ലാദകുലത്തിലൊരുള്ളൊരുത്തനാകയും എന്നിൽ ഭക്തനാകയുമൊണ്ടു എൻറാൽ ഉപായാന്തരങ്ങളെക്കൊണ്ടു അവനാലൊള്ള ഉപദ്രവത്തെ കെടുക്കിൻറിതൊണ്ടു എൻറരുളിച്ചെയ്തു അദിതിദേവിയുടെ തിരുവുദരാധാരത്തെ പ്രാപിച്ചരുളിനാൻ. അനന്തരം മഹാബലി ദുന്നിമിത്തഗ്രഹഗ്രഹീതനായ് പിതാമഹമുഖവിഗളിതമാകിന്ന പരംപുരുഷപരാക്രമത്തെ നിന്ദിക്ക നിമിത്തമായ് കോപിക്കിൻറ ശ്രീപ്രഹ്ലാദനിയോഗത്താൽ അശ്വമേധം ദീക്ഷിച്ചു പാത്രികളെ സംഗ്രഹിച്ചു ഋത്വിക്കുകളെ വരിച്ചു കൊണ്ടു കതിര പെരുമാററി ചടങ്ങു പിഴയാതെ യാഗഞ്ചെയ്തു മുടിച്ചു പ്രാത്ഥിതപ്രദാനപരായണനായ് വസിക്കിൻറ കാലത്തു, അദിതിദേവിയുടെ തിരുവുദരാധാരത്തിങ്കൽ നിൻറു ദിവ്യം വഷസഹസ്രംകൂടി ജനിച്ചു ചുവന്നു ചെറുതാകിന്ന തിരുവുടമ്പിനെ ഉടയനായ് ദേവമന്ത്രി ബൃഹസ്പതിയെ ഉപാധ്യായനായ് കല്പിച്ചു ആയിരം ശാഖകളോടുകൂടി ഇരിക്കിൻറ സാമവേദത്തിൽ വാമദേവ്യമാകിൻറ ശാഖ അളന്നു പാടി മഹാബലിയുടെ യജ്ഞവാടം പ്രാപിച്ചു

കാലത്തു, മധുരമധുരമാകിന്ന സാമഗാനംകേട്ടു സന്തോഷിതഹൃദയനാകിന്ന മഹാബലി ശ്രീവടുവാമനമൂത്തിയെ നോക്കി "നൽവരവാവുതാക. എന്തിന്നെ ഇച്ഛിക്കിൻറു? അഭിപ്രേതമായിരുന്ന വരത്തെ വരിക്ക" എൻറിങ്ങിനെ മഹാബലപരാക്രമനാകിന്ന മഹാബലി ചൊല്ലിൻറതു കേട്ടു അരുളിച്ചെയ്തു ശ്രീവടുവാമനമൂത്തി. "എടോ ദൈത്യേന്ദ്രാ രാജ്യത്തിങ്കൽ ശ്രദ്ധയില്ലാ എനക്കു. അപ്പടിയേ ധനത്തിലും രത്നങ്ങളിലും സ്ത്രീകളിലും ശ്രദ്ധയില്ലാ. നിനക്കു ധമ്മസ്ഥിതി ഉണ്ടാകിൻറതാകിൽ നിന്നെ പ്രാത്ഥിക്കിൻറേൻ ഗുവ്വത്ഥമായ് യജ്ഞശാല നാട്ടുവാൻ എന്നുടെ അടിയാൽ മൂവടി പ്രമാണം ഭൂമി തരവേണ്ടും" എൻറു പ്രാത്ഥിക്കിൻറ അവസ്ഥയിൽ "എടോ ബ്രാഹ്മണശ്രേഷ്ഠാ മൂൻറു പദങ്ങളേക്കൊണ്ടെന്തു നിന്തിരുവടിക്കു പ്രയോജനം? നൂറുതാൻ നൂറായിരന്താൻ അടി പ്രമാണം ഭൂമി അളന്നുകൊൾക" എൻറ മഹാബലിയുടെ വചനം കേട്ടു പ്രഹ്ലാദനാകിൻറ അതാന്ത്യൻ ചെൻറു ചെറുത്താൻ: "കേവലം ബ്രാഹ്മണനല്ല ഇവൻ. അസുരഹന്താവു അമരനാഥൻ നാരായണസ്വാമി ഇക്കാണാകിൻറതു. ബ്രഹ്മത്തേവരഗവ്വിതനായ് ത്രൈലോക്യൈശ്വയ്യഗവ്വിതനായ് നിന്തിരുവടിയുടെ ഗുരുവായിരുന്ന ഹിരണ്യകശിപുവിന്നെ ശ്രീനാരസിംഹന്തിരുവുടമ്പിന്നെ സംഗ്രഹിച്ചു കൂത്തു കൊടിയവായിരിക്കിൻറ നഖങ്ങളെക്കൊണ്ടു വക്ഷസ്ഥലം പിളന്നു കൊൻറരുളിയോൻ യാവനൊരുത്തൻ; അങ്ങനെ ഇരുന്ന നളിനാലയാകാന്തൻ നാരായണസ്വാമിയേ ഇതു" എൻറു പ്രഹ്ലാദൻ ചൊ

ല്ലിൻറതു കേട്ട "ക്ഷീരാർണ്ണവത്തിങ്കൽ അനന്താഹിഭോഗ പര്യ്യങ്കശായിയായ് ശ്രീശാർങ്ഗം നന്ദകം ശ്രീസുദർശനം കൌമോദകി ശ്രീപാഞ്ചജന്യം എൻറി പഞ്ചായുധങ്ങ ളോടുകൂടി ഇരിക്കിൻറ ശ്രീരമണൻ ശ്രീനാരായണസ്വാ മി യുദ്ധത്തിങ്കൽ വച്ചു പരാക്രമിപ്പാനശക്തനായ് വന്നി രക്കിൻറതാകിൽ കൊടുക്കിൻറിതൊണ്ടു" എൻറു ചൊ ല്ലി..........കളഞ്ഞു പൊല്പാനയിൽ നീർ കോരി കൊണ്ടു പോന്നു ത്രിഭുവനേശ്വരൻ ശ്രീനാരായണസ്വാമിക്കു മൂവ ടി പ്രമാണം ഭൂമിക്കു നീർവീഴ്ത്തിൻറ കാലത്തു, പ്രതിനവ വികസിതകമലദലസദൃശമാകിന്ന കരതലത്തിങ്കൽ ദാന വസലിലം വീണ്ണകാലത്തു, ഇരണ്ടു ശ്രീവാഹുക്കളും നാലായ് എട്ടായ് ക്രമത്താലെ ആയിരം ശ്രീവാഹുക്കൾ തികഞ്ഞു ശരശാർങ്ഗശംഖചക്രനന്ദകകൌമോദകീപ്രഭൃ ത്യായുധവരങ്ങളാൽ അലംകൃതങ്ങളാകിന്ന ശ്രീവാഹു ക്കളെ ഉടയനായ് ത്രൈലോക്യഭീതിശാന്ത്യർത്ഥം ജാംബ വാനെ നിയോഗിച്ചു സുതലമാകിൻറ വിലസ്വർഗ്ഗം ആ ചന്ദ്രതാരമായ് കൊടുത്തു കീഴനോക്കി ചെല്ലിൻറ ശ്രീപാ ദത്തെ കണ്ടുപിടിച്ച കാലത്തു പാദാവധൂതനായ് ഭൂമീൽ വീണ്ണു നുറുങ്ങിപ്പോയിനാൻ. ഊർദ്ധ്വലോകമളപ്പാനുയ രിൻറ ശ്രീപാദത്തെ നമുചിയാകിൻറ ദൈത്യൻ പിടിച്ച കാലത്തു ആകാശമാർഗ്ഗത്തിങ്കലാമാറു ഉയര കുടഞ്ഞരുളി നാൻ. യാതൊരു ശ്രീപാദം കൊണ്ടു നമുചിയാകിൻറ ദൈത്യവരൻ അതിമൃദുക്കളായി ചുവന്നു അതികോമള ങ്ങളായിരുന്ന നഖമണിനികരങ്ങളാൽ ബന്ധുജീവകുസു മസദൃശച്ഛായമായിരുന്ന അംബരമാർഗ്ഗത്തിങ്കൽ മേൽ

നോക്കി എടുത്തെറിയപ്പെട്ടിതു ത്രിഭുവനോത്സവൈകകൌ
തുകമായിരുന്ന ഇന്ദ്രാവരജൻ ഉപേന്ദ്രന്തിരുവടിയുടെ ആ
ശ്രീപാദാരവിന്ദം നിങ്ങളെ നിത്യമായ് രക്ഷിപ്പുതാക".

എൻറു പ്രസ്താവംകൊണ്ടു വിസ്തൃതകഥാശേഷസൂ
ചകപ്രവീണവാണീവിലാസമുടയനാകിന്ന സൂത്രധാരൻ
മൃ.....ഗാരജജ്ജരഹസ്തരാകിന്ന പാരിപാശ്വകന്മാരോടുകൂട
പുറപ്പെട്ടു രംഗത്തിങ്കൽ പഞ്ചപദഞ്ചെൻറു രംഗഭൂമീങ്കൽ
സഭാപതിയോടുകൂടി വസിച്ചരുളുൻറ പണ്ഡിതമഹാസ
ഭെ നോക്കി ആശീർവ്വാദം പണ്ണി തിരിഞ്ഞു നൈപത്ഥ്യ
ശാല നോക്കി ചൊല്ലിൻറവൻ; കൂത്താടുവാനാക്കിയ
കൊണ്ടു കുറവു കെട്ടു എൻറൊള്ളടം അറിയിപ്പൂ എൻറു
ചൊല്ലി ചെല്ലിൻറവൻ "എന്നേ വിജ്ഞാപനത്തിങ്കൽ
ഞാൻ ഏകാഗ്രചിത്തനായിരിക്ക ചെയ്യേ ഒരു ശബ്ദമേ
പോ....കേൾക്കാകിൻറു. അമയുമിതിനെ കുറികൊണ്ടു
കേൾപ്പൂ ഞാൻ" എൻറു ചൊല്ലിൻറ കാലത്തു നൈ
പത്ഥ്യത്തിങ്കൽ ശബ്ദമൊണ്ടായിതു "എടോ എടോ ദ്വാര
പാലപ്രധാനന്മാരേ മഹാരാജൻ ദുര്യോധനനാജ്ഞാപി
ക്കിൻറോൻ" എൻറിങ്ങനെ നൈപത്ഥ്യത്തിങ്കലൊണ്ടാ
കിൻറ ശബ്ദത്തെ കേൾക്കിൻറ സൂത്രധാരൻ "അറി
ഞ്ഞേൻ ഞാനി ശബ്ദമൊണ്ടാവാനൊള്ള കാരണം ദുർമ്മ
തികളാകിന്ന ദുര്യോധനാദികൾക്ക പ്രഥിതപരാക്രമരാ
കിന്ന പാണ്ഡുപുത്രന്മാരോടു വൈരം സംഭവിച്ച വിഷയ
ത്തിങ്കൽ മന്ത്രതത്വജ്ഞമാകിന്ന മഹീപതികുലത്തോടു
കൂടി കാര്യ്യന്നിരൂപിപ്പാൻ ദുര്യോധനനിയോഗത്താൽ ഭൃ
ത്യൻ രാജസമൂഹത്തെ മന്ത്രശാലയിലാക്കവാൻ അദ്ധ്യ

വസിച്ച മന്ത്രശാലെ നവീകരിക്ക ചെയ്യിൻറതു" എൻറി ങ്ങനെ ശ്രുതാസ്ഥാപന, ദൃഷ്ടാസ്ഥാപന, സ്മൃതാ സ്ഥാപന എൻറി സ്ഥാപനകളിൽ വച്ചുകൊണ്ടു ശ്രുതാ സ്ഥാപനകൊണ്ടു കഥാസ്ഥാപന ചെയ്തു മേലിൽ വൻറ കഥയെ സൂത്രിച്ചു കീഴ കഴിഞ്ഞ കഥയെ രംഗത്തിങ്കൽ സ്ഥാപിച്ചു രംഗദേവതാവന്ദനം പണ്ണി പ്രയോഗാൎത്ഥ മായ് നൈപത്ഥ്യശാല നോക്കി ചെല്ല തുടങ്ങിനാൻ കഥാസൂചകൻ സൂത്രധാരൻ.

ചൊന്നാൻ കാഞ്ചുകീയൻ ദുൎയ്യോധനനിയോഗത്താൽ രാജസമൂഹത്തെ മന്ത്രശാലയിലാക്കവാനദ്ധ്യവസിക്കിൻറ വൻ പ്രതിഹാരകപ്രവരന്മാരെ നോക്കി "എടോ എടോ പ്രതിഹാരശ്രേഷ്ഠന്മാരേ മഹാരാജൻ ദുൎയ്യോധനൻ ആ ജ്ഞാപിക്കിൻേറാൻ ഇപ്പൊഴ് മന്ത്രവിചക്ഷണരാകിന സൎവ്വമഹീപതിമാരോടും കൂട മന്ത്രിപ്പാനിച്ഛിക്കിൻേറാൻ എൻറാൽ സമസ്തരാജമണ്ഡലത്തെ മന്ത്രസഭയിലാക്കക എൻറിങ്ങനെ ദുൎയ്യോധനനിയോഗം" എൻറു ചൊല്ലി മുമ്പിങ്കൽ നോക്കിൻറവൻ "എന്നേ ഇവനെല്ലോ മഹിത മഹാമഹിമാവാകിന മഹാരാജനുൎയ്യോധനന്തിരുവടി ഇങ്ങു നോക്കി എഴുന്നരുളുൻേറാൻ പ്രശ്യാമകോമളമനോ ഹരവൎണ്ണനായ് യൌവനോദ്ദാമഗൎവ്വിതനായ് സിതതര മായ് അതിമൃദുവായ് രമണീയമായിരിക്കിൻറ ഉത്തരീയ കൂറ ഉടയനായ് വെൺകൊററകുട വെഞ്ചാമരം എൻേറവ മാദി രാജപരിച്ഛദപരിവൃതനായ് നാനാവിധങ്ങളായിരി ക്കിൻറ മണിഗണങ്ങളുടെ പ്രഭാപ്രവാഹത്താൽ ചുവപ്പി ക്കപ്പെട്ടിരുന്ന അവയവത്തെ ഉടയനായ് നക്ഷത്രമദ്ധ്യ

ത്തിങ്കലെ പാർവ്വണചന്ദ്രനെ കണക്കെ ഇരുന്ന ശോഭ യോടുകൂടി ഇവൻ ഇങ്ങു നോക്കി എഴുന്നരുളുന്നേറാൻ. എൻറാലി വൃത്താന്തവിശേഷത്തെ മഹാരാജന്ദുര്യോധന ന്തിരുവടിക്കറിയിപ്പൂ ഞാൻ" എൻറു ചൊല്ലി ദുര്യോധന സകാശന്നോക്കി ചെല്ലത്തുടങ്ങിനാൻ കാഞ്ചുകീയൻ.

അരുളിച്ചെയ്താൻ കൌരവേന്ദ്രൻ ദുര്യോധനന്തിരു വടി ധൃതപരായണരാകിന പാൎത്ഥന്മാർ പന്ത്രണ്ടു സംവ ത്സരം വനവാസവും ഒരാണ്ടജ്ഞാതവാസവും കഴിച്ചു വിരാടദ്രുപദസമ്മാനിതരായ് യുദ്ധത്തിന്നദ്ധ്യവസിച്ചു ഉപ പ്ലാവ്യമാകിൻറ ശാഖാനഗരത്തെ പ്രാപിച്ചാർ എൻറു കേട്ടു മതിബലവിശുദ്ധമാകിന മഹാരാജമണ്ഡലത്തോടു കൂടി മഹാകാൎയ്യം വിചാരിപ്പൂ എൻറു കല്പിച്ചു രാജാക്കളെ കൂട്ടിക്കൊണ്ടുപോരുവാൻ കാഞ്ചുകീയനെ നിയോഗിച്ചു മന്ത്രശാല നോക്കി എഴുന്നരുളുൻറവന്തന്തിരുവടിയുടെ ഉത്സാഹാദ്ധ്യവസായങ്ങളെ നിരൂപിച്ചരുളിച്ചെയ്താൻ: "പരിഹൃതവൈരിസാൎത്ഥരാകിന പാൎത്ഥന്മാർ പരാക്ര മോന്മുഖരായ് ഉപപ്ലാവ്യത്തെ പ്രാപിച്ചാർ എൻറു കേൾക്ക നിമിത്തമായ് സമാഗതമാകിന യുദ്ധമഹോത്സ വത്തെ നിരൂപിച്ചു സന്തോഷത്തോടുകൂടി ഇരിക്കിൻറ എന്നുടെ ഹൃദയം കുടഞ്ഞു കളയപ്പെട്ടിരിക്കിൻറ ക്രോധ വേഗത്തോടുകൂടിയ കണക്കെ ഇരിക്കിൻറു ബലാധിക രാകിന രാജവരന്മാൎക്ക യുദ്ധമെല്ലോ ഉത്സവമാകിൻറതു "രംഗേ വിജയമാനസ്യ കീൎത്തിൎഭവതി ശാശ്വതീ ഹത സ്യാപി രണേ യസ്യ നാകപൃഷ്ഠം വിധീയതേ" എൻറു. പാണ്ഡവകൾക്ക രാജ്യപ്രദാനഞ്ചെയ്യാതപക്ഷം കൊട്ടതാ

യിരിപ്പോരു യുദ്ധം സംഭവിക്കും. യുദ്ധഭൂമിങ്കൽ വച്ചു ജയിക്കിൻറുതാകിൽ എൻറുങ്കെടാ............യശസ്സിനെ പ്രാപിക്കാം മരിക്കിൻറുതാകിൽ വീരസ്വൎഗ്ഗത്തെ പ്രാപിക്കാം; എൻറിട്ടിരണ്ടു ജാതിയും ക്ഷത്രിയനു യുദ്ധമേ ഉത്സവമാകിൻറതു. എൻറിട്ടു സഹസാ സംപ്രാപ്തമാകിന യുദ്ധമഹോത്സവത്തെ മനസാ ചിന്തിച്ചു സന്തോഷത്തോടുകൂടി ഇരിക്കിൻറ എന്നുടെ ഹൃദയം നിരസ്തസമസ്തമാകിന അമൎഷയോടുകൂടിയ കണക്കെ ഇരിക്കിൻറൂ. ഭീഷ്മദ്രോണകൃപദ്രൗണിവികൎണ്ണകൎണ്ണാദി മഹാരഥരോടുകൂട യുദ്ധഭൂമിയെ പ്രാപിച്ചു കൊട്ടതാകിന യുദ്ധമദ്ധ്യത്തിങ്കൽ പരാജിതരാകിന പാണ്ഡവന്മാരുടെ തേർ കെട്ടുത്തു കുതിര കൊൻറു യോദ്ധാക്കളെ നശിപ്പിച്ചു സൎവ്വലക്ഷണസമ്പന്നങ്ങളായ് സജലജലധരസ്തനിതഗംഭീരഘോരഘോഷങ്ങളായ് മസ്തകമുയൎന്നു ഐരാവതവംശജാതങ്ങളായ് അതിഭയങ്കരങ്ങളാകിന ആനത്തലവങ്ങളുടെ മസ്തകമടത്തുകലെ ചോറു ചിതറി ദന്തങ്ങളെ മുറിച്ചു പരിഭ്രമിപ്പിച്ചു പത്തുദിക്കിലും പരാക്രമവിമുഖങ്ങളായ് പെരുമാറുമാറാകുവാൻ ശ്രദ്ധപണ്ണിൻേറൻ പാണ്ഡവസൈന്യമദ്ധ്യഗതങ്ങളാകിന ആനത്തലവങ്ങളുടെ ദന്തേമുസലങ്ങളോടു വേറുപടുത്തുകരേ....രേണുക്കളെ കണക്കെ ഇരുന്ന മുഖങ്ങളോടുകൂടുവാൻ ഇച്ഛിക്കിൻേറൻ. യുദ്ധം പ്രാപിക്ക നമ....മായ് അമൎഷയോടു വേറുപട്ടകണക്കെ ഇരിക്കിൻറൃ എന്നുടെ ഹൃദയം. ഒരിക്കലും അമൎഷയോടു വേറുപടുവാൻ വിഷയമില്ല എന്നുടെ ഹൃദയത്തിൽ പാണ്ഡുപുത്രന്മാർ അനവരതം അഭിഭവിക്കവിഷയമായ്.

അത്രേയുമല്ല ഇവരുടെ പിതാവു പാണ്ഡുവും വിരോധമേ ചെയ്യു. എങ്ങനെയെങ്കിൽ ശതധൃതിസമാനനാകിന്ന ശാന്തനവൻ ശ്രീഭീഷ്മന്തിരുവടി ചിത്രാംഗദനിധനാനന്തരം വിചിത്രവീൎയ്യനെ രാജ്യപരിപാലനാൎത്ഥം കല്പിച്ചു. അംബിക എൻറും അംബാലിക എൻറും നാമത്തോടു കൂടി ഇരുന്ന കാശിരാജനന്ദനമാരെ വിവാഹഞ്ചെയ്തു വിഷയിയാകയാൽ ക്ഷയരോഗംകൊണ്ടു മരിച്ചു സ്വൎഗ്ഗതനായ വിഷയത്തിങ്കൽ സത്യപരായണയാകിന്ന സത്യവതി സന്തത്യൎത്ഥം സൎവ്വജ്ഞനാകിന്ന ശ്രീവേദവ്യാസനെ പ്രാൎത്ഥിച്ചു അംബികയിൽനിൻറും അംബാലികയിൽ നിൻറും ധൃതരാഷ്ട്രരേയും പാണ്ഡുവിനേയുമുൽപാദിപ്പിച്ചു അവിടെ അന്ധനാകയാൽ ധൃതരാഷ്ട്രൻ രാജ്യാൎഹനല്ല എൻറു ചൊല്ലി പാതി രാജ്യവും പാണ്ഡുവിന്നു പകുത്തു കൊടുത്തു. സോമവംശജാതരാകിന്ന രാജാക്കണ്മാരിൽ ജ്യേഷ്ഠനേ രാജ്യപരിപാലനം ചെയ്യു എൻറാളെളടം നിരൂപിച്ചില്ല പാണ്ഡു. എൻറിട്ടു ഇവൎക്ക പിതാവാകിന്ന പാണ്ഡുവും വിരോധത്തെ ചെയ്താൻ. പിന്നെ മൃഗയാതൽപരനായ് ഹിമഗിരികാനനങ്ങളെ പ്രാപിച്ചു വരാഹശശഹരിണാദിമൃഗങ്ങളെ വധിക്കിൻെറടത്തു മൃഗരൂപധാരിണിയാകിന്ന ഋഷിപത്നിയെ ശരംകൊണ്ടു നിഗ്രഹിക്ക വിഷയമായ് മുനിശ്രേഷ്ഠനാലഭിശപ്തനായ് രാജ്യവാഹനഭണ്ഡാരാദികളോടു വേറുപട്ടു ശതശൃംഗത്തിന്മേലെ വസിച്ചാൻ. "അന്യായേനാൎജ്ജിതന്ദ്രവ്യം തന്ന്യായേന വിനശ്യതി" എൻെറാണ്ടു. ജ്യേഷ്ഠോചിതമാകിന്ന രാജ്യത്തെ പകുപ്പിച്ചുകൊണ്ടു പരിപാലിക്കയാൽ അഹേതുകമേ

ഋഷിപത്നിയെ നിഗ്രഹിച്ചു മുനിശ്രേഷ്ഠനാൽ ശപിക്കപ്പെട്ടു തന്നുടെ രാജ്യഭാരങ്ങളോടു വേറുപട്ടു മുടിഞ്ഞു. "ധർമ്മോ രക്ഷതി രക്ഷിതം" എൻറുമൊണ്ടു. ചതുസ്സാഗരപര്യന്തമായിരുന്ന ഭൂമി സമസ്തവും പിതാവു ധൃതരാഷ്ട്രർക്ക് ആയിട്ടു മുടിഞ്ഞു. ധർമ്മതൽപരനാകയാൽ പിന്നെ തപസ്സിന്നു ഝ്യവസിച്ചിരിക്കിൻറ പാണ്ഡു മാദ്രീസംഗമംകൊണ്ടു മരിച്ചു സ്വർഗ്ഗത്തെ പ്രാപിച്ചാൻ. ആമരണാന്തം തപസ്സിനെച്ചെയ്യാൻ ഭാഗ്യവൈപരീത്യം വന്നു പാണ്ഡുവിന്നു. പിന്നെ സ്വർഗ്ഗതനാകിന്ന പാണ്ഡുവിന്നു വേണ്ടും ഔർദ്ധ്വദേഹികാദികർമ്മങ്ങളെച്ചെയ്തു മുടിച്ചു മാതൃസമേതരായ് ശതശൃംഗത്തിന്മേൽ നിൻറു നാഗപുരത്തെ പ്രാപിച്ച പാൎത്ഥന്മാരെ കണ്ടു പിതാവു ധൃതരാഷ്ട്രന്തിരുവടി തന്നുടെ പുത്രന്മാരോടൊക്ക പാണ്ഡവകളെ പരിപാലിച്ചു കൃപാചാൎയ്യനെക്കൊണ്ടു അസ്ത്രം പയിററിച്ചു വസിക്കിൻറടത്തു, ഭരദ്വാജനന്ദനൻ ദ്രോണാചാൎയ്യൻ പാഞ്ചാലനാൽ പരിഭൂതനായ് ഹസ്തിനപുരത്തെ പ്രാപിച്ചു ധൃതരാഷ്ട്രനാൽ സൽകൃതനായ് അവനീപതിനന്ദനന്മാരെ അസ്ത്രം പയിററിൻറടത്തു അജിതപരാക്രമനാകിന്ന അൎജ്ജുനന്നു അഖിലാസ്ത്രശസ്ത്രാദികളിൽ ആധിക്യമൊണ്ടെൻറു അഖിലലോകം പ്രശംസിക്ക വിഷയമായ് അവൎണ്ണനീയ പരാക്രമനാകിന്ന കൎണ്ണനെ അംഗരാജ്യാഭിഷേകം പണ്ണി അൎജ്ജുനനോടു പരാക്രമിപ്പാന്തുടങ്ങിയേടത്തു, ഗുരുദക്ഷിണ പാഞ്ചാലഗ്രഹണമെൻറ ഭാരദ്വാജവചനഗൌരവം വിഷയമായ് പാഞ്ചാലന്മാരോടു പരാക്രമിച്ചു പരിഭൂതരായീ ധാൎത്തരാഷ്ട്രന്മാർ. അപ്രതിഹതപരാക്രമനാ

കിന അർജ്ജുനൻ അക്ഷണത്തിങ്കൽ പാഞ്ചാലരാജനെ പിടിച്ചുകെട്ടി രാജ്യാൎദ്ധം പകുപ്പിച്ചുകൊടുത്തു ദ്രോണരെ സന്തോഷിപ്പിച്ചാൻ. അന്നേറത്തുടങ്ങി പാണ്ഡവകളുടെ യശസ്സും നമ്മുടെ അയശസ്സും. പിന്നെ പ്രഥിതപരാക്രമരാകിന പാൎത്ഥന്മാരിൽ അമൎഷ വൎദ്ധിച്ചു ഭീമപരാക്രമനാകിന ഭീമസേനനെ പിടിച്ചുകെട്ടി ഗംഗയിൽ പ്രമാണകോടിയിൽ കൊണ്ടുചെൻറിട്ടു; അതുകൊണ്ടവെന്നൊരാപത്തു വന്നീല്ല. പിന്നെ നിദ്രാവേലയിങ്കൽ കൂടപ്പാമ്പു കടിപ്പിച്ചു; അതുകൊണ്ടും അപായം വന്നീല്ല. പാൎത്ഥന്മാരെ ഒരിക്കലേ നിഗ്രഹിക്കാമോ എൻറു നിനച്ചു വിഷച്ചോറൂട്ടീ; നിഗ്രഹസാ....ല്ല പാണ്ഡവകൾ എൻറു നിരൂപിച്ചു വാരണാവതത്തിങ്കലരക്കില്ലുഞ്ചമച്ചു അതിൽ വസിക്കിൻറ നാൾ, ജതുഗൃഹദാഹത്തിങ്കൽ ജീവിച്ചു ദേശാന്തരം പ്രാപിച്ചു വസിക്കിൻറ നാൾ, ദ്രൗപദീസ്വയംവരോത്സവം കേട്ടു പതിനെണ്വിഷയവാസികളാകിന രാജാക്കളും ദ്വിജശ്രേഷ്ഠന്മാരും പാഞ്ചാലവിഷയം പ്രാപിച്ചു അബലാരത്നത്തെ സ്വീകരിക്കാമോ എൻറു നിനച്ചു വില്ലെടുത്തു കുല ഏററവാനസാദ്ധ്യമായ് നിൽക്കിൻറ കാലത്തു അമരേന്ദ്രനന്ദനൻ അത്ഭുതപരാക്രമൻ അർജ്ജുനൻ വില്ലെടുത്തു കുല ഏററി യന്ത്രമെയ്തു മുറിച്ചു യാജ്ഞസേനിയെ സംഗ്രഹിച്ചു രാജാക്കളെ യുദ്ധത്തിന്നു പുറംകടാകിൻറ കാലത്തു അഹമഹമികയാ പുറപ്പെടിൻറ രാജസമൂഹത്തെ അയത്നമായ് ജയിച്ചു പാഞ്ചാലിയെ സ്വീകരിച്ചാൻ. അൻറു തുടങ്ങി മറെറാള്ള രാജാക്കൾ അശക്തരെൻറു ലോകത്തിങ്കൽ പ്രസിദ്ധി വന്നു. അ

പ്പൊഴ് വൈരം വൎദ്ധിച്ചു. എനക്കു യുദ്ധാൎത്ഥമായ് ഭീഷ്മ ദ്രോണാദികളെ പ്രാൎത്ഥിക്കിന്റ കാലത്തു പാണ്ഡുപുത്ര ന്മാരോടു വിരോധമിളച്ചു രാജ്യാൎദ്ധം കൊടുക്ക എന്റു ധൃതരാഷ്ട്രർ ശ്രീഭീഷ്മർ ശ്രീവിദുരരെന്നിവരുടെ വചന ഗൌരവത്താൽ രാജ്യാൎദ്ധം പകുത്തുകൊടുത്തു. അഭിഷി ക്തനാകിന്ന അജാതശത്രുവിന്നുടെ അനുഭാവം കണ്ടു സ ഹിക്കരുതാഴികയാൽ പിതൃമുഖേന ശക്രപ്രസ്ഥത്തിങ്ക ലാക്കി പാണ്ഡവകളെ. അവിടെയുമവൎക്കു ഐശ്വൎയ്യം വൎദ്ധിച്ചു. പിന്നെ പശുക്കളെ ആട്ടികൊണ്ടു പോരിന്റ കാലത്തു പാൎത്ഥൻ പരാക്രമിച്ചു ശക്രപ്രസ്ഥത്തിങ്കൽ നയിച്ചാൻ. പിന്നെ ശ്രീബലഭദ്രമതാനുവൎത്തിയായ അ ലംബുസൻ വാസുഭദ്രഭഗിനി സുഭദ്രെ എനക്കു വിവാ ഹാൎത്ഥമായ് എടുത്തുകൊണ്ടു പോരിന്റ കാലത്തു പ്രഭാ സതീൎത്ഥഗതനാകിന്ന പാൎത്ഥൻ ആഗ്നേയാസ്ത്രപ്രഭാവം കൊണ്ടവനെ ഭ്രമിപ്പിച്ചു കന്യകെ വീണ്ടുകൊണ്ടു അന്തഃ പുരത്തിങ്കലാക്കി ശ്രീവാസുദേവന്തിരുവടിയുടെ ബുദ്ധി കൂട്ടി സുഭദ്രാവിവാഹന്നിവൃത്തിച്ചാൻ. എപ്പൊഴും പാ ൎത്ഥൻ നമ്മുടെ പരിഭവത്തെ ചെയ്യിന്റു. പിന്നെ അഗ്നിഭഗവാൻകൽ നിന്റു ഗാണ്ഡീവം സംഗ്രഹിച്ചു ഖാണ്ഡവം വനന്ദഹിപ്പിച്ചു ശതക്രതുപ്രമുഖമാകിന്ന ദേവ ഗണത്തെ ജയിച്ചു വൎഷധാരകളെ ചെറുത്തുകൊണ്ടു അഗ്നിഭഗവാനെ സന്തോഷിപ്പിച്ചു അഖിലലോകത്തെ വിസ്മയിപ്പിച്ചാൻ. നമ്മുടെ കീൎത്തിഹാനി അവിടെ അവിടെ വരുത്തിന്റേറാനൎജ്ജുനൻ. പിന്നെ ധൎമ്മരാജ നിയോഗത്താൽ ഭ്രാതാക്കളും നാലരും നാലുദിക്കും ജയിച്ചു അൎത്ഥരാശി ആപാദിക്കിന്റെടത്തു ധനദപാലിതയാ

കിന്ന ദിക്കിനെ ജയിച്ചു ധനേശ്വരനോടു തിറ കൊണ്ടു ധനഞ്ജയനെന്റെ നാമം സൎവ്വലോകത്തിങ്കൽ പ്രസിദ്ധമായീ. പിന്നെ രാജസൂയാവസാനത്തിങ്കൽ ശിശുപാലവധഞ്ചെയ്ത വിഷയം പാണ്ഡവകൾക്ക അനൎത്ഥമൊണ്ടെന്റു കൽപിക്കായീ. അതുകൊണ്ടു പിതൃമുഖേന ധൎമ്മപുത്രനെ വിളിപ്പിച്ചുകൊണ്ടു അക്ഷവതിയാകിന്റ സഭയിൽ സൌബലനാകിന്ന ശകുനിയെക്കൊണ്ടു ചൂതു പൊരുതിച്ചു രാജ്യവാഹനവസ്ത്രഭണ്ഡാരാദികൾ ഒട്ടൊഴിയാതെ സ്വീകരിച്ചു ഭ്രാതാക്കളെയും ഭാൎയ്യേയും തന്നെയും കൂട പണയം വപ്പിച്ചുകൊണ്ടു മുന്നെഞ്ചെയ്ത പരിഭവങ്ങൾ എല്ലാറ്റെയും ശമിപ്പിപ്പതുഞ്ചെയ്തു. അധികമായ പരിഭവഞ്ചെയ്‌വു എന്റു കല്പിച്ചു യാജ്ഞസേനി ദ്രൌപദിയെ ഏകവസ്ത്രയായ്‌ രജസ്വലയായിരുന്നവളെ ദുശ്ശാസനനെക്കൊണ്ടു സഭാമദ്ധ്യത്തിങ്കൽ ഈഴ്‌പ്പിച്ചു ശരകോൽകൊണ്ടു തല്ലി വസ്ത്രാക്ഷേപഞ്ചെയ്യിച്ചു പാണ്ഡുപുത്രന്മാരെവരും നോക്കിനിക്കച്ചെയ്തേ സഭാമദ്ധ്യത്തിങ്കൽ സകലരാജസമക്ഷത്തിങ്കൽ വച്ചു അഴകതായ്‌ പരിഭവിപ്പതും ചെയ്തു. പിന്നെ പന്ത്രണ്ടു സംവത്സരം വനവാസവും ഒരാണ്ടജ്ഞാതവാസവും അനുഷ്ഠിച്ചു ത്രയോദശവൎഷാന്തത്തിങ്കൽ രാജ്യം പകുത്തുകൊടുപ്പൂ, ഇടയിൽ വെളിച്ചപ്പെടുകിൽ വനവാസവും അജ്ഞാതവാസവും യഥാവദനുഷ്ഠിപ്പൂ എന്റു കല്പിച്ചു വനത്തിന്നു യാത്രയാക്കീ പാൎത്ഥന്മാരെ. അവരും വനത്തിലൊരിടമൊഴിയാതെ പെരുമാറി വരിഷശീതാതപങ്ങളെ സഹിച്ചു തീൎത്ഥസ്നാനം ക്ഷേത്രദൎശനം എന്റേവമാദികളെ കൊണ്ടു പാപക്ഷയം വരുത്തി വനവാസം കഴിച്ചു അജ്ഞാത

വാസമനുഷ്ഠിക്കിൻെറടത്തു കീചകവധത്തിന്നിമിത്ത മായ് പാണ്ഡവകൾ വിരാടപുരത്തോരെൻെറാളെളടമ റിഞ്ഞു പശുക്കളെ അടിച്ചുകൊണ്ടു പോരിൻെറ കാലത്തു അൎജ്ജുനൻ വെളിച്ചപ്പെട്ടാൻ. അതു വിഷയമായ് പന്ത്രണ്ടു സംവത്സരം വനവാസവും ഒരാണ്ടജ്ഞാതവാസവും കഴി ച്ചുവരിക അതൻെറിയേ സമയ ലംഘനഞ്ചെയ്യിൻവൃതാ കിൽ കഴിക്കിൻെറതുമൊണ്ടു എൻെറു സൂതനെ കൊണ്ടു പാണ്ഡവകൾക്കറിയിപ്പിച്ച കാലത്തു പാണ്ഡവകളും മാത്സ്യന്മാരോടും പാഞ്ചാലന്മാരോടും കൂട ഉപപ്ലാവ്യത്തെ പ്രാപിച്ച യുദ്ധോന്മുഖരായ് വസിക്കിൻെറു. എൻെറിട്ടു സംപ്രാപ്തമാകിന യുദ്ധമഹോത്സവത്തെ മനസ്സുകൊണ്ടു നിരൂപിച്ചു ആഹ്ലാദത്തോടുകൂടി ഇരിക്കിൻെറ എന്നുടെ ഹൃദയം സമുദ്ധൂതമാകിന രോഷവേഗത്തോടുകൂടിയപോ ലെ ഇരിക്കിൻെറതു. പാണ്ഡവസൈന്യമദ്ധ്യഗതങ്ങളാ കിന വരവാരണങ്ങളുടെ മുഖ....ന്തമുസലയുഗങ്ങളായ് കാണ്മാൻ ശ്രദ്ധ പണ്ണിൻേറൻ” എൻെറിങ്ങനെ സമ ര.....നായ് അരുളിച്ചെയ്താൻ കൌരവേന്ദ്രൻ ദുര്യോധന ന്തിരുവടി.

“ജയിക്ക മഹാരാജൻ. മഹാരാജശാസന നിമിത്ത മായ് സമാനീതമായീ സൎവ്വരാജമണ്ഡലം. നിന്തിരുവടി യുടെ നിയോഗത്താൽ രാജസമൂഹത്തെ മന്ത്രസഭയിങ്കലാ ക്കീതു” എൻെറുണൎത്തിനാൻ കാഞ്ചുകീയൻ.

“അഴകത്തു ചെയ്തവാറു നീ, അന്തഃപുരന്നോക്കി പ്പോക” എൻെറരുളിച്ചെയ്താൻ ദുരിയോധനന്തിരുവടി.

“യാതൊൻറു മഹാരാജനിയോഗം” എൻറു ചൊല്ലി
അന്തഃപുരന്നോക്കിപ്പോയാൻ കാഞ്ചുകീയൻ.

അരുളിച്ചെയ്താൻ ദുൎയ്യോധനന്തിരുവടി “ആൎയ്യന്മാ
രായിരിക്കിൻറ വൈകൎണ്ണനും വൎഷദേവനും ഇരുവരു
ഞ്ചൊല്ലുക പതിനൊൻറക്ഷൌഹിണീബലസമുദായത്തി
നു ഏവൻ സേനാപതിയാവാൻ അൎഹനായൊള്ളതു?
എന്തു ഭവാന്മാർ ചൊല്ലിൻറതു? മഹത്തായിരിപ്പൊൻറ
ല്ലോ ഇവത്ഥം; മന്ത്രിച്ചു ചൊല്ലവേണ്ടും എൻറോ ചൊ
ല്ലിൻറിതു? യോഗ്യമിതു. മന്ത്രശാല നോക്കിയേ പോ
വെന്നാം” എൻറരുളിച്ചെയ്തു ദ്രുഹിണസദൃക്ഷനാകിന
ദ്രോണരുടെ ഭവനം പ്രാപിച്ചു “ആചാൎയ്യാ അഭിവാദ്യ
ഞ്ചെയ്യിൻറേൻഞാൻ, മന്ത്രശാലയെ പ്രാപിക്ക ഭവാൻ”
എൻറരുളിച്ചെയ്തു ഗാംഗേയഭവനം പ്രാപിച്ചു “പിതാ
മഹാ അഭിവാദനത്തിങ്കൽ അഭിരതനാകിൻറേൻ ഞാൻ,
മന്ത്രശാലയെ പ്രാപിക്ക ഭവാൻ” എൻറരുളിച്ചെയ്തു
സൌബലഗേഹം പ്രാപിച്ചു. “മാതുലാ അഭിവാദ്യം
പണ്ണിൻറേൻ ഞാൻ, ഭവാനും മന്ത്രശാലയെ പ്രാപിക്ക.
ആൎയ്യന്മാരായിരിക്കിൻറ വൈകൎണ്ണവൎഷദേവന്മാരും മന്ത്ര
ശാലയിലകത്തു പൂക. ഏടോ മററൊള്ള രാജാക്കന്മാരെ
ല്ലാരും സുഖിച്ചു മന്ത്രശാലയെ പ്രാപിപ്പോരാക. തോഴാ
കൎണ്ണാ നാമും മന്ത്രശാലയെ പ്രാപിപ്പൂ” എൻറരുളി
ച്ചെയ്തു അൎണ്ണവഗംഭീരനാകിന കൎണ്ണനോടു കൂട മഹാ
ൎണ്ണവസദൃശമാകിന മന്ത്രശാലയിലകത്തു പുക്കു “ആചാ
ൎയ്യാ ഇതെല്ലോ ആസനം ഇരുന്നരുളുക ഭവാൻ, പിതാ
മഹനുമിരുന്നരുളുക, ഇതെല്ലോ ആസനവിശേഷം; മാതു

ലനാകിന്ന ഗാന്ധാരരാജൻ ശകുനിയുമിരിക്ക. ആൎയ്യന്മാരാകിന്ന വൈകൎണ്ണനും വൎഷദേവനും ഭവാന്മാരിരുവരുമിരിക്ക. എടോ എടോ മറെറാള്ള രാജാക്കണ്മാരെല്ലാരും സുഖിച്ചിരിപ്പോരാക. എന്തെന്തു നിങ്ങൾ ചൊന്നതു? മഹാരാജനിരുന്നീല്ല എൻേറാ നിങ്ങൾ ചൊല്ലിൻറൂ? എന്നേ ആശ്ചൎയ്യമേ സേവാധൎമ്മമിരിക്കിൻറവാറു. അമയുഞ്ഞാനിരിപ്പൂ. തോഴാ കൎണ്ണാ നീയുമിരിക്ക" എൻററുളിച്ചെയ്തു സിംഹാസനത്തിന്മേലാമാറു ഇരുന്നരുളുൻറവൻ "ആൎയ്യന്മാരായിരിക്കിൻറ വൈകൎണ്ണവൎഷദേവന്മാർ ചൊല്ലുക എന്നുടെ പതിനൊൻറക്ഷൌഹിണിപ്പടക്കും സേനാപതിയാവാനെവൻ യോഗ്യൻ? എന്തു ഭവാന്മാർ ചൊല്ലിൻറതു? അത്രഭവാൻ ഗാന്ധാരരാജൻ ശകുനി ചൊല്ലുമതു എൻേറാ? അമയുമമയും. മാതുലനാകിന്ന ശകുനിയാൽ ചൊല്ലപ്പെട്ടുവിതാക. എന്തു മാതുലൻ ചൊല്ലിൻറതു? അത്രഭവാൻ ഗാംഗേയൻ സ്ഥിതനായിരിക്കുമ്പോഴ് മറെറവൻ സേനാപത്യത്തിന്യോഗ്യൻ എൻേറാ ചൊല്ലിൻറൂ? അഴകുതു മാതുലൻ ചൊന്നവാറു. ഞാനുമതിനെ ശ്രദ്ധ പണ്ണിൻറൂ. അമയുമമയും. പിതാമഹനായിട്ടേ വരിക സേനാപതി. എങ്ങനെ എങ്കിൽ കൊട്ടുംകാററിനാലടിക്കപ്പെട്ടു ഇരമ്പിൻറ മഹാൎണ്ണവത്തിനുടെ നാദം കണക്കേ ഗംഭീരമാകിന്ന സൈന്യരവം പടുതരങ്ങളാകിന്ന പടഹങ്ങളുടെ ഒച്ച ശശാങ്കധവളങ്ങളാകിന്ന ശംഖുകളുടെ നാദം എൻറിവയിറോടു കൂട ഗംഗാനന്ദനൻ ശ്രീഭീഷ്മത്തിരുവടിയുടെ മൂൎദ്ധാവിങ്കൽ പതിക്കിൻറ അഭിഷേകജലങ്ങളോടൊക്ക നരാധിപന്മാരുടെ ഹൃദയവും പതിപ്പൂതാക" എൻററുളിച്ചെയ്താൻ ദുൎയ്യോധനന്തിരുവടി.

ചൊന്നാൻ വന്നു പ്രാപിക്കിൻറ കാഞ്ചുകീയൻ: "ജയിക്ക മഹാരാജൻ. പാണ്ഡവസൈന്യത്തിങ്കൽ നിൻറു ദൂതവേഷത്തെ സംഗ്രഹിച്ചു പുരുഷോത്തമൻ ശ്രീനാരായണസ്വാമി എഴുന്നരുളുന്നേറാൻ" എൻറുണ ത്തിനാൻ കാഞ്ചുകീയൻ.

ദുര്യോ:—"പോയ്ക്കെട്ടു വാദരായണാ. എന്തെന്തു? കംസഭൃത്യനായിരിക്കിൻറ ദാമോദരനോ നിനക്കു പുരു ഷോത്തമൻ? ഗോപാലകനോ നിനക്കു പുരുഷോത്തമൻ? ജരാസന്ധനാൽ അപഹരിക്കപ്പെട്ടിരിക്കിൻറ രാജ്യം യശ സ്സു സുഖം എൻറിവറേറാടു കൂടിരുന്നവനോ നിനക്കു പുരുഷോത്തമൻ? ഏനേ ആശ്ചര്യമേ പാർത്ഥിവന്മാരെ സേവിച്ചു പോരിൻറ ഭൃത്യജനത്തിനുടെ സമുദാചാരമി രുന്നവാറു. അത്യർത്ഥം ഗർവ്വിനോടു കൂടിരുന്നു ഇവനുടെ ഇവ്വചനം. പോയ്ക്കെട്ടു" എൻറിങ്ങനെ പരികുപിത നായ് അരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി.

കാഞ്ചു:—"പ്രസാദിക്ക മഹാരാജൻ. സംഭ്രമംകൊ ണ്ടു ഉപചാരത്തെ മറന്നേൻ" എൻറു ചൊല്ലി പാദ ങ്ങളിൽ വീണ്ണു നമസ്കരിച്ചാൻ കാഞ്ചുകീയൻ.

അരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി "എന്തു? സംഭ്രമമെന്നേറാ ചൊല്ലിൻറതു? മിക്കവാറും മനുഷ്യക്കോ ളെല്ലാൻറി സംഭ്രമം. എഴുനില്ലൂ, എഴുനില്ലൂ" എൻറ രുളിച്ചെയ്താൻ ദുര്യോധനന്തിരുവടി.

"അനുഗ്രഹിക്കപ്പെട്ടേൻ ഞാ"നെൻറു ചൊല്ലി എഴു നിററാൻ കാഞ്ചുകീയൻ.

അരുളിച്ചെയ്താൻ ദുര്യ്യോധനൻ:—“ഇപ്പൊഴ് പ്രസന്നനായിട്ടിരിക്കിൻറൂ ഞാൻ.എവനി ദൂതനായ് പ്രാപിച്ചതു” എൻറു വിചാരിച്ചരുളിനാൻ കൌരവേന്ദ്രൻ ദുര്യ്യോധനന്തിരുവടി.

കാഞ്ചു:—“ദൂതനായ് പ്രാപിച്ചതു കേശവൻ” എൻറുണത്തിനാൻ കാഞ്ചുകീയൻ.

ദുര്യ്യോ:—“ദൂതനായ് പ്രാപിച്ചതു കേശവനെൻറാ ചൊല്ലിൻറൂ? ഇതിഷ്ടമാകിൻറതു. ഇതേ സമുദാചാരവും. ഇതേ യോഗ്യമായൊള്ളതു. എടോ രാജാക്കണ്മാരേ ദൂതഭാവത്തെ പ്രാപിച്ചിരിക്കിൻറ കേശവൻ വിഷയമായ് എന്തിവിടെ യോഗ്യം? എന്തെന്തു? അൎഘ്യപാദ്യങ്ങളെകൊണ്ടു പൂജിപ്പാൻ യോഗ്യൻ കേശവൻ എൻറാനിങ്ങൾ ചൊല്ലിൻറൂ? ഇതെനക്കു രുചിക്കിൻറില്ല. ഇവനെ പിടിച്ചു കെട്ടുക യോഗ്യം. എങ്ങനെ എങ്കിൽ പാണ്ഡവപക്ഷിതൈഷിയായ് പ്രാപിച്ച വാസുഭദ്രൻ പിടിച്ചു കെട്ടപ്പെട്ടവൊരു വിഷയത്തിങ്കൽ പാണ്ഡവകൾ കണ്ണിനോടു വേറുപട്ടപോലെ വന്നു ഭവിച്ചു കഴിയും. പാണ്ഡവകൾ ഗതിയൊടും മതിയൊടും വേറുപട്ടപ്പൊഴ് ചതുസ്സാഗരപൎയ്യന്തയായിരുന്ന ഭൂമി നിസ്സപത്നയായ് എനതധീനയായിട്ടും വരും” എൻറരുളിച്ചെയ്താൻ ദുര്യ്യോധനൻ.

ദുര്യ്യോ:—“ഇനി അത്രേയുമല്ല കേൾക്ക ഭവാന്മാർ. ഇവിടത്തിങ്കൽ യാവനൊരുത്തൻ കേശവൻ വിഷയമായ് പ്രത്യുത്ഥാനഞ്ചെയിൻറതു ഇരിക്ക എഴുനില്ക്കിൻറതു അവൻ പന്ത്രണ്ടു ഭാരം സ്വൎണ്ണത്താൽ ദണ്ഡ്യനായ്

മുടിയും. എൻറാൽ അപ്രമത്തരാക ഭവാന്മാർ. ഇതു പിഴകപ്പെടാതെ" എൻറരുളിച്ചെയ്തു ആത്മഗതമായ് "എന്തൊരുപായമെനക്കു കേശവാഗമനത്തിങ്കൽ പ്രത്യുത്ഥാനമിളപ്പാൻ? അമയും കണ്ടേനുപായം" എൻറരുളിച്ചെയ്തു പ്രകാശമായ് "എടോ വാദരായണാ ആ ചിത്രപടത്തെ കൊണ്ടുപോരിക. അല്ലല്ല യാതൊരു ചിത്രപടത്തിങ്കൽ ദ്രൌപദീകേശഗ്രഹണം അംബരാകർഷണം എൻറിവ എഴുതപ്പെട്ടിതു അങ്ങനെ ഇരുന്ന ചിത്രപടത്തെ കൊണ്ടുപോരിക" എൻറു വാദരായണനെ നിയോഗിച്ചു ആത്മഗതമായ് "ആ ചിത്രപടത്തിങ്കൽ ദൃഷ്ടിവിന്യാസഞ്ചെയ്തു നോക്കിരുന്നു കേശവാഗമനത്തിങ്കൽ പ്രത്യുത്ഥാനഞ്ചെയ്യിൻറീല" എൻറരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി.

കാഞ്ചു:—"യാതൊൻറു മഹാരാജനിയോഗമതവ്വണ്ണമോ" മെൻറു ചൊല്ലി പുറപ്പെട്ടു ചിത്രപടവുമെടുത്തുകൊണ്ടു ചെല്ലിൻറവൻ "ജയിക്ക മഹാരാജൻ. ഇതെല്ലോ ചിത്രപടം" എൻറുണർത്തിനാൻ കാഞ്ചുകീയൻ.

ദുര്യോ:—അരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി "എന്നേ ദർശനീയമായിരിക്കിൻറാൻറി ചിത്രപടം. ഇവനെല്ലോ ദുശ്ശാസനൻ ദ്രൌപദിയെ കേശപക്ഷത്തിങ്കൽ പിടിച്ചിഴക്കിൻറാൻ. ഇവളെല്ലോ ദ്രൌപദി ദുശ്ശാസനനാൽ പരാമർശിക്കപ്പെട്ടു സംഭ്രമത്തിന്നിമിത്തമായ് വിരിഞ്ഞു പതറി വരിൻറ നയനങ്ങളെ ഉടയളായ് രാഹുവക്ത്രാന്തരത്തെ പ്രാപിച്ചിരിക്കിൻറ ചന്ദ്രലേഖപോലെ ശോഭിക്കിൻറാൾ" എൻറരുളിച്ചെയ്താൻ ദുര്യോധന

ന്തിരുവടി. "ഇവനെല്ലോ ദുരാത്മാവാകിന ഭീമൻ സർവ്വരാജസമക്ഷത്തിങ്കൽ അവമാനിതയാകിന യാജ്ഞസേനിയെ കണ്ടു അസഹമാനമാകിന കോപമുടയനായ് സഭാസ്തംഭത്തെ ഇളക്കിന്റോൻ" എൻറരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി. "ഇവനെല്ലോ യുധിഷ്ഠിരൻ സത്യത്തോടും ധർമ്മത്തോടുന്ദെയാവിനോടുംകൂടി ചൂതുപൊരുതു തോല്കുനിമിത്തമായ് ഭ്രഷ്ടചിത്തനായ് കടകണ്ണെകൊണ്ടു നോക്കി ഭീമസേനനുടെ കോപത്തെ തളർത്തിന്റോൻ" എൻറരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി. "ഇപ്പൊഴിവനെല്ലോ അർജ്ജുനൻ രോഷനിമിത്തമായ് ആകുലങ്ങളാകിന നയനങ്ങളോടുകൂടി വിറച്ചു വരിന്റ അധരോഷ്ഠമുടയനായ് രിപുചക്രത്തെ പുൽക്കൊടി എൻറു നിനച്ചു നശിപ്പിപ്പാൻ ഇച്ഛിക്കിന്റവൻ ഗാണ്ഡീവത്തിനുടെ ഞാണിനെ മെല്ല മെല്ല വലിക്കിന്റവൻ" എൻറരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി. "ഇവനെല്ലോ യുധിഷ്ഠിരൻ; അർജ്ജുനനെ ചെറുക്കിന്റോൻ. ഇവരെല്ലോ നകുലസഹദേവന്മാർ. കൃതമായിരിക്കിന്റ പരികരബന്ധത്തോടുകൂടി ഇളക്കപ്പെട്ടിരിക്കിന്റ വാളും വാൾപ്പലകയുമുടയരായ് കോപനിമിത്തമായ് ചുവന്നിരുന്ന മുഖശോഭയോടു കൂടി കൌപ്പുപട്ടധരോഷ്ഠമുടയരായ് എന്നുടെ ഭ്രാതാവു ദുശ്ശാസനനെ കുറിച്ചു ഇരണ്ടു മൃഗപോതങ്ങൾ സിംഹത്താനെ നോക്കി പ്രാപിക്കും കണക്കെ ഇവരെല്ലോ പ്രാപിക്കിന്റോർ. ഇവനെല്ലോ യുധിഷ്ഠിരൻ കുമാരന്മാരെ പ്രാപിച്ചു ചെറുക്കിന്റോൻ. 'വിപരീതബുദ്ധിയാകിന ഞാനേ നീചനായൊള്ളതു നയാനയജ്ഞരാകിന നിങ്ങൾ

ഇപ്പൊഴ് ക്രോധത്തെ കളക. ദ്യൂതാധികാരമായിരിക്കിൻറ അവമാനത്തെ സഹിയാതെ ഇരിക്കിൻറവര അധികസത്വരായൊള്ള ജനം വിഷയമായ് കുത്സിത പരാക്രമരായ് ഭവിച്ചു മുടിയും' എൻറരുളിച്ചെയ്തു കുമാരന്മാരെ ചെറുക്കിൻേറാൻ യുധിഷ്ഠിരൻ'' എൻറിങ്ങനെ അരുളിച്ചെയ്താൻ ദുര്യ്യോധനന്തിരുവടി. "ഇവനെല്ലോ ഗാന്ധാരരാജൻ ശകുനി അക്ഷങ്ങളെ ചതിയോടുകൂട ക്ഷേപിക്കിൻേറാൻ. ഗർവ്വിനോടുകൂടച്ചിരിക്കിൻേറാൻ. തന്നുടെ കീർത്തികൊണ്ടു ശത്രുക്കളുടെ സന്തോഷത്തെ ഹരിക്കിൻേറാൻ. സുഖിച്ചു സിംഹാസനസ്ഥനായിരിക്കിൻറവൻ രോദനപരയാകിന ദ്രുപദനന്ദനെ നികൃതിപ്രധാനമായ് നോക്കിൻേറാൻ. നയജ്ഞനായിരുന്നവൻ അംഗുഷ്ഠാഗ്രംകൊണ്ടു അവനിമണ്ഡലത്തെ കീറിൻേറാൻ'' എൻറരുളിച്ചെയ്താൻ ദുര്യ്യോധനന്തിരുവടി. "ഇവരെല്ലോ ആചാര്യ്യപിതാമഹന്മാർ അ ദ്രൌപദിയെ കണ്ടിട്ടു വസ്ത്രാന്തത്താൽ മൂടപ്പെടിൻറ മുഖത്തെ ഉടയരായ് നിൽക്കിൻേറാർ. ആശ്ചര്യ്യം വർണ്ണാഢ്യത, നിറത്തിനുടെ പുഷ്ടി; ആശ്ചര്യ്യം അവയവഭാവങ്ങളോടു കൂടി ഇരിക്കിൻറവാറു. ആശ്ചര്യ്യഞ്ചിത്രശോഭ; അഴകതായ് എഴുതപ്പെട്ടൊൻറി ചിത്രപടം. പ്രീതനായേൻ ഞാൻ സന്തോഷപാരവശ്യം വന്നു എനക്കു. ആരിവിടെ ഉള്ള''തെൻറരുളിച്ചെയ്താൻ ദുര്യ്യോധനന്തിരുവടി.

കാഞ്ചു:—"ജയിക്ക മഹാരാജ''നെൻറുണർത്തിനാൻ കാഞ്ചുകീയൻ.

ദുര്യോ:—"എടോ വാദരായണാ കൂട്ടിക്കൊണ്ടുപോരിക ഗരുഡവാഹനമാത്രവിസ്മിതനായിരുന്ന ആ ദൂതനെ" എൻറരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി.

കാഞ്ചു:—"യാതൊൻറു മഹാരാജനിയോഗം" എൻറു ചൊല്ലി വാസുദേവസകാശന്നോക്കി പോയാൻ കാഞ്ചുകീയൻ.

ദുര്യോ:—"തോഴാ കർണ്ണാ പാണ്ഡവകളുടെ വചനനിമിത്തമായ് ദൂതവേഷമവലംബിച്ചു കലുഷമതിയായിരുന്ന ആ കൃഷ്ണൻ ഇവിടത്തെ പ്രാപിച്ചാൻപോലും. സ്ത്രീജനത്തിനുടെ വചനങ്ങളെ കണക്കേ മൃദുതരങ്ങളാകിന യുധിഷ്ഠിരവചനങ്ങളെ കേൾപ്പാൻ നീയും കർണ്ണങ്ങളിരണ്ടിനെയും ഇടംപടത്തുറന്നുകൊൾക" എൻറിങ്ങനെ കർണ്ണനെ നോക്കി വാസുദേവസമാഗമാസഹമാനമാനസനായ് അരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി.

വാസു:—അരുളിച്ചെയ്താൻ ശ്രീചക്രായുധൻ ശ്രീവാസുദേവന്തിരുവടി ധർമ്മരാജനിയോഗത്താൽ സാത്യകിസനാഥമാകിന ഒരക്ഷൌഹിണിപ്പടയോടുകൂട ദൂതെഴുന്നരുളി വൃകസ്ഥലം പ്രാപിച്ചു വിഹിതാനുഷ്ഠാനതൽപരരാകിന ബ്രാഹ്മണവർഗ്ഗത്തിന്നു അനുഗ്രഹം പണ്ണി ഹസ്തിനപുരം പ്രാപിച്ചു അവിടെ ഉണ്ടാകിന രാജമാർഗ്ഗമേ വാദരായണസമേതനായ് മന്ത്രശാലനോക്കി എഴുന്നരുളുൻറാൻ ശ്രീവാസുദേവന്തിരുവടി തന്തിരുവടിയുടെ ഉത്സാഹാദ്ധ്യവസായങ്ങളെ നിരൂപിച്ചരുളിച്ചെയ്താൻ "ഇവൻ ഞാനിപ്പൊഴുതു ധർമ്മരാജനിയോഗം വിഷയമായും ധന

ഞ്ജയനോടു അകൃത്രിമയാകിയ മൈത്രി നിമിത്തമായും ആഹവത്തിങ്കൽ ദൃപ്തനായ് അനുക്തഗ്രാഹിയാകിന സുയോധനൻ വിഷയമായ് ഉചിതമൻറിയേ ഇരിക്കിൻറ ദൂതവേഷത്തെ അവലംബിച്ചേൻ. ഇനി അത്രേയുമല്ല യാജ്ഞസേനി ദ്രൌപദിയുടെ പരിഭവനിമിത്തമായ് ശത്രുസമൂഹവത്തികളാകിന കുഞ്ജരവരങ്ങളുടെ കുംഭഭേദനത്തിങ്കൽ പടുതരയാകിയ ഗദ ധരിച്ചിരിക്കിൻറ വൃകോദരൻ ഭീമസേനനുടെ കോപാഗ്നി പാൎത്ഥൻ ധനഞ്ജയനുടെ ശരവരങ്ങളാകിൻറ കൊടുംകാററിനാലടിക്കപ്പെട്ടു ഇരുനൂറു കുരുവംശമാകിൻറ വനം സമൃദ്ധമായിരുന്നതിനെ പെരിക വിരെ ദഹിച്ചു മുടിക്കിൻറതൊണ്ടു" എൻറരുളിച്ചെയ്യിൻറവൻ. എങ്ങനെ ദ്രൌപദീപരിഭവത്തിന്നു ഹേതു വന്നവാറെങ്കിൽ അതിന്നു മുന്നമേ അജാതശത്രു ധൎമ്മപുത്രന്തിരുവടി അഭിഷിക്തനായ് അനുജന്മാരോടും ഭാൎയ്യയോടുംകൂടി ഇന്ദ്രപ്രസ്ഥത്തിങ്കൽ രാജ്യപരിപാലനഞ്ചെയ്തു വസിച്ചരുളുൻറനാൾ ദേവ ഋഷി ശ്രീനാരദനെഴുന്നരുളിയവനെ കണ്ടു അജാതശത്രു അനുജന്മാരോടു കൂട സബഹുമാനമായെഴുനിററു അൎഘ്യപാദ്യാദികളെ കൊണ്ടു പൂജിച്ചു ആസനപ്രദാനഞ്ചെയ്തു മുനിശ്രേഷ്ഠനെ വന്ദിച്ചു മഹൎഷിയുടെ നിയോഗത്താൽ മയവിനിൎമ്മിതയാകിന മഹാസഭയിങ്കൽ മതിമതാം വരിഷ്ഠൻ മനോനുകൂലമായ് വ്യവഹരിച്ചിരുന്നരുളുൻറ കാലത്തു ദേവ ഋഷി ശ്രീനാരദൻ ധൎമ്മപുത്രന്തിരുവടിയെ നോക്കി "എടോ രാജേന്ദ്രാ നിന്നുടെ പിതൃപിതാമഹന്മാർ അനുഷ്ഠിച്ചുപോന്നൊരു വൃത്തി ഒണ്ടെല്ലോ അതവ്വണ്ണമേ നിയു

KOTTAYAM PUBLIC LIBRARY KOTTAYAM

മനുഷ്ഠിച്ചെല്ലോ പോരിൻറൂ. ധർമ്മത്താലേ അർത്ഥമുപാദിപ്പൂ; ആർജ്ജിതമായിരിക്കിൻറ അർത്ഥം കൊണ്ടു ധർമ്മത്തെ അനുഷ്ഠിപ്പൂ; പ്രീതിസാരമായിരിക്കിൻറ കാമം കൊണ്ടു ധർമ്മാർത്ഥങ്ങളിരണ്ടിനും ക്രമപൂർവ്വകമായി അനുഷ്ഠിച്ചെല്ലോ പോരിൻറൂ" എൻറി ചോദ്യരൂപേണ ധർമ്മസംസ്ഥാപനഞ്ചെയ്യിൻറ മഹർഷി ശ്രീനാരദനെ നോക്കി മഹീപതി സമസ്തസഭാഗുണവിചാരഞ്ചെയ്ത കാലത്തു സ്വർല്ലോകസഭാപ്രശംസ പണ്ണിൻറ മഹർഷി മഹാരാജനെ നോക്കി "എടോ രാജേന്ദ്രാ സ്വർഗ്ഗതനാകിന നിന്നുടെ പിതാവു പാണ്ഡു രാജസൂയയാജിയായിരുന്ന ഹരിശ്ചന്ദ്രനൃപതിയുടെ രാജസൂയൈശ്വര്യം കണ്ടു ജാതവിസ്മയനായിരുന്നവൻ വശീകൃതഭ്രാതൃകനാകിന എന്നുടെ പുത്രൻ രാജസൂയഞ്ചെയ്വാൻ ശക്തൻ; എൻറാൽ ക്രതുശ്രേഷ്ഠമാകിന രാജസൂയംകൊണ്ടു യജിച്ചു അഖിലദേവതാവർഗ്ഗത്തെ പൂജിക്ക" എൻറിങ്ങനെ പാണ്ഡുവിനുടെ നിയോഗത്തെ പാർത്ഥിവേന്ദ്രനറിയിച്ചു ദേവ ഋഷി ദേവലോകഗതനായ കാലത്തു അജാതശത്രു ധർമ്മപുത്രന്തിരുവടി അവശ്യകരണീയമാകിന രാജസൂയം ചെയ്വാൻ അധോക്ഷജനെ വിചാരിച്ചേ അറിയാവൂ എൻറു കൽപിച്ചു ശ്രീവാസുദേവന്തിരുവടിയെ സ്മരിച്ചരുളിയ കാലത്തു അക്ഷണമേ പക്ഷിരാജകേതനൻ അവിടത്തിന്നെഴുന്നരുളിയവനെ നോക്കി "കണ്ണാ പത്മാവല്ലഭാ രാജസൂയഞ്ചെയ്കയിൽ ശ്രദ്ധയൊണ്ടെനക്കു; അതിനെ സാധിക്കാമോ എൻറു ഒള്ളെടം നിന്തിരുവടി ഒരുത്തനുമേ അറിയിൻറതു" എൻറു അധോക്ഷജനെ നോക്കി അറി

യിച്ചയവസ്ഥയിൽ, "എടോ രാജേന്ദ്രാ മഗധേശ്വരൻ ജരാസന്ധൻ ജീവിച്ചിരിക്കുമപ്പോഴ് രാജസൂയഞ്ചെയ്യാന ശക്യം. ഭൂമണ്ഡലഗതരായൊള്ള രാജലോകത്തെ ബലാൽ കരിച്ചു കലഹിച്ചു പിടിച്ചുകെട്ടി കൊണ്ടുപോന്നു ഗിരി വ്രജമാകിൻറ നഗരത്തിങ്കൽ കാരാഗൃഹത്തിങ്കൽ ആക്കി ഇരിക്കിൻറു. ഗിരിഗുഹയിൽ കിടക്കിൻറ ആനത്തല വങ്ങളെ ഒരു സിംഹകടാവൻ ചെറുത്തു നിറുത്തും കണക്കേ രാജാക്കൾ അവനാൽ സംരുദ്ധരായിട്ടിരി ക്കിൻറു. എൻറാൽ ജരാസന്ധവധത്തിന്നും അഖില രാജഗണവിമോക്ഷണത്തിന്നും ശ്രദ്ധപണ്ണുക. ജരാസ ന്ധനെ ജയിച്ചാൽ മററൊള്ള രാജാക്കളെ എല്ലാരെയും ജയിച്ചതായിട്ടും വരും" എൻറിങ്ങനെ ജനാർദ്ദനവചനം കേട്ടു ജാതവിവേകനാകിന അജാതശത്രുവിനെ നോക്കി അഭിമാനിയാകിന ഭീമസേനൻ അറിയിച്ചാൻ "രാജ സൂയഞ്ചെയ്യാനിവിടത്തുക്കെന്തു വൈഷമ്യം? ശ്രീകൃഷ്ണ ന്തിരുവടിയുടെ നയവും അജ്ജുനനുടെ വീര്യ്യവും എന്നുടെ ബലവും ത്രേതാഗ്നിസമമായിരുന്നാ ഇവ മൂൻറും കൂടി യാൽ ജരാസന്ധനെ നിഗ്രഹിക്കാം" എൻറ ഭീമപരാ ക്രമനാകിന ഭീമസേനനുടെ വാക്കു കേട്ടു "പരമാത്മമേ ഇതു. ഭീമാജ്ജുനന്മാരെന്നുക്കു നേത്രങ്ങൾ; മനസ്സാകിൻറതു മധുസൂദനന്തിരുവടി; എൻറാൽ നിങ്ങൾ ജരാസന്ധനെ വധിച്ചു പ്രതിക്ഷണം കാര്യ്യത്തെയും സാധിക്കാം" എൻറു പൃഥിവീപതിയുടെ നിയോഗത്താൽ കൃഷ്ണാജ്ജുന ഭീമന്മാർ സ്നാതകബ്രാഹ്മണവേഷവിഭൂഷിതരായ് നിരാ യുധരായ് മഗധവിഷയം പ്രാപിച്ചു ജരാസന്ധനൊടു

യുദ്ധത്തെ പ്രാൎത്ഥിച്ചകാലത്തു അഖിലജഗന്മംഗലൻ ആനന്ദവിഗ്രഹൻ ശ്രീദാമോദരന്തിരുവടിയെ ആനായനെൻറു നിരസിച്ച അത്ഭുതപരാക്രമനാകിന അൎജ്ജുനനെ വാലനെൻറു വൎജ്ജിച്ച ഭീമപരാക്രമനാകിയ ഭീമസേനനെ മഗധേശ്വരൻ യുദ്ധാൎത്ഥമായ് വരിച്ച അവസ്ഥയിൽ, ദന്തവരായുധങ്ങളായിരിക്കിൻെറാ ഇരണ്ടാനത്തലവങ്ങറം തങ്ങളിലെ കിട്ടി പരാക്രമിക്കുംകണക്കെ പരാക്രമിക്കിൻെറ കാലത്തു, ജനാൎദ്ദനോപായനിമിത്തമായ് ജരാസന്ധനെ ഭീമസേനൻ പിളന്നു കൊൻെറു തദീയനിബന്ധനസ്ഥരാകിന രാജാദികളെ അഴിച്ചുവിട്ടു അക്ഷണത്തിങ്കൽ അജാതശത്രുവിനെ വന്ദിച്ച അവസ്ഥ അറിയിച്ചു. അനന്തരം ധൎമ്മരാജശാസനനിമിത്തമായ് കിഴക്കിൻദിക്ക ജയിപ്പാൻ അദ്ധ്യവസിച്ചെഴുന്നരുളിൻെറ ഭീമസേനന്തിരുവടി ശിശുപാലവിഷയം പ്രാപിച്ച അവനാൽ സൽകൃതനായ് പതിമ്മൂൻെറു ദിവസമവിടെ വസിച്ച അവിടെനിൻെറു കണിന്ദനവിഷയം പ്രാപിച്ച ശ്രേണിമാനെ ജയിച്ച അയോദ്ധ്യാധിപതി ദീൎഘപ്രജ്ഞനോട്ട തിറ കൊണ്ടു അൽപകാലത്തിങ്കലേ കിഴക്കിൻദിക്കിങ്കലെ രാജാക്കളെ തികയ ജയിച്ച അൎത്ഥരാശിയെ ആപാദിച്ച ശക്രസമപ്രഭാവൻ ശക്രപ്രസ്ഥം പ്രാപിച്ച അൎത്ഥരാശിയെ അജാതശത്രുവിന്നു കൊണ്ടുചെൻെറു കൊടുക്കിൻെറ കാലത്തു, സവ്യസാചി ധനഞ്ജയന്തിരുവടി ധനദപാലിതയാകിന ദിക്കിനെ ജയിപ്പാനദ്ധ്യവസിച്ച പുറപ്പെട്ടു തദ്ദേശവൎത്തികളാകിന രാജാക്കളെ ജയിച്ച തിറ കൊണ്ടു ഉത്തരഗിരിയളവുഞ്ചെൻെറു അളകാനാഥനെ

ജയിച്ച അൎത്ഥസഞ്ചയത്തെ ആപാദിച്ച ഇന്ദ്രാത്മജൻ ഇന്ദ്രപ്രസ്ഥം പ്രാപിച്ചു ധയനിചയസമൃദ്ധനായ ധന ഞ്ജയനെന്റൊള്ള നാമത്തെ പ്രാപിച്ചുമുടിഞ്ഞു. പിന്നെ നിഖലഗുണസമൃദ്ധനാകിന നകുലൻ ശ്രീവാസുദേവസ ഹിതനായ് പടിഞ്ഞായിറു ദിക്ക ജയിച്ച ദ്രവ്യസമ്പൽ സമന്വിതനായ് മഹാരാജസകാശം പ്രാപിച്ച കാലത്തു ദക്ഷിണദിക്ക ജയിപ്പാൻ ആ....തമാകിന ബലത്തോടു കൂടി സഹദേവൻ സമുദ്രതീരത്തളവുഞ്ജയിച്ചു ശ്രീവിഭീ ഷണനോടു തിറ കൊൾവാൻ ഘടോൽകചനെ യാത്ര യാക്കി അംബരമാൎഗ്ഗമേ ലങ്കാനഗരിയെ പ്രാപിച്ചു വിഷ്ണു പരായണനാകിന വിഭീഷണനെ വന്ദിച്ചു "എടോ രാക്ഷസേന്ദ്രാ പാണ്ഡുവിനുടെ പശ്ചിമപുത്രൻ സഹ ദേവൻ ചൊല്ലിവിട്ടു തിറ കൊണ്ടുപോവാൻ ഞാനിവി ടത്തെ പ്രാപിച്ചു. അവിടെ ഭഗവാൻ അഗ്നിദേവനെയും രാജസൂയത്തെയും ത്രൈലോക്യനാഥനാകിന ശ്രീവാസു ദേവന്തിരുവടിയെയുന്നിരൂപിച്ചു ധൎമ്മജ്ഞനായൊള്ളോ യേ ധൎമ്മരക്ഷാൎത്ഥം ധൎമ്മപുത്രന്തിരുവടിക്ക തിറ തന്നു വിടുക" എൻറിങ്ങനെ ഘടോൽകചൻ പ്രതിപാദി ക്കിൻറ കാലത്തു പൌലസ്ത്യൻ ശ്രീവിഭീഷണന്തിരുവടി എണ്ണത്തെട്ടു രാക്ഷസരെക്കൊണ്ടു രത്നരാശി കൊടുത്തുവിട്ടു അവരും ഘടോൽകചനോടുകൂട സമുദ്രമതിക്രമിച്ചു സഹ ദേവസഹിതരായ് ഇന്ദ്രപ്രസ്ഥം പ്രാപിച്ചു അൎത്ഥരാശിയെ ധൎമ്മപുത്രന്തിരുവടിക്ക കൊടുത്തു ലങ്കാനഗരി നോക്കി പോയയവസ്ഥയിൽ, ധൎമ്മരാജനിയോഗത്താൽ കിഴക്കി ന്ദിക്ക ഭീമസേനൻ ജയിച്ചു ദക്ഷിണദിക്ക സഹദേവൻ

ജയിച്ചു പശ്ചിമദിക്കു നകുലൻ ജയിച്ചു ഉത്തരദിക്ക് വിജയൻ ജയിച്ചു രാജസൂയംകൊണ്ടു യജിപ്പാനദ്ധ്യവസിക്കിൻറ രാജേന്ദ്രൻ നകുലനെ ഹസ്തിനപുരന്നോക്കി യാത്രയാക്കി. അനന്തരം ആചായ്യനിപുണനാകിന നകുലൻ ഹസ്തിനപുരം പ്രാപിച്ചു ധൃതരാഷ്ട്രൻ ശ്രീഭീഷ്മർ ശ്രീവിദുരർ ദ്രോണാചായ്യൻ കൃപാചായ്യൻ ദ്രൌണി കണ്ണൻ ദുയ്യോധനന്തുടങ്ങിയൊള്ള ബന്ധുവാന്ധവന്മാരെ ആദരിച്ചു ശക്രപ്രസ്ഥത്തെ നയിപ്പിച്ച കാലത്തു ധമ്മപുത്രന്തിരുവടി സഹദേവനെ വിളിച്ചു "എടോ സഹദേവാ ഇക്രതുവിങ്കൽ ദ്വിജോത്തമന്മാരാൽ ചൊല്ലപ്പെടിൻറ യജ്ഞാംഗങ്ങളെ സമ്പാദിച്ചുകൊടുക്ക. ഇന്ദ്രസേനനും വിശോകനും രശ്മിയും അജ്ജുനസാരഥിയും അന്നാദികളെ കണ്ടാക്കുവാൻ സഹദേവനിയോഗത്താൽ വ്യാപരിക്ക". ഭക്ഷ്യഭോജ്യാധികാരങ്ങളിൽ യുയുത്സുവിനെ നിയോഗിച്ചു. ഊണേററുവാനും ഉച്ഛിഷ്ടാപനയനാത്ഥമായും ചോറു നോക്കുവാനും ദുശ്ശാസനനെ കൽപിച്ചു. ബ്രാഹ്മണരെപ്പൂജിപ്പാനശ്വത്ഥാമാവിനെ, രാജാക്കളെ സൽക്കരിപ്പാൻ സഞ്ജയനെ, അക്രതുവിങ്കൽ വേണ്ടുമതും വേണ്ടാത്തതും അറിഞ്ഞു ചെയ്വാൻ ഭീഷ്മരെയുന്ദ്രോണരെയും കൽപിച്ചു. ഹിരണ്യം സുവണ്ണം രത്നങ്ങൾ ദക്ഷിണകൾ എൻറിവയററിനുടെ അന്വവേക്ഷണത്തിങ്കൽ കൃപരെ നിയോഗിച്ചു. ക്ലൃതാദിമരു........മായിരിക്കിൻറ സൂക്ഷ്മവ്യയത്തിന്നു വിദുരനെ നിയോഗിച്ചു. അവിടെ അർഹണീയമിയങ്ങിൻറതു ദുയ്യോധനൻ. വാൽഹീകൻ ധൃതരാഷ്ട്രൻ സോമദത്തൻ ജയദ്രഥൻ എൻറി

വർകൾ നാലരും അക്രതുവിങ്കൽ സ്വാമിവൽ രമിച്ചാർ. പിന്നെയുമക്രതുവിങ്കൽ അവയവകർമ്മങ്ങളിൽ ഓരോ പുരുഷശ്രേഷ്ഠന്മാരെ നിയോഗിച്ച ജ്യേഷ്ഠാമൂലനക്ഷത്രത്തിൽ അമാവാസിനാൾ മാന്തോലുടുത്തു നവനീതാക്തദേഹനായാൻ നരാധിപൻ. സർവ്വശിഷ്യഗണോപേതനാകിന സർവ്വജ്ഞൻ ശ്രീവേദവ്യാസഭഗവാൻ സദസ്സുധുരം വഹിക്കിൻറതു. ഇച്ഛിച്ചവന്നിച്ഛിച്ചവണ്ണം കൊടുക്കമൃഷ്ടമായ് ഭുജിക്ക എൻറിവ്വണ്ണം പ്രവൃത്തിക്കത്തുടങ്ങി. അവിരാജസൂയത്തിങ്കൽ ശബ്ദങ്ങൾ ചടങ്ങു പിഴയാതെ രാജസൂയഞ്ചെയ്തു മുടിച്ച അഗ്രപൂജകൊടുപ്പാൻ അജാതശത്രു സഹദേവനെ നിയോഗിച്ചയവസ്ഥയിൽ അതീതാനാഗതവർത്തമാനതത്ത്വജ്ഞാനിയാകയാൽ സർവ്വജ്ഞനാകിന സഹദേവൻ ഗംഗാനന്ദനൻ ശ്രീഭീഷ്മത്തിരുവടിയെ നോക്കി "പിതാമഹാ ഇവിരുന്ന ജനത്തിൽ എവനേതാൻ അഗ്രപൂജക്കർഹനാക" എൻറു വിചാരിക്കിൻറ കാലത്തു ശക്രസമപ്രഭാവനാകിന ശാന്തനവൻ ബുദ്ധികൊണ്ടു നിശ്ചയിച്ച സഹദേവനെ നോക്കി അരുളിച്ചെയ്താൻ "എടോ സഹദേവാ വൃഷ്ണിവംശസമുത്ഭവനാകിന കൃഷ്ണൻ ഇവിടെ ഉളനായിരിക്കമ്പൊഴ് മററവൻ അഗ്രപൂജക്ക യോഗ്യനാകിൻറതു? അഗ്രപൂജകൊണ്ടു അധോക്ഷജനെപ്പൂജിച്ചാൽ സമസ്തദേവതാവർഗ്ഗത്തെ പൂജിച്ച ഫലം വരുമെൻെറല്ലോ വേദശാസ്ത്രങ്ങളിൽ ചൊല്ലിൻറിതു. 'യഥാ തരോർമൂലനിഷേചനേന തൃപ്യന്തി തൽസ്കന്ധഭുജോപശാഖാഃ പ്രാണോപഹാരേണ യഥാ നരാണാം (അംഗം) തഥൈവാർഹണമച്യുതാർച്ചനം' തരു

വിൻെറ മൂലനിഷേചനംകൊണ്ടു യാതൊരു പ്രകാരം ശാഖോപശാഖപ്രതിശാഖകൾ തൃപ്തിയെ പ്രാപിക്കിൻറു നരന്മാക്ക പ്രാണോപഹാരംകൊണ്ടു അവയവങ്ങൾ അതി പ്രസന്നങ്ങളാകിൻറു അപ്രകാരമേ അച്യുതന്തിരുവടി യെ അച്ചിച്ചാൽ അഖിലദേവതകളും തൃപ്തിയെ പ്രാപി ക്കിൻറു. എൻറാലിവന്തിരുവടിയെ പൂജിച്ചാൽ ഇക്കമ്മം സഫലം" എൻറിങ്ങനെ ശ്രീഭീഷ്മന്തിരുവടിയാലഭ്യനു ജ്ഞാതനായ് അവഹിതഹൃദയനായ് സഹദേവൻ സരോ ജാക്ഷന്തിരുവടിയെ പൂജിച്ചയവസ്ഥയിൽ അതിലസഹ്യ മുടയനാകിന ശിശുപാലൻ സഹദേവനെയും ശ്രീഭീഷ്മ ന്തിരുവടിയെയും ധമ്മതൽപരനാകിന ധമ്മപുത്രനെയും ശ്രീകൃഷ്ണന്തിരുവടിയെയും ഭത്സിച്ചു സദസ്സിങ്കൽ സഹ ദേവനെനോക്കി "എടോ സഹദേവാ മഹാത്മാക്കളായി രിക്കിൻറ മഹാജനം ഇരിക്കച്ചെയ്തേ രാജാഹ്മായിരി ക്കിൻറ അഗ്രപൂജകൊണ്ടു ആനായനെപ്പൂജിച്ചു. അയോ ഗ്യമേ ഇതു വാലന്മാരേ. ഇപ്പാണ്ഡവകൾ കേവലമജ്ഞാ നികൾ. ധമ്മസൂക്ഷ്മത്തെ അറിയിൻേറാ ചിലരല്ല. ബ്രാഹ്മണശ്രേഷ്ഠനായ് സവ്വജ്ഞനായ് ഇരുന്ന ഭഗവാൻ ശ്രീവേദവ്യാസൻ ഇരിക്കച്ചെയ്തേ വൃഷ്ണിവംശസമുത്ഭവ നാകിന കൃഷ്ണനെ എങ്ങനെ അച്ചിച്ചവാറു സഹദേവാ നീ? അഖിലശാസ്ത്രജ്ഞനാകിന അശ്വത്ഥാമാവു, വീര പുരുഷരിലഗ്രഗണ്യൻ ഭാരതാചാൎയ്യനാകിന കൃപാചാൎയ്യൻ ഇവരിരിക്കച്ചെയ്തേ സഹദേവാ എങ്ങനെ കൃഷ്ണമതിയാ യിരുന്ന കൃഷ്ണനെ അച്ചിച്ചവാറു? മഹാവീരനാകിന ഭഗ ദത്തൻ മഹാബലനാകിന ജയത്സേനൻ കലിംഗരാജൻ

എൻറിവരളെ നിന്ദിച്ച എങ്ങനെ കേശവനെ പൂജിച്ച വാറു? വിവിധഗുണഗണനാകിന്ന വിരാടേശ്വരൻ വൃദ്ധതമനാകിന്ന മദ്രാധിപൻ സൌബലനാകിന്ന ശകുനി സിന്ധുപതി ജയദ്രഥൻ എൻറിവരളെ നിന്ദിച്ച എങ്ങനെ സഹദേവാ കൃഷ്ണനെ അച്ചിച്ചവാറു? ആചാൎയ്യനെൻേറാ സഹദേവാ നീ കൃഷ്ണനെ ബുദ്ധിപണ്ണീ? ദ്രോണാചാൎയ്യൻ ഇരിക്കവെ എങ്ങനെ അച്ചിച്ചവാറു?" എൻറിങ്ങനെ...........ത്തിങ്കൽ ശ്രീപുണ്ഡരീകാക്ഷന്തിരുവടിയെയും നിന്ദിച്ച വ്യവഹരിക്കിൻറ കാലത്തു ധൎമ്മതത്വജ്ഞനാകിന്ന ധൎമ്മപുത്രന്തിരുവടി ശിശുപാലനെ നോക്കി "എടോ ശിശുപാലാ ഇസ്സഭയിങ്കൽ നിന്നെക്കാട്ടിൽ വൃദ്ധതമരായ് മഹാനുഭാവരാകിന്ന മഹീപതിമാർ അനേകം ഉണ്ടിരിക്കിൻറു. എൻറാൽ ഇവർ സഹിച്ചിരിക്കിൻെറടത്തു നീയും പൊറുത്തിരിക്കയെല്ലയോ അഴകിയു" എൻറരുളിച്ചെയ്യിൻറതു കേട്ട ശ്രീഭീഷ്മന്തിരുവടി "അനുനയത്തിന്നൎഹനല്ല ശിശുപാലൻ ലോകവൃദ്ധതമനാകിന്ന കൃഷ്ണനെ പൂജിച്ചതു സഹിയാതെ ഇരിക്കിൻേറാനാകയാൽ. ഇകൃഷ്ണനെല്ലോ അവ്യക്തയായിരിക്കിൻറ പ്രകൃതി; എൻറും കേടിൻറിയേ ഇരിക്കിൻറ കൎത്താവുമിവനേ? സൎവ്വഭൂതങ്ങൾക്ക പരനായിരിക്കിൻറതുമിവന്തിരുവടിയേ; എല്ലാരിലും വൃദ്ധതമനായിരിക്കിൻറതുമിവച്യുതനേ; ആദിത്യൻ ചന്ദ്രൻ നക്ഷത്രങ്ങൾ ഗ്രഹങ്ങൾ ദിക്കുകൾ വിദിക്കുകൾ സമസ്തവും കൃഷ്ണങ്കലേ പ്രതിഷ്ഠിതം; അത്രേയുമല്ല ഞാൻ ചൊല്ലീ ഇസ്സഭയിൽ കൃഷ്ണനെപ്പൂജിച്ചതു സഹിയാതെ ഇരിക്കിൻേറാനൊരുത്തനുളനാകിൽ അവൻ

പെരിക വിരഞ്ഞു വില്ലുമെടുത്തുകൊണ്ടു യുദ്ധാൎത്ഥമായ് പുറപ്പെടുക. ഇവിരുന്ന ഭൂതത്തുകളുടെ ശിരസ്സിങ്കൽ എന്നുടെ കാൽകൊണ്ടു ചവിട്ടിനേൻറൻ. ജളമതികളേ നിങ്ങളി കൃഷ്ണനെ....ല്ലയോ? ഇവനല്ലയോ ആദികാലത്തു മത്സ്യരൂപത്തെ അവലംബിച്ചു വേദപരിത്രാണഞ്ചെയ്തതു? കൂൎമ്മരൂപിയായ് ദേവഹിതാൎത്ഥം മന്ദരോദ്ധരണം പണ്ണിയതുമിവനേ. വരാഹരൂപത്തെ സംഗ്രഹിച്ചു ഹിരണ്യാക്ഷവധം പണ്ണി പാതാളത്തിങ്കൽ നിൻറു കൊണ്ടു പോന്നു ഭൂമിയെ സ്വസ്ഥാനത്തിങ്കലാക്കി രക്ഷിച്ചതുമിവനേ. ഇവനെല്ലോ ബ്രഹ്മദത്തവരഗൎവ്വിതനാകിന ഹിരണ്യകശിപുവിനെ ശ്രീനാരസിംഹന്തിരുവുടമ്പിനെ സംഗ്രഹിച്ചു മണിസ്തംഭത്തിൽനിൻറു പിളന്നു പുറപ്പെട്ടു കലിശസമാനങ്ങളാകിന നഖമുഖങ്ങളെ കൊണ്ടു ബൃഹച്ഛിലാനിഷ്ഠുരമാകിന വക്ഷസ്ഥലം പിളന്നു നിഗ്രഹിച്ചതു. അദിതിദേവിക്കു പുത്രനായ് ദിവ്യം വൎഷസഹസ്രം കൂടി ജനിച്ചു ചുവന്നു ചെറുതാകിന തിരുവുടമ്പിനെ ഉടയനായ് മഹാബലിയോടു മൂവടിപ്രമാണം ഭൂമി അളന്നു കൊണ്ടു ത്രൈലോക്യൈശ്വൎയ്യം ഇന്ദ്രന്നു കൊടുത്തു ഉദാരവാക്കായിരുന്ന ഇവനേ വടുവാമനമൂൎത്തിയും. ഭൃഗുവിന്നു പുത്രനായ് ജനിച്ചു നിശിതപരശ്വധനായ് മൂവേഴിരുപത്തൊൻറു തുടെ നിക്ഷത്രിയഞ്ചെയ്ത പരശുരാമനാമധേയനായിരുന്നവനുമിവനേ ഭൂകാശ്യപൻ ദശരഥന്നു പുത്രനായ് ത്രൈലോക്യൈശ്വൎയ്യഗൎവ്വിതനായിരുന്ന നക്തഞ്ചരച്ചക്രവൎത്തി ദശഗ്രീവനെ നിഗ്രഹിച്ചു ശ്രീരാമനെൻറ നാമത്തോടുകൂടിയിരുന്നവനുമിവനേ. ഹലമുസലഹസ്ത

നായ് രോഹിണിനിൽ ജനിച്ചു ബലഭദ്രരാമനെൻറ നാമ ത്തോടുകൂടി ഇരിക്കിൻറതുമിവനേ. അഷ്ടമിരോഹിണി നാറം അദ്ധരാത്രത്തിങ്കൽ വസുദേവസൂനുവായവതരിച്ചു ആയ്പ്പാടിയിൽ നന്ദഗോപനു പുത്രനായ് വളന്നു പൂതന തുടങ്ങി ഉള്ള ദുഷ്ടവഗ്ഗത്തെ നിശ്ശേഷമായ് കൊൻറു മുടിച്ചു ഭൂമിയെ രക്ഷിപ്പാനിരിക്കിൻറതും കൃഷ്ണനേ. ഇനി കൽകിയായ് ജനിച്ചു സമസ്തസംഹാരഞ്ചെയ്യാനിരി ക്കിൻറതുമിവന്തിരുവടിയേ. എൻറാലിങ്ങനെ ഇരുന്ന ഇവന്തിരുവടിയെ പൂജിച്ചതു സഹിക്കരുതാതെ ഇരിക്കി ൻെറാരുത്തനുളനാകിൽ അവൻ വില്ലുമെടുത്തു കൊണ്ടു യുദ്ധാത്ഥമായ് ഒരുമ്പെട്ടു പുറപ്പെടുക" എൻറരുളിച്ചെയ്തു സന്നദ്ധനായ് സമരത്തിന്നദ്ധ്യവസിക്കിൻറവസ്ഥയിൽ ശീഘ്രപരാക്രമനാകിന ശ്രീചക്രായുധൻ ശ്രീവാസുദേവ ന്തിരുവടി അഗ്നിമാലിയാകിന ശ്രീചക്രംകൊണ്ടു ശിശു പാലനുടെ ശിരശ്ഛേദഞ്ചെയ്തു ശ്രീമദ്വാരകാനഗരി നോക്കി എഴുന്നരുളിനാൻ. പിന്നെ യജ്ഞമനുഭവിപ്പാൻ വന്ന രാജലോകത്തെ വസ്ത്രവാഹനസുവണ്ണാദികളെകൊ ണ്ടു സംഭാവിച്ചു തങ്ങറം തങ്ങളുടെ രാജ്യന്നോക്കി യാത്ര യാക്കി ശ്രീവേദവ്യാസാദി മഹഷിവഗ്ഗത്തെയും മാനിച്ചു തങ്ങറം തങ്ങളുടെ ആശ്രമന്നോക്കി യാത്രയാക്കി പിതാ വാകിന ധൃതരാഷ്ട്രരോടും പിതാമഹനാകിന ശ്രീഭീഷ്മ രോടും ദ്രോണാചാര്യർ കൃപാചാര്യർ വൈകത്തനൻ കണ്ണൻ............ദുര്യോധനാദി ഭ്രാതൃവഗ്ഗത്തോടുംകൂടി രാജ സൂയം കഴിഞ്ഞു അനേകന്ദിവസം.........ഒരു നാറം സഭാ പ്രവേശവ്രീളിതരോഷകഷായിതാന്തരാത്മാവാകിന സു

യോധനൻ പിതാവിനോടും ഭ്രാതൃവർഗ്ഗത്തോടും കൂട നാഗപുരം പ്രാപിച്ചു അർണ്ണവഗംഭീരനാകിന കർണ്ണനോടും സൌബലനാകിന ശകുനിയോടും ദുഷ്ടമതിയാകിന ദുശ്ശാസനനോടും കൂടി നിരൂപിച്ചു "ധർമ്മപുത്രന്തിരുവടിയുടെ ഐശ്വര്യത്തെ കലഹമുഖേന ഹരിപ്പാന്നിനക്കിൽ ആവൊൻറല്ല. എൻറാൽ കള്ളച്ചൂതു പൊരുതു പറിച്ചു കൊൾക" എൻറു കൽപിച്ചു ധൃതരാഷ്ട്രരെ അൻവത്തിച്ചു അനുവദിപ്പിച്ചു വിദുരരെ യാത്രയാക്കി വസിക്കിൻറ കാലത്തു അജാതശത്രു ധർമ്മപുത്രന്തിരുവടി വിദുരരെ ആദരിച്ചു അവൻമുഖത്തു നിൻറു ധൃതരാഷ്ട്രമതവും സുയോധനസിദ്ധാന്തവും അറിഞ്ഞു ഭവിഷ്യദർത്ഥന്നിരൂപിച്ചു നിശ്ചയിച്ചു മാതാവിനോടും ഭ്രാതൃവർഗ്ഗത്തോടും വസ്തുവാഹനഭണ്ഡാരാദികളോടും കൂട കരിതുരഗരഥപദാതിസംകുലമാകിന സൈന്യസംവൃതനായ് നാഗപുരം പ്രാപിച്ചു അക്ഷവതിയാകിൻറ സഭയിൽ സൌബലനാകിന ശകുനിയോടു ചൂതു പൊരുതു തോററിയങ്ങിൻറടത്തു...........ലെ ദ്രവ്യവിനിയോഗം നിഖർവ്വം ഖർവ്വം അർബുദം...........രമായ് പണയം വച്ചു പൊരുതു തോററു രാജ്യവാഹനവസ്തുഭണ്ഡാരാദികൾ എപ്പേർപ്പട്ടതും മുടിഞ്ഞു ഭ്രാതാക്കളെ പണയം വക്കിൻറടത്തു മുൻപിൽ നകുലസഹദേവന്മാരെ വച്ചു പൊരുതിയങ്ങിൻറ കാലത്തു ദുർവ്വാരതനാകിന ശകുനി "എടോ രാജേന്ദ്രാ സാപത്നന്മാരാകിന നകുലസഹദേവന്മാരെ പണയം വച്ചു സഹോദരന്മാരാകിന ഭീമസേനധനഞ്ജയന്മാരെ ഭ്രാതൃസ്നേഹന്നിമിത്തമായ് രക്ഷിക്കിൻേറാ നിന്തിരുവടി" എൻറിങ്ങനെ

ശകുനിയുടെ ദുർവ്വാദത്തെ കേട്ടു ശപിപ്പാനദ്ധ്യവസിക്കിൻറ കാലത്തു ശരണ്ണെൻറ ശകുനിക്ക അനുജ്ഞ കൊടുത്തു ഭീമസേനധനഞ്ജയന്മാരെയും പണയം വച്ചു ഒടുക്കത്തു തന്തിരുവടിയെയും പണയമായ് വച്ചു പൊരുതിയങ്ങിൻറ കാലത്തു, "എടോ രാജേന്ദ്രാ നിന്തിരുവടിക്ക അത്യന്തമിഷ്ടയായിരുന്ന യാജ്ഞസേനി ദ്രൌപദിയെയും പണയമായ് വച്ചു നിന്തിരുവടിയെ മീണ്ടുകൊണ്ടു ഇന്നുമൊരിക്കൽ പൊരുതു ജയിക്ക" എൻറ ശകുനിയുടെ വചനം കേട്ടു പററുമെൻറു പാണ്ഡവശ്രേഷ്ഠൻ ദ്രൌപദിയേയും പണയമായ് വച്ചു പൊരുതു തോററിയങ്ങിൻെറടത്തു കളിപ്പുടയനാകിന കൌരവേന്ദ്രൻ ദുര്യ്യോധനൻ ശ്രീവിദുരരെ വിളിച്ചു "എടോ വിദുരാ പാണ്ഡവപത്നി ദ്രൌപദി നമക്ക ദാസഭാവത്തെ പ്രാപിച്ചിരിക്കിൻറവളെ പെരിക വിരെ കൂട്ടിക്കൊണ്ടു പോന്നു ദാസീവർഗ്ഗത്തോടു...............ൻറു ദുര്യ്യോധനനരുളിച്ചെയ്യിൻറ കാലത്തു വിദുഷാംവരിഷ്ഠനാകിന വിദുരൻ ധൃതരാഷ്ട്രനെ നോക്കി "എടോ രാജേന്ദ്രാ യാവനൊരുത്തൻ ജനനകാലത്തു നരികണക്കെ വിസ്വരമായ് അലറിയതു അങ്ങനെ ദുഷ്ട ചിത്തനായിരുന്ന ഇദ്ദുര്യ്യോധനൻ വിഷയമായ് ഇ ഭരതവംശം അശേഷമായ് നാശത്തെ പ്രാപിച്ചു മുടിയിൻറിതൊണ്ടു" എൻറു ചൊല്ലി അധോമുഖനായ് നിൽക്കിൻറയവസ്ഥയിൽ ദുര്യ്യോധനൻ സൂതനെ വിളിച്ചു "എടോ പ്രാതിഗാമീ നീ ചെൻറു ദ്രൌപദിയെ കൂട്ടിക്കൊണ്ടു പോരുക. ഇ വിദുരൻ വിവാദശീലനാകയും നമ്മുടെ ഐശ്വര്യത്തെ പൊറായ്മയുമൊണ്ടു" എൻറ

ദുര്യ്യോധനനിയോഗത്താൽ സൂതൻ ദ്രൌപദിയുടെ സ
കാശം പ്രാപിച്ചു വൃത്താന്തമറിയിച്ച കാലത്തു ജ്ഞാന
സേനി ദ്രൌപദി സൂതനെ നോക്കി "രാജേന്ദ്രൻ ധൎമ്മ
പുത്രന്തിരുവടി തന്തിരുവടിയെ പണയം വച്ചു തോററു
ഇരണ്ടാമതെന്നെ പണയം വക്കയോ ചെയ്തതു? മുമ്പി
ലെന്നെ പണയം വച്ചു പൊരുതു തോററു ഒടുക്കത്തു
തന്തിരുവടിയെയും പണയം വക്കയോ ചെയ്തതു? ഇ
വിശേഷമറിഞ്ഞു വന്നു പരമാൎത്ഥമെന്നോടു ചൊല്ലുക.
ഒള്ളവണ്ണമറിഞ്ഞാൽ നിന്നോടു കൂട സഭയെ പ്രാപി
ക്കിൻറിതുമൊണ്ടു" എൻറിങ്ങനെ ദ്രുപദനന്ദനയുടെ വ
ചനം കേട്ടു ദുര്യ്യോധനസകാശം പ്രാപിച്ചു സൂതനറിയി
ക്കിൻറ കാലത്തു അമൎഷപരവശനാകിന ദുര്യ്യോധനൻ
ദുശ്ശാസനനെ നോക്കി "എടോ ദുശ്ശാസനാ ദ്രുപദനന്ദ
നയുടെ കേശങ്ങളെച്ചുററിപ്പിടിച്ചിഴ°ത്തു സഭാമദ്ധ്യത്തി
ങ്കൽ കൊണ്ടുപോരിക. സൂതനോ വൃകോദരനെ ഭയപ്പെടുക
നിമിത്തമായ് അസമൎത്ഥൻ. പാണ്ഡവകൾ ദാസഭാവ
ത്തെ പ്രാപിക്കയാൽ അവശരായ് ഒൻറിന്നു ശക്തരല്ല"
എൻറ ദുര്യ്യോധനനിയോഗത്താൽ അസച്ഛീലനാകിന
ദുശ്ശാസനൻ രാജസൂയയാജിയാകിന ധൎമ്മപുത്രരുടെ ധൎമ്മ
പത്നിയുടെ സകാശം പ്രാപിച്ചു "സഭാമദ്ധ്യത്തിങ്കൽ
വച്ചു ചൂതുപൊരുതു സൎവ്വരാജസമക്ഷത്തിങ്കൽ ധൎമ്മത്താ
ലേ ജയിക്കപ്പെട്ടാ നീ. എൻറാൽ ലജ്ജയോടു വേറുപട്ടു
മഹാരാജനുദുര്യ്യോധനനെ ചെൻറു കാണ്ക" എൻറ ദുശ്ശാ
സനനുടെ ദുൎവ്വാക്ക കേട്ടു വിറക്കിൻറ സൎവ്വാവയവങ്ങളെ
ഉടയളായ് ദുശ്ശാസനനെ നോക്കി "ഞാൻ രജസ്വലയാ
യിരിക്കിൻറു ഏകവസ്ത്രയാകയുമൊണ്ടു. എൻറാൽ സഭ

യിലകത്തു പൂവാൻ യോഗ്യയല്ല ഞാൻ" എൻറരുളി ച്ചെയ്തു ദുഃഖാർത്തയായിരിക്കിൻറവളെ നോക്കി "എടോ യാജ്ഞസേനി രജസ്വലയായിട്ടിരിക്കിലുമമയും; ഏകാം ബരയായിട്ടിരിക്കിലുമമയും; വിഗതവസ്ത്രയാകിലുമമയും; ഇപ്പൊഴു സഭാമദ്ധ്യത്തെ പ്രാപിക്കവേണ്ടും വ്രീളയോടു വേറുപട്ടു" എൻറു ചൊല്ലിൻറ ദുശ്ശാസനനുടെ വചന ത്തെ കേട്ടു വിഹ്വലഹൃദയയായ് അവരോടു കൂട സഭാ ഭിമുഖയായ് ചെല്ലിൻറവൾ ഗാന്ധാരീഭവനന്നോക്കി പോവാനദ്ധ്യവസിക്കിൻറ കാലത്തു, ദുഷ്ടമതിയാകിന ദുശ്ശാസനൻ ധർമ്മപുത്രരുടെ ധർമ്മപത്നിയുടെ കേശങ്ങളെ ചുററിപ്പിടിച്ചു ഈഴ്ത്തു ശരക്കോൽകൊണ്ടു തല്ലിൻറ കാലത്തു, വാസസ്സുകളെ വാങ്ങിൻറ കാലത്തു, ശ്രീവാസു ദേവശ്രീനാമസങ്കീർത്തനപരയായിരുന്നവൾക്കു അനേകം വസ്ത്രങ്ങളുളവാകിൻറ കാലത്തു, വസ്ത്രാക്ഷേപംകൊണ്ടു വർദ്ധിക്കിൻറ മനോദുഃഖമുടയളായ് തന്നുടെ ഭർത്താക്കളു ടെയും ശ്രീഗോവിന്ദന്തിരുവടിയുടെയും തിരുനാമത്തെ ചൊല്ലി പ്രലാപിച്ചു ദീനയാകിന ദ്രൌപദിയുടെ പരി ഭവത്തിങ്കൽ നിൻറു ജനിച്ചു രിപുകുഞ്ജരകുംഭഭേദനത്തി ങ്കൽ പടുതരയായ് കൊടുതായിരിക്കിൻറ ഭീമസേനനുടെ കോപാഗ്നിയാൽ പാർത്ഥൻ ധനഞ്ജയനുടെ ശരങ്ങളാ കിൻറ കൊട്ടുകൊററിനാലടിക്കപ്പെട്ടു കുരുവംശമാകിൻറ വനം പ്രവൃദ്ധമായിരുന്നതു പെരിക വിരെ നാശത്തെ പ്രാപിച്ചു മുടിയിൻറിതൊണ്ടു" എൻറരുളിച്ചെയ്തു വാദ രായണസമേതനായ് മന്ത്രശാല നോക്കി എഴുന്നരുളത്തു ടങ്ങിനാൻ ശ്രീചക്രായുധൻ ശ്രീവാസുദേവന്തിരുവടി.

വാസു:—"ഇതെല്ലോ സുയോധനഗൃഹം. ഇവിടെ ഇങ്ങനെ എല്ലോ ഇരിക്കിൻറതു. നിഖിലനീതിശാസ്ത്രജ്ഞരായ് നിത്യസേവാനിരതരായ് പൃഥുതരഗുണഗണവിഭൂഷിതരാകിന്ന പാൎത്ഥിവേന്ദ്രന്മാരുടെ ആവാസഗൃഹങ്ങൾ അമരനികരപരിപൂരിതയാകിന്ന അമരാവതിയെ അപഹസിക്കിൻറതോ എൻറു തോൻറുമാറു അഴകുപടച്ചമച്ചതായവയെല്ലോ കാണപ്പെടിൻേറാ. ആയുധശാലകളും അതിരമണീയങ്ങളായ് നാനാവിധങ്ങളാകിന്ന ആയുധവരങ്ങളാൽ നിറക്കപ്പെട്ടിരിക്കിൻേറാ. കുതൂഹലജനകമാകിന്ന കുതിരപ്പന്തികളിൽ അശ്വസമൂഹങ്ങളും അലറിയങ്ങിൻേറാ. സൎവ്വലക്ഷണസംപന്നങ്ങളായ് അഖിലജനമാന്യങ്ങളാകിന്ന ആനത്തലവങ്ങളും ഗൎജ്ജിക്കിൻേറാ. ഇദ്ദുൎയ്യോധനനുടെ ഐശ്വൎയ്യസമൃദ്ധി സമഗ്രമായ് നാശത്തെ പ്രാപിച്ചു മുടിയിൻറൂ" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

വാസു:—മന്ത്രശാല നോക്കി എഴുന്നരുളുൻറവൻ ധൎമ്മപുത്രന്തിരുവടിയുടെ ധൎമ്മസ്ഥിതിയും ദുൎമ്മതിയാകിന്ന ദുൎയ്യോധനനുടെ ദുശ്ശീലത്തെയും നിരൂപിച്ചു അരുളിച്ചെയ്യിൻേറാൻ "ദുൎയ്യോധനൻ എന്നെ കണ്ടു കാൎയ്യത്തെ ചെയ്കയില്ല. എപ്പൊഴും പരന്മാരുടെ ദൂഷണങ്ങളെ വ്യവഹരിക്ക ശീലം. അതിനു ഹേതുവൊണ്ടു; ഗുണദ്വേഷി ഇവൻ പരഗുണകഥനങ്ങളിൽ പൊറാമയുടയൻ. ശഠനാകയുമൊണ്ടു. 'ഗൂഢവിപ്രിയകൃച്ഛഠഃ' ഒരുത്തനറിയാതെ അപ്രിയങ്ങളെ അനുഷ്ഠിക്കിൻറവൻ ശഠൻ. സ്വജനനിൎദ്ദയനാകയുമൊണ്ടു. തന്നുടെ ജനത്തിങ്കൽ അപ

ഗതയായിരിക്കിൻറ അനുകമ്പയോടുകൂടി ഇരിപ്പിതും. എന്തിനു പലവും പറയിൻറൂ? ദൌരാത്മ്യമുടയനാകിന സുയോധനൻ പരമാൎത്ഥതത്വജ്ഞരാകിന പാണ്ഡവ കൾക്കു രാജ്യം പാതിയും കൊടുക്ക എൻറു സാമദാന ഭേദപുരസ്സരമായ് ചൊല്ലുൻറതാകിലും കേൾക്ക ഇല്ല" എൻറരുളിച്ചെയ്തു "എടോ വാദരായണാ മന്ത്രശാലയി ലകത്തു പോകാമോ എനക്കു" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

കാഞ്ചു:—"ആമേ ആമേ കുറവില്ല. അകത്തെഴുന്ന രുളുവാൻ അഹ്നെല്ലോ പത്മനാഭൻ" എൻറുണത്തി നാൻ കാഞ്ചുകീയൻ.

വാസു:—മന്ത്രസഭയിലകത്തെഴുന്നരുളുൻറവൻ "എ ന്തെന്തു? എന്നെ കണ്ടു സംഭ്രമിക്കിൻറുതോ സമസ്തക്ഷ ത്രിയരും? ഒല്ലാ ഒല്ലാ, സംഭ്രമിയാതെ സുഖിച്ചിരിക്ക രാജാക്കന്മാരെല്ലാരും" എൻറരുളിച്ചെയ്താൻ ശ്രീവാസു ദേവന്തിരുവടി.

ദുര്യോ:—"എന്തെന്തു? കേശവനെ കണ്ടു സംഭ്രാന്ത രായിതോ സമസ്തരാജാക്കന്മാർ? എനുടെ ആജ്ഞ ലംഘനീയമല്ല. മുന്നേ പ്രതിജ്ഞപണ്ണപ്പട്ടിരിക്കിൻറ ദണ്ഡത്തെ സ്മരിക്ക" എൻറരുളിച്ചെയ്താൻ ദുര്യോധന ന്തിരുവടി.

വാസു:— മന്ത്രശാലയിലകത്തെഴുന്നരുളിനിൻറിയ ങ്ങിൻറവൻ സംഭ്രാന്തമായ് ഏററുനിൽക്കിൻറ രാജമണ്ഡ ലത്തെ കണ്ടു സുയോധനസിദ്ധാന്തവുന്നിരൂപിച്ചു തന്തി രുവടിയുടെ സമാഗമത്തിങ്കൽ പ്രത്യുത്ഥാനഞ്ചെയ്യിൻറ

പൃഥിവീപതിമാക്ക നിഗ്രഹം വരല്ലാ എൻറു നിശ്ചയിച്ച ദുൎയ്യോധനനെ നോക്കി "എടോ സുയോധനാ ഇരിക്കിൻേറാ നീ" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

ദുൎയ്യോ—"ഇരിക്കിൻേറാ സുയോധനാ" എൻറ ശ്രീവാസുദേവന്തിരുവടിയുടെ വാക്ക കേട്ട സിംഹാസനത്തിന്മേൽനിൻറു വിരണ്ടു നിലത്തു വീണു ലജ്ജാന്വിതനായ് ആത്മഗതമായ് അരുളിച്ചെയ്യിൻേറാൻ "കേശവദൎശനത്തിങ്കൽ പ്രത്യുത്ഥാനമിളക്ക എൻറു കൽപിച്ച വിചിത്രമാകിന ചിത്രപടത്തെ കണ്ടു ഉത്സാഹത്തോടു മതിയെ കൂട്ടി കുറിക്കോളോടുകൂട ഇരിക്കച്ചെയ്തേയും കേശവൻെറ പ്രഭാവാതിശയംകൊണ്ടു ആസനത്തിന്മേൽ നിൻറു പതിതനായേൻ ഞാൻ" എൻറാത്മഗതമായ് അരുളിച്ചെയ്തു പ്രകാശമായ് "പെരിക ഇന്ദ്രജാലമുടയൊരുത്തനീ ദൂതൻ മായാവൈഭവം ഉടയൻ. എടോ ദൂതാ ഇതെല്ലോ ആസനം ഇരുന്നാലമയും" എൻറരുളിച്ചെയ്താൻ ദുൎയ്യോധനന്തിരുവടി.

വാസു—ബദ്ധാഞ്ജലിപുടരായ് എഴുനിററു നിൽക്കിൻറ മഹാജനത്തെ കണ്ടു ദയാപരനാകിന ശ്രീദാമോദരന്തിരുവടി "ഇരുപ്പൂ എല്ലോ ദ്രോണാചാൎയ്യൻ. ഗാംഗേയപ്രമുഖരാകിന മഹീപതിമാരുമിരിക്ക" എൻറരുളിച്ചെയ്തു മന്ത്രശാലയിൽ സിംഹാസനത്തിന്മേൽ ഇരുന്നരുളുൻേറവൻ ചിത്രപടത്തെ കണ്ടു "ഏങ്ങനേ ദൎശനീയമിച്ചിത്രപടം കൌതുഹലജനകം സൎവ്വജനമനോഹരം" എൻറരുളിച്ചെയ്യിൻറവൻ സൂക്ഷ്മിച്ചു നോക്കി പരികുപിതനായ് "പോയ്

കെട്ടു. ദ്രൌപദികേശാംബരാകൎഷണം ഇതിങ്കലെഴുതപ്പെട്ടതു. ഏന്നേ ആശ്ചൎയ്യമേ ഇസ്സുയോധനൻ തന്നുടെ ചാൎന്ന ജനത്തിൻെറ പരിഭവം തൻെറ പരാക്രമമെൻറു നിരൂപിക്കിൻറു അജ്ഞനാകയാൽ. ലോകത്തിങ്കൽ എവനേ താൻ തന്നുടെ ദോഷത്തെ സഭകളിൽ പ്രകടിക്കിൻറതു നിൎല്ലയനായിട്ടു" എൻറരുളി "ഇസ്സഭാമദ്ധ്യത്തിങ്കൽ നിൻെറടുത്തു കളക ഇച്ചിത്രപടത്തെ" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

ദുൎയ്യോ—"എടോ വാദരായണാ കേശവന്നനിഷ്ടമാകിൽ എടുത്തു കൊണ്ടുപോക ചിത്രപടത്തെ" എൻറരുളിച്ചെയ്താൻ ദുൎയ്യോധനന്തിരുവടി. "യാതൊൻറു മഹാരാജനിയോഗം" എൻറു ചൊല്ലി ചിത്രപടത്തെയുമെടുത്തുകൊണ്ടു ഭവനന്നോക്കി ചെല്ലുത്തുടങ്ങിനാൻ കാഞ്ചുകീയൻ.

ദുൎയ്യോ—കുശലരൂപമായ് ശ്രീദാമോദരന്തിരുവടിയുടെ സിദ്ധാന്തവിരുദ്ധമായ് അരുളിച്ചെയിൻേറാൻ "എടോ ദൂതാ പാണ്ഡവകൾക്കും ഭൃത്യന്മാൎക്കും എല്ലാൎക്കും സുഖമായിട്ടോ ഇരിക്കിൻറു?" എൻറു സമസ്തകുശലവിചാരഞ്ചെയ്തു പ്രത്യേകമായ് കുശലം വിചാരിക്കിൻേറാൻ "ധൎമ്മദേവന്നു പുത്രനായ് ധൎമ്മനിഷ്ഠനാകിന യുധിഷ്ഠിരൻ കുശലിയോ? വായുഭഗവാന്നു പുത്രനാകിന ഭീമസേനന്നു കുശലമോ? ദേവേന്ദ്രനന്ദനൻ അൎജ്ജുനന്നു സുഖമോ? വിനയസമ്പന്നരാകിന അശ്വനീപുത്രന്മാർ കുശലികളോ? പാണ്ഡവകളും ഭൃത്യന്മാരും കുശലികളായിട്ടോ ഇരിക്കിൻറു?" എൻറിങ്ങനെ ചോദ്യരൂപേണ പാണ്ഡവകൾ

ദേവപുത്രന്മാരാകയാൽ രാജ്യാൎഹരല്ല എൻറതിനെ സൂചിപ്പിച്ചരുളിച്ചെയ്താൻ ദുൎയ്യോധനന്തിരുവടി.

വാസു—"ഗാന്ധാരീപുത്രനായിരുന്ന നിനക്കു യോഗ്യമിക്കുശലവിചാരം. കുറവില്ല കുറവില്ല. എല്ലാരും കുശലികൾ. ഭവാൻെറ രാജ്യത്തിങ്കലും ശരീരത്തിങ്കലും കുശലവും അനാമയത്തെയും വിചാരിപ്പുതുഞ്ചെയ്തു വിജ്ഞാപിക്കിൻേറാ യുധിഷ്ഠിരൻ ആദിയായിരിക്കിൻറ പാണ്ഡവകൾ. എങ്ങനെ എങ്കിൽ അടവിയിങ്കൽ അധികമായ് ദുഃഖം അനുഭവിച്ചു; സഭാതലത്തിങ്കൽ പറഞ്ഞ സമയം സമഗ്രമാവുതുഞ്ചെയ്തു. ധൎമ്മയുക്തമായ് പൈതൃകമായിരിക്കിൻറ രാജ്യത്തെ പകുത്തു തരവും വേണ്ടും എൻറിങ്ങനെ പാണ്ഡവകളുടെ വചനം" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

ദുൎയ്യോ—"എന്തെന്നു ദായാദ്യം എൻേറാ ചൊല്ലിൻറിതു? അതിന്നു വിഷയമില്ല; എങ്ങനെ എങ്കിൽ എന്നുടെ പിതാവു ധൃതരാഷ്ട്രന്തിരുവടിക്കു അവരജന്മാകിന്ന അവനീപതി പാണ്ഡു മൃഗയയിങ്കൽ താൽപൎയ്യമുടയനായ് ഹിമവൽപ്രദേശങ്ങളിൽ പെരുമാറുൻറവൻ, ഋഷിപത്നിയെ എയ്തു നിഗ്രഹിച്ചു പ്രാപ്തശാപനായ് ശതശൃംഗത്തിന്മേൽ വസിച്ചു ദാരശുശ്രൂഷയോടും വേറുപട്ടു മരിച്ചു സ്വൎഗ്ഗതനായീ പരാത്മജന്മാർ പാണ്ഡവകൾ. പൈതൃകമായിരുന്ന രാജ്യം പാണ്ഡവകൾക്കു എങ്ങനെ ഉണ്ടാമാറു? ദേവപുത്രന്മാൎക്കു ദേവരാജ്യം; രാജപുത്രന്മാൎക്കോ ഉള്ളൊൻറിവിരാജ്യം" എൻറരുളിച്ചെയ്താൻ ദുൎയ്യോധനന്തിരുവടി.

വാസു:—"എടോ സുയോധനാ പുരാണജ്ഞനാ
കിന്ന ഭവാനോട്ട സ്വല്പഞ്ചൊല്ലിൻറിതൊണ്ടു. പാണ്ഡ
വകൾ ദേവപുത്രന്മാരാകയാൽ രാജ്യാൎഹരല്ല എൻെറല്ലോ
ചൊല്ലിൻറു. ചൊല്ലുക നിന്നുടെ പിതാവു രാജ്യം ലഭി
ച്ചവാറു. വിചിത്രവീൎയ്യൻ വിഷയസക്തനായിരുന്നവൻ
ക്ഷയരോഗംകൊണ്ടു വിപത്തിനെ പ്രാപിച്ചാൻ. ശ്രീവേ
ദവ്യാസൻ പക്കൽ നിൻറു ഇ ധൃതരാഷ്ട്രനുളനായ്. എൻ
റാൽ നിന്നുടെ പിതാവായിരുന്ന ഇവൻ പൈതൃകമായി
രുന്ന രാജ്യത്തെ സ്വീകരിച്ചവാറെങ്ങനെ" എൻറരുളി
ച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

വാസു:—"ഒല്ലാ ഒല്ലാ ഭവാൻ ഇവ്വണ്ണം പരസ്പരവി
രോധവിവൎദ്ധനംകൊണ്ടു കുരുകുലം നൃപനാമമാത്രശേ
ഷമേ പെരിക വിരെശ്ലേഷിച്ചു മുടിയും. എൻറാൽ ഭവാ
നമൎഷയെ കളഞ്ഞു യുധിഷ്ഠിരാദി പാണ്ഡവകൾ ഭ്രാതൃ
സ്നേഹം വിഷയമായ് യാതൊൻറിനെ ചൊല്ലുൻറു അതി
നെ അതന്ദ്രിതനായ് ചെയ്വാൻ യോഗ്യനേ ഭവാൻ" എൻ
റരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

ദുൎയ്യോ—"എടോ ദൂതാ രാജ്യവ്യവഹാരത്തെ അറി
യിൻെറാരുത്തനല്ല ഭവാൻ. സമാനചിത്തരാകിന്ന രാജ
പുത്രന്മാരാൽ ശത്രുക്കളെ ജയിച്ചു ഭുജിക്കപ്പെട്ടുൻെറാൻെറ
ല്ലോ രാജ്യം. അങ്ങനെ ഇരുന്ന രാജ്യം ഒരുത്തനാൽ
പ്രാൎത്ഥനീയമല്ല, പ്രാൎത്ഥിക്കപ്പെട്ടുവാൻ യോഗ്യമായൊ
ള്ളൊൻറല്ല; അത്രേയുമല്ല, പിന്നെ ദരിദ്രന്നായ്ക്കൊണ്ടു
താനേ അറിഞ്ഞു ദാനഞ്ചെയപ്പട്ടുൻെറാൻറുമല്ല, ദീനന്നു
കൊടുക്കാവൊൻറല്ല രാജ്യം. രാജാവാകിൽ ശ്രദ്ധ ഒണ്ടാ

KOTTAYAM PUBLIC LIBRARY KOTTAYAM

യിട്ടിരിക്കിൻറതാകിൽ അപ്പാണ്ഡവകൾ അതിസാഹ സത്തെ ചെയ്യ. സാഹസംകൂടാതെ കാൎയ്യത്തെ സാധി പ്പാനരുതു. 'അസാഹസൈരവ്യവസായഭീരുഭിഃ പദേ പദേ ദോഷസഹസ്രദൎശിഭിഃ അ[illegible]ഭിഃ പരിവാദശ ങ്കിഭിൎമ്മഹത്വമാപാദയിതും ന ശക്യതേ' സാഹസമി ൻറിയെ ഇരിക്കിൻറവൎക്ക മഹത്വത്തെ സമ്പാദിപ്പാന രുതു. അധ്യവസായവിമുഖൎക്കും അസാദ്ധ്യം കാൎയ്യം. പദംപ്രതി ദോഷസഹസ്രങ്ങളെ നിരൂപിച്ചു ഉദാസീനരാ യിരിക്കുമവൎക്കും സത്വഹീനൎക്കും അപവാദഭീരുക്കൾക്കും മഹത്വമാപാദിപ്പാനരുതു. എൻറാൽ സാഹസത്തെ അനുഷ്ഠിക്ക പാണ്ഡവകൾ. ചതുരുപായങ്ങളിൽവെച്ചു മുമ്പിൽ സാമം വേണ്ടും പ്രയോഗിപ്പാൻ. 'പൂൎവ്വം സാമ പ്രയോക്തവ്യം ദ്വിതീയോ ഭേദ ഏവ ച തൃതീയന്ദാനമി ത്യുക്തം ചതുൎത്ഥോ ദണ്ഡ ഉച്യതേ' ഇങ്ങനെ ചതുരുപായ ങ്ങളുടെ പ്രയോഗ കാലം. മുമ്പിൽ സാമത്തെ പ്രയോ ഗിപ്പൂ; സാമസാദ്ധ്യമല്ലാതെ കാൎയ്യത്തിന്നു ഭേദപ്രയോഗ ഞ്ചെയ്വൂ; ഭേദംകൊണ്ടുമരുതാഞ്ഞിൽ ദാനപ്രയോഗഞ്ചെ യ്വൂ; മൂൻറുകൊണ്ടു അസാദ്ധ്യമായിരിക്കിൻറ കാൎയ്യ ത്തിന്നു സാഹസഞ്ചെയ്യ; സാഹസമെൻറു ദണ്ഡം. നാലാമുപായമതു. തങ്ങളുടെ ബന്ധുവാന്ധവന്മാരോടും സൈന്യസമൂഹത്തോടും കൂട യുദ്ധഭൂമിയെ പ്രാപിച്ചു കൊടുതായ യുദ്ധത്തെച്ചെയ്യ ശക്തരാകിൽ പാണ്ഡവകൾ. അതരുതാകിൽ ശാന്തചിത്തരായ് ശമദമനിയമദക്ഷിണാ വദാക്ഷിണ്യാദികളോടുകൂടി സമൎത്ഥരായിരുന്ന തപസ്വി കളാൽ സേവിക്കപ്പെട്ടിരിക്കിൻറ ആശ്രമത്തെ പ്രാപിക്ക

നിസ്സംഗരായിട്ടു പാണ്ഡവകൾ. 'സംഗസ്സൎവ്വാത്മനാ ത്യാജ്യസ്സ ചേൽ ത്യക്തും ന ശക്യതേ സ സത്ഭിസ്സഹ കൎത്തവ്യസ്സന്തസ്സംഗസ്യ ഭേഷജം' എൻറു സംഗം സൎവ്വ പ്രകാരേണ കളവാൻ യോഗ്യം അതു കളവാൻ അരുതാതെ ഇരിക്കിൽ സത്തുക്കളോടെ വേണ്ടും സംഗമൊണ്ടാവാൻ. സത്തുക്കളെല്ലോ സംഗനാശത്തിന്നൌഷധം. എൻറാൽ ശാന്തമതികളായിരിക്കിൻറ സജ്ജനത്താൽ സേവിക്കപ്പെട്ടിരിക്കിൻറ ആശ്രമത്തെ പ്രാപിക്ക ശമത്തിന്നായ്ക്കൊണ്ടു. 'ശമശ്ചിത്തപ്രശാന്തതാ' ശമമെൻറു മനസ്സിന്നുടെ അടക്കം. എൻറാൽ സുഖിച്ചു ആശ്രമങ്ങളിൽ വസിപ്പോരാക പാണ്ഡവകൾ" എൻറരുളിച്ചെയ്താൻ ദുൎയ്യോധനന്തിരുവടി.

വാസു—"എടോ സുയോധനാ ബന്ധുജനം വിഷയമായ് പരുഷവ്യവഹാരഞ്ചെയ്യാതെ. പുണ്യസമൂഹംകൊണ്ടു അഴകുതായ് പ്രാപിക്കപ്പെട്ടിരിക്കിൻറ രാജശ്രീയെ അധിഗമിച്ചിട്ടു സുഹൃത്തുക്കളേയും ബന്ധുക്കളേയും ചതിക്കിൻേറാൻ യാവനൊരുത്തൻ അവൻ വിഫലശ്രമനായിട്ടു വരും" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

ദുൎയ്യോ—"നിന്നുടേ പിതാവാകിന വസുദേവനുടെ പത്നിക്കു സഹോദരനായ് രാജാവായ് ഇരുന്ന കംസനെ കുറിച്ചു ദയാവൊണ്ടായീതോ നിനക്കു? നിത്യമായ് ഉപദ്രവിക്കിൻറ പാണ്ഡവകൾ വിഷയമായ് ഇവ്വണ്ണം ദയാശൂന്യരായോ ഇരിക്കിൻറു ഞാങ്ങൾ?" എൻറരുളിച്ചെയ്താൻ ദുൎയ്യോധനന്തിരുവടി.

വാസു—"അതെമ്പെകൾ നിൻെറാണ്ടായൊരു ദോഷമെൻററിയെല്ലാ; എങ്ങനെ എങ്കിൽ എന്നുടെ മാതാവിനെ പലവട്ടം പുത്രവിയോഗദുഃഖിതയാക്കി വൃദ്ധനാകിയ തന്നുടെ പിതാവു ഉഗ്രസേനനെ പിടിച്ചു കെട്ടി കാരാഗൃഹത്തിലിട്ടവുതുഞ്ചെയ്തു പ്രവൃദ്ധകല്മഷനാകയാൽ താനേ ദൈവഹതനായിട്ടും വന്നുമുടിഞ്ഞു; എമ്പെക്കൽ നിൻെറാണ്ടായൊൻറല്ല ഇദ്ദോഷം" എൻറരുളിച്ചെയ്താൻ ശ്രീദാമോദരന്തിരുവടി.

ദുര്യോ—"നവ്വപ്രകാരേണ നിന്നാൽ വഞ്ചിക്കപ്പെട്ടാൻ കംസൻ. ആത്മപ്രശംസ പോരും; ശൌര്യമല്ല ഇതു എൻററിക. തന്നുടെ പുത്രിമാക്ക ഭത്താവായിരുന്ന കംസൻെറ വധം കേട്ടു കലുഷഹൃദയനായ് ജാമാതൃനാശസന്തപ്തനായ് ക്രോധപാരവശ്യം വന്നു മഗധേശ്വരൻ അപരിമേയാക്ഷൌഹിണീസമുദായസംവൃതനായ് സമരസന്നദ്ധനായ് പ്രാപിക്കിൻെറ കാലത്തു ഭയപ്പെട്ടോടിപ്പോകിൻെറ നിൻെറ ആ ശൌര്യം എവിടത്തിങ്കൽ പോയീ" എൻറരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി.

വാസു:—"എടോ സുയോധനാ നയത്തെ അനുസരിക്കിൻെറ ജനത്തിന്നു ദേശം കാലം അവസ്ഥ എൻറിവയിറെറ അപേക്ഷിച്ചിരിപ്പൂ ശൌര്യം. എന്നെ കുറിച്ചൊള്ള പരിഹാസങ്ങളിൽപുതാക. സ്വകാര്യത്തെ അനുഷ്ഠിക്ക. ഭ്രാതാക്കൾ വിഷയമായ് സ്നേഹം കത്തവ്യം. ദോഷങ്ങൾ സ്മരിപ്പാൻ യോഗ്യങ്ങളല്ല. ഇഹലോകത്തും പരലോകത്തും ബന്ധുക്കളോടൊള്ള സംബന്ധം ശ്രേഷ്ഠതര

മായൊള്ളതു" എൻറരുളിച്ചെയ്താൻ ശ്രീഗോവിന്ദന്തിരുവടി.

ദുര്യോ:—"മനുഷ്യൎക്ക ദേവപുത്രന്മാരോടു എങ്ങനെ ബന്ധുഭാവമൊണ്ടാകിൻറവാറു? പിഷ്ടപേഷണമിതു; അരച്ചതിനെ അരക്ക. പോരും ഇക്കഥ നിൽപുതാക" എൻറരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി.

വാസു:—"സാമംകൊണ്ടനുനീയമാനനായിരുന്ന ഇവൻ തൻെറ സ്വഭാവത്തെ വിടിൻറീല്ല. പരുഷാക്ഷരങ്ങളായിരിക്കിൻറ വചസ്സുകളെകൊണ്ടു അമയുമിവനെ ഞാൻ ക്ഷോഭിപ്പിപ്പൂ" എൻറാത്മഗതമായരുളിച്ചെയ്തു പ്രകാശമായ് "എടോ സുയോധനാ അൎജ്ജുനനുടെ ബലപരാക്രമങ്ങളെ അറിയിൻറീല്ലയോ നീ" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

ദുര്യോ:—"എടോ ദൂതാ ഞാനൊ അറിയിൻറീല്ല" എൻറരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി.

വാസു—"എടോ കേൾക്ക അൎജ്ജുനനുടെ പരാക്രമപ്രഭാവത്തെ. ഭഗവാൻ പശുപതി കൈരാതമായിരുന്ന വപുസ്സിനെ അവലംബിച്ചു കാഞ്ചനദ്രുമസന്നിഭനായ് വനപ്രദേശത്തിങ്കൽ നിൻറരുളുൻറവൻ അൎജ്ജുനനാൽ യുദ്ധംചെയ്തു സന്തോഷിപ്പിക്കപ്പെട്ടാൻ. ഹരനുപോലും ആശ്ചൎയ്യത്തെ വരുത്തീരുന്നു അൎജ്ജുനനുടെ ബലവീൎയ്യങ്ങൾ പിന്നെ ഖാണ്ഡവം വനത്തെ ആഖണ്ഡലവിരോധിയായ അഗ്നിദേവൻ ദഹിക്കിൻറയവസ്ഥയിൽ വൎഷിക്കിൻറ ജലധാരകളെ ശരവൎഷംകൊണ്ടു മൂടിയാൻ. ദേവേന്ദ്രനു പീഡാനിരതരായിരുന്ന നിവാതകവചന്മാർ

ലീലയോടു കൂട ക്ഷയത്തെ നയിപ്പിക്കപ്പെട്ടാർ. എന്തു താൻ? വിരാടനഗരത്തിങ്കൽ അജ്ജ്ജുനനൊരുത്തനാലെ അല്ലയോ ഭീഷ്മാദിമഹാരഥർ ജയിക്കപ്പെട്ടിതു? അത്രേയു മല്ല, മററൊൻറു നിനക്കും പ്രത്യക്ഷമായിരിപ്പൊൻറിനെ ചൊല്ലിനെൻറാണ്ടു. ഘോഷയാത്രയിങ്കൽ ചിത്രസേനനാകിൻറ ഗന്ധർവ്വൻ നിന്നെപ്പിടിച്ചു കെട്ടി അംബരമാർഗ്ഗമേ കൊണ്ടുപോകിൻറ കാലത്തു ഭയന്നിമിത്തമായ് പതറി അലറിൻറ നിന്നെ അജ്ജ്ജുനനല്ലേ അഴിച്ചുവിടീച്ചതു? എന്തിന്നു പലവും പറയിൻറു? എന്നുടെ വാക്യം ഹേതുവായ് ധൃതരാഷ്ട്രനന്ദനാ രാജ്യാദ്ധത്തെ തരിക. താരാതെ ഇരിക്കിൻറുതാകിൽ ചതുസ്സാഗരപയ്യന്തയായിരുന്ന ഭൂമിയെ പാണ്ഡവകൾ തങ്ങളേ സ്വീകരിപ്പർ" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

ദുയ്യോ:—"എന്തെന്തു സാഗരാന്തയായിരുന്ന ഭൂമിയെ പാണ്ഡവകൾ തങ്ങളേ സ്വീകരിപ്പർ എൻറോ ചൊല്ലിൻറു? സാക്ഷാൽ സമീരണൻ വായുഭഗവാൻ ഭീമരൂപിയായിട്ടു കലഹിക്കിൻറോനാകിലും ശതക്രതു ശക്രൻ വജ്രിവാസവൻ ദേവേന്ദ്രന്തിരുവടി അജ്ജ്ജുനൻെറ രൂപത്തെ സംഗ്രഹിച്ചു കലഹിക്കിൻറുതാകിലുമമയും. പരുഷം പറവാമ്പാടവമൊള്ളോയേ! നിന്നുടെ വചനങ്ങളെ കൊണ്ടു പൈതൃകമായ് വീയ്യംകൊണ്ടു രക്ഷിക്കപ്പെട്ടിരിക്കിൻറ രാജ്യത്തിങ്കൽ പുൽകൊടിയെപോലും തരിൻറീല്ല" എൻറരുളിച്ചെയ്താൻ ദുയ്യോധനന്തിരുവടി.

വാസു:—"പോയ്കെട്ടു കുരുകുലത്തിങ്കളംകഭൂതനായൊള്ളോയേ, അയശസ്സിങ്കൽ ലുബ്ധനായൊള്ളോയേ!

ഞാങ്ങറം പോലും തൃണാന്തരാഭിഭാഷ്യർ, തൃണഭേദഭാഷണീയർ" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

ദുര്യോ:—"എടോ ഗോപാലകാ ഞാങ്ങറം തൃണാന്തരാഭിഭാഷകർ. ആരുമൊരുത്തൻ സ്ത്രീകളെ നിഗ്രഹിപ്പീല്ല. സ്ത്രീവധയുഞ്ചെയ്തു. അശപ്ഹത്തിയും അയശസ്കരം. അശപത്തെയും വധിച്ചു. ഗോവൃഷത്തെയുന്നിഗ്രഹിച്ചു. അതും ലോകത്തിൽ മററൊരുത്തൻ ചെയ്തു ഇല്ല. മല്ലന്മാരെയും നിഗ്രഹിച്ചു നില്ല്ജ്ജനായ് സഭാമദ്ധ്യത്തിങ്കൽ സാധുജനത്തോടു വ്യവഹരിപ്പാൻ ശ്രദ്ധ പണ്ണിനേററാ" എൻറരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി.

വാസു:—"എടോ സുയോധനാ നീയെന്നെ ആക്ഷേപിക്കയോ ചെയിൻറതു?" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

ദുര്യോ:—"സത്യമേയെല്ലോ ഇതു; ആക്ഷേപമല്ല" എൻറരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി.

വാസു:—"അതിവാദശ്രവണംകൊണ്ടെന്തൊള്ളതു പോരും. പോവൂ ഞാൻ" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

ദുര്യോ:—"പോക പോക. പശുക്കളുടെ കുളമ്പിൽ നിൻറു പുറപ്പെടിൻറ ഭൂമിപ്പൊടിയാൽ മൂടപ്പെട്ടിരിക്കിൻറ അവയവങ്ങളെ ഉടയോയേ, ആയ്പ്പാടി നോക്കി പോക. വൃഥാവേ കഴിച്ചുപോയീ കാലം" എൻറരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി.

വാസു:—"അവ്വണ്ണമാക. ഞാങ്ങൾ പ്രാകൃതരെ പ്പോലെ പരുഷവചനപരിഭാഷണത്തിങ്കൽ പടുതരരല്ല. പ്രതിസന്ദേശമെന്തു? പാണ്ഡവസകാശം പ്രാപിച്ചാൽ ചൊല്ലുമതെന്തു?" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

ദുര്യോ:—"പോയ് കെട്ട. പ്രതിസന്ദേശത്തിന്നയോഗ്യന്നീ. എൻറാൽ ചൊല്ലിൻറീല്ല. ധരിക്കപ്പെട്ടിരിക്കിൻറ വെണ്കൊററക്കുടയോട്ടു കൂടി ദ്വിജശ്രേഷ്ഠന്മാരാൽ ജപിച്ചു സാധിക്കപ്പെട്ടിരിക്കിൻറ അഭിഷേകജലങ്ങളാൽ നനക്കപ്പെട്ടിരിക്കിൻറ ഉത്തമാംഗത്തെ ഉടയനായ് വണക്കത്തോട്ടുകൂടി അനുയാത്രാതൽപരരായ് ഇരിക്കിൻറ രാജസമൂഹത്തോട്ടു വ്യവഹരിപ്പൂ. നിമ്പോല്ലുമാരോട്ടു ചൊല്ലിൻറീല്ല" എൻറരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി.

വാസു:—"എന്നോട്ടു വ്യവഹരിക്കിൻറീല്ലപോൽ സുയോധനൻ. എടോ ശഠൻ! നീ പാണ്ഡവന്മാരിൽ സ്നേഹമൊള്ളൊരുത്തനല്ല. കാകന്മാരെ പോലെ ഇരുന്ന ഈക്ഷണവിശേഷത്തെ ഉടയൻ. പിംഗലവണ്ണൻ. ഇച്ചൊന്നവ അല്പപുരുഷലക്ഷണം. എൻറാൽ നീ നിമിത്തമായ് കുരുവംശം നാശത്തെ പ്രാപിച്ചു മുടിയും. എടോ രാജാക്കണ്മാരേ പോകിൻേറ ഞാങ്ങൾ" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

ദുര്യോ:—"എന്തു? പോവാനിരിക്കിൻറിതാ കേശവൻ? എടോ ദുശ്ശാസനാ, ദുഷ്ഷണാ, ദുർബുദ്ധേ, ദുർമ്മുഖാ, ദൂതസമുദാചാരത്തെ അതിക്രമിച്ചിട്ടിരിക്കിൻറ കേശവൻ ബന്ധിക്കപ്പെട്ടവോനാക. എന്തു നിങ്ങൾ ശക്ത

രല്ലയോ? എടോ ദുശ്ശാസനാ നീയോ സമൎത്ഥനെല്ലോ. ഉൽപലാപീഡമാകിന്റ ആനത്തലവൻ ദുഷ്ടവാജിയായിരുന്ന കേശി കംസൻ എന്റിവരെ നിഗ്രഹിച്ചിരിക്കിന്റ കൃഷ്ണൻ ആയ്പ്പാടിയിലേ വസിക്ക നിമിത്തമായ് ആചാരമറിയിന്റൊരുത്തനല്ല. ബാഹുബലംകൊണ്ടു ഹരിക്കപ്പട്ടിരിക്കിന്റ വീൎയ്യത്തോടു കൂടി ഇരുന്നവൻ തന്റെ വചനദോഷംകൊണ്ടു പെരിക വിരഞ്ഞു പിടിച്ചുകെട്ടപ്പട്ടവോനാക. എന്നേ ഇദ്ദുശ്ശാസനൻ അശക്തൻ. മാതുലൻ ശകുനി സമൎത്ഥൻ. നിന്നാലിക്കേശവൻ പിടിച്ചുകെട്ടപ്പട്ടവോനാക. എന്തുതാൻ? ശകുനിയും പരാങ്മുഖനായ് താനേ വീണ്ണുതോ? അമയും. ഞാനേ പാശങ്ങളെ കൊണ്ടു പിടിച്ചുകെട്ടൂ" എന്റു ചൊല്ലി പാശഹസ്തനായ് ശ്രീവാസുദേവന്തിരുവടിയുടെ സമീപത്തെ പ്രാപിച്ചരുളിനാൻ ദുൎയ്യോധനന്തിരുവടി.

വാസു:—"എന്തു? എന്നെ കുറിച്ചു വികൎത്തുകാമനായിട്ടോ ഇറിക്കിന്റൂ സുയോധനൻ? അമയും. സുയോധനനുടെ സാമൎത്ഥ്യത്തെ കാൺമൂ" എന്റരുളിച്ചെയ്തു വിശ്വരൂപത്തെ അവലംബിച്ചു നിന്റരുളിനാൻ ശ്രീവാസുദേവന്തിരുവടി.

ദുൎയ്യോ:—"എടോ ദൂതാ ദേവമായയായിരുന്ന ഭവദീയമായെ ചുഴന്റും ശ്രീക്കിററായാകിലും അനൎഗ്ഗങ്ങളാകിന അനിമിഷാസ്ത്രങ്ങളെ അവഹിതനായ് പ്രയോഗിക്കിന്റുതാകിലും അശ്വത്തെയുമാനേയും വൃഷഭത്തെയും അവദ്ധ്യതാങ്ങളായിരിക്കിന്റവിറ്റെ വധിക്ക ഹേതുവായി പെരുകി ഇരിക്കിന്റ തിമിപ്പിനോടുകൂടി ഇരുന്ന നീ

രാജമദ്ധ്യത്തിങ്കൽ എന്നാൽ ഇപ്പൊഴ് പിടിച്ചുകെട്ടപ്പടിന്റോ" എന്റരുളിച്ചെയ്താൻ ദുര്യോധനന്തിരുവടി.

ദുര്യോ:—"പോയ്കെട്ടു. നില്ല നി"ല്ലെന്റരുളിച്ചെയ്തു പാശഹസ്തനായ് ശ്രീവാസുദേവസമീപസ്ഥനായ് എഴുന്നരുളിയാൻ ദുര്യോധനന്തിരുവടി.

വാസു:—അമയും. ഇതിനെയും കാണിന്റോം" എന്റരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

ദുര്യോ:—വിശ്വരൂപിയാകിന വിഷ്ണുഭഗവാനെ പിടിച്ചുകെട്ടാമെന്റു നിനച്ചു ചെന്റണയിന്റവൻ കാണാതൊഴിഞ്ഞു "ഏന്നെ, പേടിച്ചു നഷ്ടനായാൻ; തിരോഭവിച്ചാൻ" എന്റു ചൊല്ലററുളിച്ചെയ്തു നില്ക്കിന്റവന്നു അരികെ കാണായീ അംബുജേക്ഷണന്തിരുവടിയെ. "ഏന്നേ, ഇവനെല്ലോ കേശവൻ" എന്റു ചൊല്ലി ചെന്റണിയിന്റവൻ "ഏന്നേ ആശ്ചര്യമേ കേശവനുടെ പ്രസാദം. അണുരൂപനാകിലും അണഞ്ഞു വധിപ്പൂ" എന്റു കല്പിച്ചു് ആന്ധ്യനിമിത്തമായ് അണയിന്റ കാലത്തു് ഉടനെ കാണായീല്ല. ഏന്നേ കഷ്ടമേ നഷ്ടനായാൻ കേശവൻ" എന്റരുളിച്ചെയ്തു നിശ്ചേഷ്ടനായ് നില്ക്കിന്റവന്നു അരികെ കാണായീ അഖിലജനവന്ദ്യന്തിരുവടിയെ. "ഏന്നേ ഇവനെല്ലോ കേശവൻ" എന്റരുളിച്ചെയ്തു ബന്ധിപ്പാന്തുടങ്ങിന്റ കാലത്തു ഭൂമിയോടാകാശത്തോടു ഒക്കെ ഉയന്നു കാണാകിന്റ വിഷയേന്ദ്രിയഗോചരമന്റിയെ മൂൎത്തിമിന്നരുളുന്റ മധുസൂദനന്തിരുവടിയുടെ തിരുവുടമ്പിനെ കണ്ടു കുതൂഹലചിത്തനായ് "ഏന്നേ ആശ്ചര്യമേ! കേശിനിസൂദനനാകിന കേ

ശവനുടെ ദീൎഘത്വം നെടുപ്പമിരിക്കിൻറവാറു” ഉടനെ തിരോഭവിച്ചരുളുൻറ ത്രിഭുവനേശ്വരന്തിരുവടിയെ കാണാതൊഴിഞ്ഞു “ഏതേ മറഞ്ഞുതോ കേശവൻ” എൻറു ചൊല്ലി മറുപാടു നോക്കിൻറവൻ ആവിൎഭവിക്കിൻറ അനന്തനുടെ ആകാരത്തെ കണ്ടു “ഇവനോ കേശവൻ” എൻറരുളിച്ചെയ്തു അന്യരൂപനാകിന അച്യുതന്തിരുവടിയെ കണ്ടു “കേശവനല്ല ഇവൻ” എൻറു ചൊല്ലിച്ചുഴൻറു നോക്കിൻറവൻ വിശ്വരൂപനാകിന വിഷ്ണുമൂൎത്തിയെ കണ്ടു വിഷാദചിത്തനായ് “മന്ത്രശാലയിങ്കൽ ഒരിടമൊഴിയാതെ കേശവന്മാരാകിൻറു. ഇവിടെ എന്തു ഞാൻ ചെയ്യുമതു? കണ്ടേനുപായം. എടോ രാജാക്കണ്മാരേ ഒരൊത്തൻ ഒരോ കേശവന്മാരെ പിടിച്ചുകെട്ടുക. എന്തു രാജാക്കന്മാർ എല്ലാരും തങ്ങൾ തങ്ങളുടെ പാശംകൊണ്ടു തങ്ങളെ തങ്ങളേ പിടിച്ചുകെട്ടി അവരവരേ അവനീതലത്തിങ്കൽ വീഴിൻറുതോ? അഴകുതു. എടോ മഹാമായാപ്രഭാവമുടയോയേ, അഴകുതു. ആൎക്കുമൊരുത്തൎക്കു പിടിച്ചുകെട്ടുവാൻ അസാദ്ധ്യമായിരിക്കിൻറു മായാവൈഭവം കൊണ്ടു എൻറാൽ മദീയകോദണ്ഡോദരവിനിസ്സൃതങ്ങളാകിന വാണഗണങ്ങളാൽ പിളക്കപ്പെട്ട പുണ്വായിൽ നിൻറു സാന്ദ്രതരമായ് ചുവക്കപ്പെട്ടിരിക്കിൻറ രുധിരവെള്ളത്താൽ ഊട്ടപ്പെട്ടിരിക്കിൻറ സൎവ്വ അവയവങ്ങളെ ഉടയനായ് തങ്ങളുടെ ഭവനത്തെ പ്രാപിച്ചിരിക്കിൻറ നിന്നെ അപ്പാണ്ഡുപുത്രന്മാർ ദുഃഖാഭിസന്തപ്തരായ് ദീൎഘശ്വാസം പണ്ണി ഇടതറാതെ ഒഴുകിൻറ കണ്ണുനീരാൽ മറക്കപ്പെട്ടിരിക്കിൻറ നയനങ്ങളെ ഉടയരായ് കണ്ടുമുടിക” എൻറരുളിച്ചെയ്തു ധനുവ്വരത്തെ എടുത്തുകൊണ്ടു പോരു

വാൻ ധനുശ്ശാല നോക്കി ചെല്ലത്തുടങ്ങിനാൻ കൌരവേ ന്ദ്രൻ ദുര്യോധനന്തിരുവടി.

വാസു:—അരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവ ടി "എന്തു? യുദ്ധകാമനായോ ഇരിക്കിൻറു സുയോധനൻ? അമയ്യം. എങ്കിൽ ഞാനേ പാണ്ഡവന്മാരെ അസപത്ന രാക്കു; ശത്രുനാശംകൊണ്ടു പാണ്ഡവകളുടെ അഭ്യുദയ ത്തെ വരുത്തു" എൻറരുളിച്ചെയ്തു "എടോ സുദശ്നമേ ഇവിടത്തിങ്കൽ വരുവോയാക" എൻറരുളിച്ചെയ്താൻ ശ്രീ വാസുദേവന്തിരുവടി.

അരുളിച്ചെയ്തു അഗ്നിമാലി ശ്രീസുദശ്നം "ഇവൻ ഞാനിപ്പൊഴുതു ഭഗവാൻ ഭക്തജനപ്രിയൻ ശ്രീനാരായ ണസ്വാമിയുടെ പെരുകി ഇരുന്ന പ്രസാദത്തോടുകൂടി പീ യൂഷസദൃശമാകിന അരുളിച്ചെയ്ത കേട്ടു വേഗാതിശയന്നി മിത്തമായ് ചുഴൻറു വൻറ മേഘനിവഹങ്ങളെ ഉടയ നായ് ഉഴറി ഇവിടത്തെ പ്രാപിക്കിൻേറാൻ. കമലവി ലോചനൻ കംസഹന്താവു എവനാപിഷയ്മായ് പരികു പിതനായി? എവനുടെ മൂദ്ധാവിങ്കൽ എന്നാൽ മൂരിന്നി മിരപ്പടുവേണിൻറിതു? എവനുടെ ശിരശ്ഛേദം എ ന്നാൽ കത്തവ്യം?" എൻറരുളിച്ചെയ്തു "എവിടത്തിങ്കലെ ഴുന്നരുളുകിലോ ഭഗവാൻ ശ്രീനാരായണസ്വാമി, ആദ്യ ന്തരഹിതൻ, അചിന്തനീയാത്മാവു, സവ്വലോകസംരക്ഷ ണതൽപരൻ, ഏകനായിട്ടേ ഇരിക്കിലും നാനാവിധവി ഗ്രഹൻ, ശത്രുക്ഷയകരൻ ഇങ്ങനെയിരുന്ന ഭഗവാനെവി ടത്തിങ്കലു" എൻറരുളിച്ചെയ്തു മുമ്പിൽ നോക്കി "ഏനേ ഇവനെല്ലോ ഭഗവാൻ നാഗപുരദ്വാരത്തിങ്കൽ ദൂതവേഷ

മവലംബിച്ചു നിൻറരുളുന്നേറാൻ എവിടത്തിങ്കലൂകിലോ ജലങ്ങൾ ഭഗവതി! ആകാശഗംഗേ! ജലങ്ങളെ കൊണ്ടുവരുക എന്നേ ഇവല്ലോ നിമ്മലങ്ങളാകിന ജലങ്ങൾ" എൻറരുളിച്ചെയ്തു ആകാശഗംഗാജലങ്ങൾകൊണ്ടാചമിച്ചു അവഹിതഹൃദയനായ് അജിതസകാശത്തെ പ്രാപിച്ചു ജയിക്ക ഭഗവാൻ ശ്രീനാരായണസ്വാമി" എൻറരുളിച്ചെയ്തു ശ്രീനാരായണസ്വാമിയുടെ ശ്രീപാദകമലങ്ങളിൽ നമസ്കരിച്ചു ഹതരിപുചക്രമാകിന ശ്രീചക്രം.

വാസു:—എടോ സുദശ്നമേ അപ്രതിഹതപരാക്രമനാക നീ; അനിവാരിതപരാക്രമപ്രഭാവനായ് ഭവിക്ക" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

സുദ:—"അനുഗ്രഹം ലഭിച്ചേ"നെൻറരുളിച്ചെയ്തു ശ്രീസുദശ്നം.

വാസു:—"എന്നേ സുഖമേ കമ്മകാലത്തിങ്കൽഭവാൻ പ്രാപിച്ചു" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

സുദ:—"എന്തെന്തു കമ്മകാലമെന്നേറാ അരുളിച്ചെയ്തു? ആജ്ഞാപിച്ചരുളുക ഭഗവാൻ; ഏകിയരുളുക. മേരുമന്ദരകുചയാകിന ധരണി, ധാത്രി, വസുന്ധര, ഭൂമിദേവിയെ പരിവത്തനഞ്ചെയിന്നൊണ്ടു; സപ്തസമുദ്രങ്ങളെ ഒക്ക ക്ഷോഭിപ്പിക്കിന്നൊണ്ടു; നക്ഷത്രസമൂഹങ്ങളെ ഭൂമിയിൽ പതിപ്പിക്കിന്നൊണ്ടു; നിന്തിരുവടിയുടെ പ്രസാദനിമിത്തമായ് എന്നാൽ അസാദ്ധ്യമായിരിപ്പൊൻറില്ല" എൻറുണത്തി ശ്രീസുദശ്നം.

വാസു:—"എടോ സുദശ്നമേ ഇങ്ങു പോരിക" എൻറരുളിച്ചെയ്തു ദുൎയ്യോധനനെ നോക്കി "എടോ സുയോധനാ നില്ല നില്ല. ലവണസമുദ്രത്തിൽ ചെൻറിറങ്ങി മുഴുകി മറഞ്ഞു കൊള്ളിൻറതാകിലും പൎവ്വതങ്ങളുടെ ഗുഹകളിൽ പോയൊളിക്കിലും, ഗ്രഹഗണങ്ങളാൽ സഞ്ചരിക്കപ്പെട്ടിരിക്കിൻറ വായുമാൎഗ്ഗത്തെ പ്രാപിക്കിൻറതാകിലും എന്നുടെ വാഹുബലംകൊണ്ടു സമുദ്ധവേഗമായ് ചഞ്ചലമായിരുന്ന ചക്രം നിനക്ക കാലചക്രമായ് വരിക; നിന്നുടെ പ്രാണനെ ഹരിച്ചുമുടിക" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

സുദ:—"എടോ ദുരാത്മാവേ ദുൎയ്യോധനാ നില്ല നില്ല. എവിടത്തിന്നു പോവാനിരിക്കിൻറു" എൻറരുളിച്ചെയ്തു ആദിത്യസഹസ്രപ്രഭാഭാസുരവിഗ്രഹനായ് അണയിൻറ അഗ്നിമാലി ശ്രീസുദശ്നം "നിഗ്രഹത്തിന്നു കാലമല്ല" എൻെറ നിരൂപിച്ചു ശ്രീപുരുഷോത്തമന്തിരുവടിയുടെ പാദങ്ങളിൽ വീണ്ണു നമസ്കരിച്ചു "പ്രസാദിച്ചരുളുക ഭഗവാൻ ശ്രീനാരായണസ്വാമി. ഭൂഭാരം കെടുപ്പാൻ ഭൂതലസഞ്ജാതനാകിന നിന്തിരുവടിക്ക ഇദ്ദുൎയ്യോധനൻ ഇവണ്ണം നിഹതനാംപൊഴു ദേവാ നിന്തിരുവടിയുടെ അവതാരകാൎയ്യം നിഷ്ഫലമായിട്ടു മുടിയും" എൻറുണൎത്തി ശ്രീസുദശ്നം.

വാസു:—"എടോ സുദശ്നമേ ക്രോധകലുഷിതനാകയാൽ സമുദാചാരത്തെ മറന്നേൻ. എൻറാൽ സ്വാവാസനോക്കിയേ പോക നീ" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

സൂദ:—"യാതൊൻറു സ്വാമി നാരായണനുടെ ആ ജ്ഞ. എന്തു ഗോപാലകനെന്നേറാ? മൂവടികൊണ്ടേ മൂൻറു ലോകവുമളന്നു കൊണ്ട ഭഗവാൻ ശ്രീനാരായണസ്വാമിയെല്ലോ അത്രഭവാൻ. എൻറാൽ ഭവാന്മാർ ശരണത്തെ പ്രാപിക്ക. എൻറാൽ ഞാൻ പോവൂ. എന്നേ ഇതെല്ലോ ഭഗവാനുടെ ആയുധവരം ശ്രീശാർങ്ഗം പ്രാപിച്ചൂ. തനുതരമായ് മൃദുവാകയാൽ അതിലളിതമായിരിക്കിൻറ അംഗത്തോടുകൂടി സ്ത്രീസ്വഭാവസംയുക്തമായ് ശ്രീനാരായണസ്വാമിയുടെ ശ്രീഹസ്തത്താൽ ധരിക്കപ്പെട്ടിരിക്കിൻറ മദ്ധ്യഭാഗത്തോടും കൂടി ശത്രുസംഘത്തിന്നു പ്രധാനകാലൻ സ്വർണ്ണമയമാകിന്ന പൃഷ്ഠത്തെയുമുടച്ചായ് ശ്രീകൃഷ്ണന്തിരുവടിയുടെ പാർശ്വഭാഗത്തിങ്കൽ നീർകൊണ്ടെഴിൻറ നീലമേഘസമീപത്തിങ്കൽ വിളങ്ങിൻറ പിന്നപ്പിണർപോലെ ശോഭിക്കിൻറു. എടോ ശാർങ്ഗമേ ശമിതരോഷനായിരിക്കിൻറു ശ്രീനാരായണസ്വാമി. എൻറാൽ സ്വനിലയന്നോക്കിയേ ഗമിക്ക. എന്നേ മീണ്ടുപോയീ ശ്രീശാർങ്ഗം. എൻറാൽ ഞാനും ഗമിപ്പൂ. എന്നേ ഇതേല്ലോ വിഷ്ണുഭഗവാനുടെ കൌമോദകി ഗദ പ്രാപിച്ചൂ. മണിഗണങ്ങളാലും സ്വർണ്ണവിശേഷത്താലും വിചിത്രിതയായ് ചിത്രങ്ങളാകിന്ന മാല്യങ്ങൾ ഉത്തരീയം എൻറിവയിറേറാടുകൂടി അമരശത്രുസമൂഹങ്ങളുടെ അവയവധ്വംസനത്തിങ്കൽ സഞ്ജാതതൃഷ്ണയായ് ഗിരിവരതടരൂപിയായ് ദുരാസദയായ് വീര്യാതിശയത്തോടു കൂടി വേഗത്താലിഴിക്കപ്പെട്ടിരുന്ന മേഘപരമ്പരയോടുകൂടി അത്യുത്ഥമുഴറി നഭോമണ്ഡലത്തിങ്കൽ പ്രാപിക്കിൻറു.

എടോ കൌമോദകീ! പ്രശമിതരോഷനായീ ഭഗവാന്നാരായണൻ. എൻറാൽ സ്വാവാസത്തെ പ്രാപിക്ക. ഞാനും ഗമിപ്പൂ. ഏന്നേ, ഇതെല്ലോ ശ്രീപാഞ്ചജന്യം പ്രാപിച്ചു. സമ്പൂൎണ്ണചന്ദ്രനെകണക്കെയും കുരുന്നിൻപൂകണക്കെയും കുമുദോദരം പോലെയും മുത്തുപടം കണക്കെയും അതിസിതമാകിന വിഗ്രഹത്തോടുകൂടി ശ്രീനാരായണസ്വാമിയുടെ ശ്രീമുഖാരവിന്ദത്താൽ ചെയ്യപ്പെട്ടിരിക്കിൻറ പ്രസാദത്തോടുംകൂടി ഇരുന്നു പ്രളയകാലത്തെ സമുദ്രധ്വനിയോടു തുല്യഘോഷമായിരിക്കിൻറ യാതൊൻറിൻെറ ശബ്ദത്തെ കേട്ടിട്ടു അസുരാംഗനമാരുടെ ഗൎഭങ്ങൾ സ്രവിക്കിൻറൂ അങ്ങനെ ഇരുന്ന ശ്രീപാഞ്ചജന്യം പ്രാപിച്ചതു. എടോ പാഞ്ചജന്യമേ! സ്വാവാസത്തെ പ്രാപിക്ക. ഞാനും ഗമിപ്പൂ. ഏന്നേ ഇതെല്ലോ ഭഗവാൻ ശ്രീനാരായണസ്വാമിയുടെ പള്ളിവാൾ ശ്രീനന്ദകം സംപ്രാപ്തമായീ. യുദ്ധത്തിങ്കൽ സ്ത്രീരൂപത്തെ ധരിച്ചു അസുരവൎഗ്ഗത്തിന്നതിഭയങ്കരമാവുതുഞ്ചെയ്തു വേഗത്തോടുകൂട അംബരമാൎഗ്ഗത്തിങ്കൽ മഹത്തമയാകിന ഉൽകപോലെ ശോഭിക്കിൻറൂ ഇതു. എടോ നന്ദകമേ! നിലയനന്നോക്കിയേ നിൎഗ്ഗമിക്ക. ഏന്നേ നിൎഗ്ഗതമായീ നന്ദകം. ഒരൊരൊ ആയുധവരങ്ങളെ പ്രത്യേകമായ് അനുനയിച്ചു പ്രതിനിവൃത്തങ്ങളായിരിക്കിൻറവ തങ്ങളിലേ പറഞ്ഞു നിശ്ചയിച്ച കണക്കെ ഒക്കത്തിരിഞ്ഞു. ഏന്നേ ഇവയെല്ലോ ഭഗവാൻ പത്മനാഭന്തിരുവടിയുടെ ആയുധങ്ങൾ പ്രാപിച്ചോ. തന്നുടെ രശ്മിനികരങ്ങളെകൊണ്ടു അഹിമകരന്നാദിത്യനുടെ മയൂഖജാലങ്ങളെ യാതൊൻറപഹസിക്കിൻറതു അങ്ങനെ ഇരുന്ന ശ്രീനന്ദകം പ

ള്ളിവാളിതു. അതിബലവീൎയ്യപ്രഭാവാതിശയങ്ങളോടു കൂടി ഇരിക്കിൻറ അമരവൈരികളുടെ പ്രകൃത്യാ കഠിനതരമായിരിക്കിൻറ മഹോരസ്ഥലത്തിങ്കൽ ചെൻറു പതിച്ചു സംക്ഷോഭത്തെ വരുത്തുവാൻ വൈശാരദ്യത്തോടുകൂടി ഇരുന്നതു യാതൊൻറു അങ്ങനെ ഇരുന്ന കൌമോദകി ഗദ ഇതു. പ്രളയകാലത്തിങ്കൽ ഭുവനവിക്ഷോഭാൎത്ഥം അലറിൻറ ഇരുൾമേഘങ്ങളുടെ വാദംകണക്കെ ഇരുന്ന ചെറുഞാണൊലി കച്ചയോടുകൂടിയിരുന്ന കാൎമ്മുകയഷ്ടി യാതൊൻറു അങ്ങനെ ഇരുന്ന ശാർങ്ങ്ഗമെൻറു പേരുടയ പള്ളിവില്ലിതു. ചന്ദ്രരശ്മികണക്കെ അതിധവളയായ് ഗംഭീരഘോഷയായിരുന്നതു യാതൊൻറു അങ്ങനെ ഇരുന്ന കംബുരാജൻ ശ്രീപാഞ്ചജന്യമിതു. എടോ ശാർങ്ങ്ഗമേ, കൌമോദകീ, പാഞ്ചജന്യമേ, ദൈത്യന്മാൎക്കന്തകനായൊള്ളോയേ! ശത്രുവൎഗ്ഗത്തിന്നു അഗ്നിരൂപനായൊള്ളോയേ! നന്ദകമേ! മുരമഥനൻ ശമിതമാകിന കോപത്തോടുകൂടീട്ടിരിക്കിൻറു. സ്വാവാസന്നോക്കിപ്പോക നിങ്ങൾ. ഏന്നേ നിവൃത്തങ്ങളായിതോ നിഖിലായുധവരങ്ങളും? അമയും. ഞാനും പോവൂ” എൻറരുളിച്ചെയ്തു എഴുന്നരുളുവാനദ്ധ്യവസിക്കിൻെറടത്തു “ഏന്നേ നിശ്ചലങ്ങളാകിന അചലവരങ്ങൾ വിറെക്കിൻറോ കുലപൎവ്വതങ്ങൾ കുലുങ്ങിൻറ കാലത്തു സപ്തസമുദ്രങ്ങളും സംക്ഷുഭിതങ്ങളായിന സമുദ്രക്ഷോഭം വന്ന കാലത്തു വാസുകി തുടങ്ങി പ്രഭുക്കളായിരുന്ന ഭുജംഗേശ്വരന്മാർ ഒളിച്ചുന”. കല്പാന്തകാലം കണക്കെ കലങ്ങിൻറ സമുദ്രങ്ങളെയും കുലുങ്ങിൻറ കുലഗിരികളെയുമലങ്ങിൻറ മഹാനാഗങ്ങളെയും കണ്ടു “ഏന്നേ എന്തുകിലൊ ഇതു” എൻറരുളിച്ചെയ്തു നിരൂപിച്ചരു

ളുൻറവൻ അഗ്രഭാഗത്തിങ്കൽ നോക്ക........ന്നു കാരണം ഭഗവാൻ ഭക്തവത്സലൻ ഭാസുരവിഗ്രഹൻ ശ്രീവാസുദേവന്തിരുവടിയുടെ വാഹനപ്രധാനഭൂതൻ വിനതാനന്ദനൻ സുപൎണ്ണൻ ശ്രീഗരുഡൻ ഇപ്രാപിച്ചതു. ദേവകളും അസുരകളും കൂടി ക്ഷീരാൎണ്ണവത്തിങ്കൽ മന്ദരപൎവ്വതത്തെ മന്ഥാനമാക്കി ഭുജംഗനാഥൻ വാസുകിയെ നേത്രമാക്കിക്കൊണ്ടു അമൃതമഥനഞ്ചെയ്തിൻെറടത്തു വിഷ്ണുമൂൎത്തി വിഘ്നനാശഞ്ചെയ്തിൻറതു. ഇങ്ങനെ സുരാസുരന്മാരുടെ പരിഖേദത്തെ വരുത്തി ഒരുവണ്ണമായ് ലഭിക്കപ്പെട്ടിരുന്ന പീയൂഷമമൃതു യാവനൊരുത്തനാലേ മാതാവിൻെറ ദാസ്യഭാവത്തെ വേറുപെടുപ്പാൻ മുരഹന്താവു നോക്കീരിക്കച്ചെയ്തേ ബലാൽകരിച്ചു അപഹരിക്കപ്പെട്ടു. നിന്തിരുവടിക്കു വാഹനഭൂതനായ് വഹിക്കിനൊണ്ടെൻെറാള്ള വരവും യാവനൊരുത്തനാൽ കൊടുക്കപ്പെട്ടു; ഏവംഭൂതബലപരാക്രമപ്രഭാവനാകിന അഗ്ഗരുഡമൂൎത്തി ഇപ്രാപിച്ചതു "ഏടോ കാശ്യപപ്രിയസുതാ ഭഗവാൻ ദേവദേവേശൻ പ്രശാന്തരോഷൻ. സ്വാവാസന്നോക്കിഗ്ഗമിക്ക. എന്നേ ഗതനോയിതോ ഗരുഡൻ? ഞാനും പോവൂ" എൻറരുളിച്ചെയ്തു അംബരമാൎഗ്ഗത്തിങ്കൽ നോക്കിൻറവൻ, ദിവ്യജനത്തെ കണ്ടു "ഇവരെല്ലോ സിദ്ധന്മാർ, ചാരണ്ഗണം, മുനിസമൂഹം, യക്ഷന്മാർ, ദേവകൾ, സംഭ്രമംകൊണ്ടു ചഞ്ചലങ്ങളാകിന കിരീടങ്ങളോടുകൂടി ഇരിക്കിൻറ ഉത്തമാംഗങ്ങളെ ഉടയരായ് അഖിലജഗന്മയൻ അച്യുതൻ അപ്രമേയൻ അരവിന്ദലോചനൻ ആൎത്തിനാശനൻ ആനന്ദവിഗ്രഹൻ ശ്രീവാസുദേവന്തിരുവടി ദുൎമ്മതിയാകിന ദുൎയ്യോധനനൃപിഷ്ഠയം പരിക്രുദ്ധനാക നിമിത്തമായ് ശാന്തിഗ്ഗുണത്തൊടു

വേറുപട്ട വിഷ്ണുപദത്തിങ്കൽ വിഷ്ണുവൃത്താന്തലാലസരായ് തിറംക്കിന്നിറഞ്ഞു നിൽക്കിൻറവർ പ്രശാന്തരോഷനായി പ്രീണിതജഗത്രയൻ നാരായണസ്വാമി എൻറു കേട്ട തങ്ങളും തങ്ങളുടെ സദനങ്ങളെ സന്താപത്തോടു വേറുപട്ടു സന്തുഷ്ടചിത്തരായ് പ്രാപിക്കിൻറൂ. എൻറാലിപ്പൊഴു ഞാനും കമനീയഗുണാകരയാകിയ സുമേരുഗുഹ നോക്കിയേ പോവൂ" എൻറരുളിച്ചെയ്തു മഹാമേരുവിനുടെ മഹാഗുഹനോക്കി എഴുന്നരുളീ അഗ്നിമാലി ശ്രീസുദർശനം ശ്രീചക്രം.

വാസു:—അരുളിച്ചെയ്താൻ ശ്രീവാസുദേവന്നിന്തിരുവടി "ഞാനുമിപ്പൊഴു പാണ്ഡവകളുടെ ശിബിരന്നോക്കിയേ പോവൂ" എൻറരുളിച്ചെയ്തു എഴുന്നരുളുവാനദ്ധ്യവസിക്കിൻറ കാലത്തു നൈപത്ഥ്യത്തിങ്കൽ ശബ്ദമൊണ്ടായിതു "പോകാതേ പോകാതേ" എൻറിങ്ങനെ നൈപത്ഥ്യത്തിങ്കലൊണ്ടാകിൻറ ശബ്ദത്തെ കേട്ട "ഏന്നേ വൃദ്ധരാജൻ ധൃതരാഷ്ട്രനുടെ സ്വരംകണക്കെ കേഠംക്കാകിൻറു. എടോ രാജേന്ദ്രാ ഇവൻ ഞാൻ നിൻേറൻ" എന്നരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

ധൃത:—അരുളിച്ചെയ്താനാംബികേയൻ ധൃതരാഷ്ട്രന്തിരുവടി ദുര്യോധനനുടെ ദൌരാത്മ്യം ഹേതുവായ് പരിക്രുദ്ധനായ് പാണ്ഡവശിബിരന്നോക്കി എഴുന്നരുളുൻറ ശ്രീവാസുദേവന്തിരുവടിയെ അനുവത്തിപ്പൂ എൻറു കല്പിച്ചു അനുസരണഞ്ചെയ്തരുളിൻറവൻ സംഭ്രമാവിഷ്ടചിത്തനായ് "എവിടത്തിങ്കലൂകിലോ ഭഗവാൻ ശ്രീനാരായണസ്വാമി, എവിടത്തിങ്കലൂകിലോ ഭഗവാൻ പാണ്ഡവാ

ഭൃദയകരൻ, എവിടത്തിങ്കലൂകില്ലോ വിപ്രപ്രിയൻ എവിടത്തിങ്കലെഴുന്നരുളികീലോ ഭഗവാൻ ശ്രീദേവകീനന്ദനൻ? ഭഗവാനേ ശാർങ്ഗായുധാ! എന്നുടെ പുത്രനുടെ അപരാധം ഹേതുവായ് നിന്തിരുവടിയുടെ ശ്രീപാദകമലങ്ങളിൽ എന്നുടെ ശിരസ്സ്" എൻറരുളിച്ചെയ്തു ശ്രീവാസുദേവന്തിരുവടിയുടെ ശ്രീപാദകമലങ്ങളിൽ ദണ്ഡവൽ വീണു നമസ്കരിച്ചരുളിനാൻ സമുദ്ധൃതരാഷ്ട്രൻ ധൃതരാഷ്ട്രന്തിരുവടി.

വാസു:—അരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി തന്തിരുവടിയുടെ ശ്രീപാദങ്ങളിൽ പരിഭ്രാന്തചിത്തനായ് പതിക്കിൻറ പൌരവശ്രേഷ്ഠനാകിയ വൈചിത്രവീര്യൻ ധൃതരാഷ്ട്രന്തിരുവടിയെ കണ്ടു ദയാപരനാകിന ദേവദേവേശൻ "ഏന്നേ കഷ്ടമേ! പാദങ്ങളിൽ പതിതനായിതോ അത്രഭവാൻ? എഴുനില്ക്കെഴുനില്ക്ക" എൻറരുളിച്ചെയ്താൻ ശ്രീവാസുദേവന്തിരുവടി.

ധൃത:—"അനുഗ്രഹം ലാഭിച്ചേൻ ഞാൻ ഭഗവാനേ! ഇതെല്ലാം അർഘ്യപാദ്യങ്ങൾ. സ്വീകരിച്ചരുളുക നിന്തിരുവടി" എൻറരുളിച്ചെയ്താൻ ധൃതരാഷ്ട്രന്തിരുവടി.

ശ്രീവാസു:—"സന്തുഷ്ടമനസ്കനായ് സമസ്തത്തിനെയും സംഗ്രഹിക്കിൻറേൻ. ഇനി എന്തു നിനക്കൊരു പ്രിയം വേണ്ടിതു" എൻറരുളിച്ചെയ്താൻ ശ്രീനന്ദകായുധൻ ശ്രീവാസുദേവന്തിരുവടി.

ധൃത: — "ഭക്തജനഭവഭംഗതൽപരനാകിന ഭഗവാൻ പ്രസന്നനായിട്ടിരിക്കിൽ ഇതിന്നുമേൽ എന്തിനെ ഞാനിച്ഛിപ്പൂ" എൻറരുളിച്ചെയ്താൻ ധൃതരാഷ്ട്രന്തിരുവടി.

വാസു:—"പുനർദ്ദർശനത്തിന്നായ്കൊണ്ടു ഹസ്തിന പുരത്തിലകത്തു പൂക ഭവാൻ" എൻറരുളിച്ചെയ്താൻ ശ്രീ വാസുദേവന്തിരുവടി.

ധൃത:—"യാതൊൻറു ഭഗവാൻ ശ്രീനാരായണ സ്വാമി അനുശാസിക്കിൻറതു അതവ്വണ്ണമാക"എൻററു ളിച്ചെയ്തു അഭ്യന്തരന്നോക്കി എഴുന്നരുളിനാൻ ആംബി കേയൻ ധൃതരാഷ്ട്രന്തിരുവടി.

അനന്തരം ലോകസമുദ്ധ്യത്ഥം ഭരതവാക്യം പ്രവൃ ത്തമായിതു. എങ്ങനെ എങ്കിൽ ചതുസ്സാഗരപര്യന്തയാ യ് ഹിമവദ്വിന്ധ്യകുണ്ഡലയായ് മേരുമന്ദരകുചയായ് ഇരുന്ന ഭഗവതി വസുന്ധര ഭൂമിയെ ഒരു വെണ്കൊററകു ടകീഴ അടങ്ങിയ ശാസനത്തെയുടച്ചായ് ദുഷ്ടനിഗ്രഹം പണ്ണി ശിഷ്ടപരിപാലനഞ്ചെയ്തു ചാതുർവ്വണ്ണികന്മാരെ സ്വസ്വസ്ഥാനത്തിങ്കൽ നിറുത്തി ദുർഭിക്ഷോപദ്രവം ത സ്കരം ഭയം എൻറവമാദികളോടു വേറുപെടുത്തു നിമ്മല ചിത്തനാകിന രാജശ്രേഷ്ഠൻ അഴകുതായ് രക്ഷിച്ചരുളു വോനാക. പശുക്കൾക്കും ബ്രാഹ്മണക്കും നന്മ വരുവി താക. എൻറിങ്ങനെ നാടകാവസാനത്തിങ്കൽ ജഗത്തി നുടെ സമ്പത്തു നിമിത്തമായ് ഭരതവാക്യമൊണ്ടായിതു.

ഹരിഃ ശ്രീ ആദിത്യവമ്മായ നമഃ. അഞ്ഞൂററു അ റുപത്തു 4-ാമാണ്ടു മിഥുന ഞായിറു പോകിൻറനാൾ പരുവക്കൽ ഗ്രഹത്തിൽ ഇരുന്ന ചെറിയനാട്ടു ഉണ്ണിരാമ ഹസ്തലിഖിതം. നാരായണായ നമഃ

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. MA2. Acc. No. 33492

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MA2

KER·D

33492

കേരളസാഹിത്യ അക്കാദമി

ദൂതവാക്യം.